ഇ.എം.എസ്. അനുസ്മരണ സെമിനാർ

പെരുന്തൽമണ്ണ

ജൂൺ 12–13

# വികേന്ദ്രീകൃത ആസൂത്രണവും സ്ത്രീകളും – ജനകീയാസൂത്രണത്തെ മുൻനിർത്തി ഒരു പഠനം

Library & Research Center

305.40954
83

ടി.എം. തോമസ് ഐസക്

ടി.എൻ. സീമ

സി.എസ്. സുജാത

ഭാഗം 1

# സ്ത്രീകളും കേരളത്തിൻെറ വികസനാനുഭവവും

15725

വിദ്യാഭ്യാസപുരോഗതി, മെച്ചപ്പെട്ട ആരോഗ്യനില, ഉയർന്ന [redacted] തൊഴിൽപങ്കാളിത്തം, മെച്ചപ്പെട്ട കൂലി, എല്ലാ രംഗത്തും അവസരതുല്യത, ഇതിൻെറയൊക്കെ ഭാഗമായുണ്ടാകുന്ന ഉയർന്ന സാമൂഹിക പദവി എന്നിങ്ങനെ സ്ത്രീവികസനമെന്നതിന് വിവിധ തലങ്ങളുണ്ട്. കേരളത്തിലെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് രണ്ട് കാര്യങ്ങളിൽ വലിയ പുരോഗതി നേടിക്കഴിഞ്ഞു: വിദ്യാഭ്യാസ പുരോഗതിയും മെച്ചപ്പെട്ട ആരോഗ്യനിലവാരവും. എന്നാൽ ഈ അനുകൂല ഘടകങ്ങളൊക്കെയുള്ളപ്പോൾ തന്നെ കേരളത്തിലെ സ്ത്രീകൾ അവികസനത്തിൻെറ രൂക്ഷമായ പ്രതിസന്ധി അഭിമുഖീകരിക്കുന്നുണ്ടെന്നതാണ് വസ്തുത. ഇത്രനാൾ തുടർന്നുവന്ന കേരളവികസന പ്രക്രിയയിലെ ഒരു വൈരുധ്യമായി വിശേഷിപ്പിക്കപ്പെടാറുള്ള കേരളത്തിലെ സ്ത്രീകളുടെ പിന്നോക്കാവസ്ഥയുടെ ഘടകങ്ങൾ താഴെ പറയും വിധം ക്രോഡീകരിക്കാം.

1. കേരളത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസം പുരുഷന്മാരെപ്പോലെ തന്നെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ ഉയർന്നതാണ് (സ്ത്രീ സാക്ഷരത - ഇന്ത്യ 39.29%. കേരളം - 86.17%). എന്നാൽ ഈ ഉയർന്ന സ്ത്രീ സാക്ഷരത സാമൂഹിക പദവി ഉറപ്പാക്കുന്നതിനുള്ള അനുകൂല ഘടകമായി മാറ്റാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അഭ്യസ്തവിദ്യരായ സ്ത്രീകളിൽ വലിയൊരുവിഭാഗം തൊഴിലില്ലാത്തവരായി വീടുകളിൽത്തന്നെ കഴിയുന്നു. രാഷ്ട്രീയ-സാംസ്കാരിക-സാമൂഹിക തലങ്ങളിൽ തുല്യപദവി ഉറപ്പാക്കാൻ ഉയർന്ന സ്ത്രീ വിദ്യാഭ്യാസം കൊണ്ടും കഴിഞ്ഞിട്ടില്ല. പാഠപുസ്തകങ്ങളിലെ ഉള്ളടക്കത്തിലേക്കു കടന്നാൽ പരമ്പരാഗതമായ പുരുഷമേധാവിത്വ ആശയങ്ങൾ പ്രകടമാണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കിടയിൽ, വിശേഷിച്ച് പട്ടികവർഗ, മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്കിടയിൽ സ്കൂളിൽ നിന്നുള്ള പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് താരതമ്യേന കൂടുതലാണ്.

305.4095483

2. കുറഞ്ഞ മാതൃമരണനിരക്കും ശിശുമരണനിരക്കും കുറഞ്ഞ ജനനനിരക്കും കൂടിയ ആയുർദൈർഘ്യവും കേരളത്തിലെ സ്ത്രീകളുടെ മെച്ചപ്പെട്ട ആരോഗ്യനിലയുടെ തെളിവുകളാണ്. ഇക്കാര്യത്തിൽ വികസിതരാജ്യങ്ങൾക്കൊപ്പമാണ് കേരളത്തിൻെറ സ്ഥിതി. എന്നാൽ ഇന്ന് കേരളത്തിലെ സ്ത്രീകൾക്കിടയിൽ രോഗാതുരത വർധിക്കുന്നു എന്നാണ് സൂചന. 30% ഗർഭിണികളും വിളർച്ചരോഗത്തിനടിമകളാണ്. പിറന്നുവീഴുന്ന കുട്ടികളിൽ 21% ത്തോളം 2.5 കി.ഗ്രാമിന് താഴെമാത്രം ഭാരമുള്ളവരാണ്. 5 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളിൽ പോഷണക്കുറവുള്ളവരുടെ എണ്ണം വർധിച്ചു കൊണ്ടിരിക്കുന്നു. വർധിച്ച ചികിത്സാച്ചെലവും ചുരുങ്ങിയ കുടുംബവരുമാനവും പല സ്ത്രീകളെയും യഥാസമയം ചികിത്സ നേടുന്നതിൽ നിന്ന് പിന്തിരിപ്പിക്കുന്നു. തൊഴിലുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങൾ അവഗണിക്കപ്പെടുകയാണ്.

305.4095483

3. സാമ്പത്തികഘടനയിൽ ഏറ്റവും ദുർബലമായ സ്ഥാനമേ സ്ത്രീകൾക്കുള്ളു. വികസനത്തിൻെറ മുഖ്യധാരയിൽ നിന്ന് കേരളത്തിലെ സ്ത്രീകൾ പിന്തള്ളപ്പെട്ടിരിക്കുന്നു എന്നുള്ളതിൻെറ പ്രധാന തെളിവ് തൊഴിൽ പങ്കാളിത്തത്തിൻെറ കണക്ക് തന്നെയാണ്. 1991-ലെ കണക്കുപ്രകാരം ഇന്ത്യയിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 22.73% ആയിരിക്കുമ്പോൾ കേരളത്തിലേത് 15.85% മാത്രമാണ്. കേരളത്തിലെ പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്തം 47.58% ആണ്. ഇതിനർഥം ഇത്ര കുറവ് സ്ത്രീകൾ മാത്രമേ തൊഴിൽ ചെയ്യുന്നുള്ളു എന്നതല്ല. മറിച്ച് സ്ത്രീകൾ ചെയ്യുന്ന തൊഴിലുകളിൽ ചെറിയൊരു ശതമാനം മാത്രമേ നേരിട്ടു വരുമാനം ഉള്ള തൊഴിലുകളെന്ന നിലയിൽ സെൻസസ് കണക്കുകളിൽ ഉൾപ്പെടുന്നുള്ളു എന്നതാണ്. ഏതാണ്ടെല്ലാ സ്ത്രീകളും ഏർപ്പെടുന്ന വീട്ടുജോലികളും കുടുംബജോലികളുമായി ബന്ധപ്പെട്ടുള്ള കോഴിവളർത്തൽ, കന്നുകാലിവളർത്തൽ, അടുക്കള പച്ചക്കറികൃഷി, വിറകുശേഖരണം തുടങ്ങിയ ഉപജീവനപ്പണികളൊന്നും തൊഴിലായി കണക്കാക്കാറില്ല. ചുരുക്കിപ്പറഞ്ഞാൽ കേരളത്തിലെ മഹാഭൂരിപക്ഷം സ്ത്രീകളും സെൻസസ് കണക്കെടുപ്പിലും മറ്റും വിട്ടുകളയുന്ന നാനാവിധകാണാപ്പണികളിൽ മാത്രമാണ് ഏർപ്പെട്ടിരിക്കുന്നത്. സ്ത്രീയുടെ പണിയോ സ്ത്രീ ചെയ്യുന്ന അധ്വാനമോ സാമൂഹികമായി വിലമതിക്കപ്പെടുന്നില്ല.

രൂക്ഷമായ തൊഴിലില്ലായ്മയാണ് ഇത്തരം കാണാപ്പണികളിൽ

സ്ത്രീകളൊതുങ്ങിപ്പോകുന്നതിന് പ്രധാനകാരണമെന്നത് വ്യക്തമാണ്. ഇതുമാത്രമല്ല, കുടിൽ വ്യവസായങ്ങളുടെ തകർച്ച, നെൽകൃഷിയുടെ മാന്ദ്യം, യന്ത്രവത്കരണം തുടങ്ങിയവയും സ്ത്രീകളുടെ തൊഴിലിനെ ബാധിച്ചിട്ടുണ്ട്. ഏതാണ്ട് സ്ത്രീകൾ മാത്രം പണിയെടുത്തിരുന്ന നെല്ലു കുത്ത്, ഓലമടയൽ, തഴപ്പായ്നെയ്ത്ത് തുടങ്ങിയ ഗ്രാമീണ തൊഴിലുകളൊക്കെ നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. കയർ മേഖലകളിലും മറ്റും യന്ത്രവത്കരണം ഒട്ടേറെ സ്ത്രീകളെ തൊഴിൽ രഹിതരാക്കിയിട്ടുണ്ട്. ഇതുമൂലം വ്യവസായമേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീത്തൊഴിലാളികൾ 1981-ൽ 7.7 ശതമാനമായിരുന്നത് 1991-ൽ 5.9 ശതമാനമായി താഴ്ന്നിരിക്കുന്നു. 1981-ൽ പ്രാഥമികമേഖലയിൽ 55 ശതമാനം സ്ത്രീകൾ പണിയെടുത്തിരുന്നെങ്കിൽ നെൽകൃഷിയുടെ മുരടിപ്പുകാരണം 1991-ൽ 49 ശതമാനമായി കുറഞ്ഞിരിക്കുന്നു. എങ്കിലും തൊഴിലെടുക്കുന്ന സ്ത്രീകളിൽ 36 ശതമാനം പേരും ഇന്നും കർഷകത്തൊഴിലാളികളാണ്.

നാനാവിധ വിവേചനങ്ങളും ചൂഷണങ്ങളും തൊഴിൽ രംഗത്ത് സ്ത്രീകൾ ഇന്ന് നേരിടുന്നുണ്ട്. മൂല്യം കുറഞ്ഞതും എളുപ്പം ചൂഷണം ചെയ്യാവുന്നതുമായ അധ്വാനം എന്ന നിലയിൽ താരതമ്യേന വരുമാനം കുറഞ്ഞതും തൊഴിൽ സുരക്ഷിതത്വം ഇല്ലാത്തതുമായ മേഖലകളിലാണ് സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ ഇന്ന് കൂടുതൽ കിട്ടുന്നത്. ഉദാ: ഭക്ഷ്യസംസ്കരണശാലകൾ, വില്പനശാലകൾ, കയറ്റുമതി കേന്ദ്രങ്ങൾ തുടങ്ങിയവ. മിനിമം കൂലിയോ തൊഴിലവകാശങ്ങളോ ഇവിടെ പലപ്പോഴും പാലിക്കപ്പെടുന്നില്ല. യന്ത്രവത്കരണവും ആധുനീകരണവും നടന്ന മേഖലകളിൽ വൈദഗ്ധ്യക്കുറവിന്റെ പേരിൽ വരുമാനം കുറഞ്ഞ തൊഴിലുകളിലേക്ക് സ്ത്രീകൾ പിന്തള്ളപ്പെട്ടിരിക്കുന്നു. തുല്യജോലിക്കു തുല്യവേതനം ഉറപ്പാക്കുന്ന തൊഴിൽ നിയമം നിലവിലുണ്ടെങ്കിലും (തുല്യവേതന നിയമം 1976) ഇന്ത്യയിൽ ഒരു തൊഴിലിലും തുല്യ ജോലിക്ക് പുരുഷനോടൊപ്പം കൂലി സ്ത്രീക്കു കിട്ടുന്നില്ല എന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. സ്ത്രീ ചെയ്യുന്ന അധ്വാനത്തിന്റെ മൂല്യം കുറച്ചു കണക്കാക്കുന്ന പരമ്പരാഗത രീതി സംഘടിത പ്രസ്ഥാനങ്ങളുള്ള കാർഷിക മേഖലയിൽപോലും നിലവിലുണ്ട്. സ്ത്രീകൾ ഏറെ ജോലി ചെയ്യുന്ന തൊഴിൽശാലകളിൽ പോലും ക്രഷോ എന്തിന് പ്രാഥമിക സൗകര്യങ്ങൾ പോലുമോ ഭൂരിപക്ഷം തൊഴിലുടമകളും ഉറപ്പു വരുത്താറില്ല. തൊഴിൽ

സുരക്ഷിതത്വത്തിൻെറ പേരിൽ ലൈംഗികമായ അടിച്ചമർത്തൽ വരെ ചിലപ്പോൾ സ്ത്രീത്തൊഴിലാളികൾക്ക് നേരിടേണ്ടി വരുന്നു.

4. സാമൂഹിക പരിഷ്കരണങ്ങളുടെ ഈറ്റില്ലമായ കേരളത്തിൽ സ്ത്രീധനത്തിൻെറയും ലൈംഗികയുടേയും പേരിൽ സ്ത്രീകൾക്കെതിരായ ആക്രമണങ്ങൾ വർധിച്ചു വരുന്നതായാണ് സൂചന. ബലാത്സംഗവും സ്ത്രീധനമരണവും സ്ത്രീധന പീഡനവുമടക്കം സ്ത്രീകൾക്കെതിരായ ആക്രമണങ്ങളുടെ (രേഖപ്പെടുത്തിയിട്ടുള്ളവ) എണ്ണം 1991-ൽ 1862 ആയിരുന്നെങ്കിൽ 1996-ൽ അത് 4937 ആയി വർധിച്ചു. ഇന്ന് ഇരുപതിനായിരത്തിലേറെ കേസുകൾ വനിതാകമ്മീഷൻെറ മാത്രം പരിഗണനയിലുണ്ട് എന്നത് സ്ത്രീകളുടെ സാമൂഹിക സുരക്ഷിതത്വം സംബന്ധിച്ച് നിലവിലുള്ള ഗുരുതരമായ ഭീഷണിയുടെ സൂചനയാണ്.

തൊഴിലില്ലായ്മയും വർധിച്ചുവരുന്ന ജീവിതച്ചെലവുകളും മോശപ്പെട്ട തൊഴിൽ സാഹചര്യങ്ങളും എല്ലാം ചേർന്ന് കേരളത്തിലെ ദരിദ്രരുടെ അവസ്ഥ കൂടുതൽ രൂക്ഷമാക്കിയിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ ശതമാനം കേരളത്തിൽ കുറഞ്ഞു വരുന്നുണ്ടെങ്കിലും ഇവരിൽ സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള കുടുംബങ്ങളുടെ എണ്ണം കൂടി വരുന്നുവെന്നാണ് സൂചന. ഗ്രാമീണമേഖലയിലെ ദരിദ്രകുടുംബങ്ങളിൽ 35% സ്ത്രീകുടുംബനാഥകളായിട്ടുള്ളവയാണ്.

ഉയർന്ന സ്ത്രീ സാക്ഷരതയുടേയും സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളിലെയും പുരോഗമന പ്രസ്ഥാനങ്ങളിലെയും മെച്ചപ്പെട്ട സ്ത്രീ പങ്കാളിത്തത്തിൻെറയും പിന്തുണയുണ്ടായിട്ടും കേരളത്തിലെ സാമൂഹിക - രാഷ്ട്രീയ - സാംസ്കാരിക സംഘടനകളിലെ നിർണായകസ്ഥാനങ്ങളിൽ സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. ഭരണ പങ്കാളിത്തം സംബന്ധിച്ചാണെങ്കിൽ 1956 മുതലുള്ള (തിരുവിതാംകൂർ - കൊച്ചി ലജിസ്ലേറ്റീവ് അസംബ്ലി) കണക്കെടുത്താൽ 1996-ൽ ഒഴികെ (12 വനിതാ എം.എൽ.എ.മാർ) മറ്റൊരു അസംബ്ലിയിലും 6 ശതമാനത്തിൽ കൂടുതൽ സ്ത്രീ പങ്കാളിത്തം ഉണ്ടായിട്ടില്ല. ഇതിനൊരു മാറ്റം വന്നത് 1991-ലെ ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പോടെയാണ്. ജില്ലാ കൗൺസിലിൽ സീറ്റ് സംവരണത്തിൻെറ പിന്തുണയോടെ 30.39% സ്ത്രീകൾ അധികാര സ്ഥാനത്തേക്കു കടന്നുവന്നു. സംവരണമില്ലാത്ത സീറ്റുകളിൽ നിന്നുൾപ്പടെ സ്ത്രീകൾ ജയിച്ചു വന്നു.

കേരളത്തിലെ സ്ത്രീകളുടെ പിന്നോക്കാവസ്ഥയെക്കുറിച്ച് പറഞ്ഞ പൊതു സ്ഥിതിവിശേഷം ഏറിയും കുറഞ്ഞും ഇന്ത്യയ്ക്കൊട്ടാകെ ബാധകമാണ്. എന്നാൽ ഈ പിന്നോക്കാവസ്ഥ പരിഹരിക്കാനുള്ള മാർഗങ്ങൾ സംബന്ധിച്ച് കേരളത്തിൻെറ സാഹചര്യത്തിൽ ചർച്ച ചെയ്യുന്നതിന് ഇന്നേറെ പ്രസക്തിയുണ്ട്. കാരണം, കേരളത്തിൻെറ വികസന പ്രക്രിയയിൽ തന്നെ അടിസ്ഥാനപരമായ മാറ്റം വരുത്താൻ പര്യാപ്തമായ അധികാരവികേന്ദ്രീകരണം പ്രവൃത്തി പഥത്തിലെത്തിക്കഴിഞ്ഞു. 73, 74 ഭരണഘടനാഭേദഗതിയുടെ ആനുകൂല്യത്താൽ ത്രിതലപഞ്ചായത്തുകളുടെ നേതൃത്വസ്ഥാനങ്ങളുൾപ്പടെ മൂന്നിലൊന്ന് സീറ്റുകളിൽ ഇന്ന് സ്ത്രീകൾ ഭരണ നേതൃത്വം നൽകുന്നു. ഈ പുതിയ സാമൂഹിക രാഷ്ട്രീയ പശ്ചാത്തലത്തിലാണ് കേരളത്തിലെ സ്ത്രീ വികസനത്തിൻെറ സാധ്യതകൾ ഇവിടെ ചർച്ച ചെയ്യുന്നത്.

## ജനകീയാസൂത്രണത്തിലെ സ്ത്രീവികസന സമീപനം

സംസ്ഥാനത്തിൻെറ ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ 35-40% തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയുള്ള പദ്ധതിയ്ക്കായി വകയിരുത്താനുള്ള കേരള സർക്കാരിൻെറ തീരുമാനത്തെത്തുടർന്നാണ് ജനകീയാസൂത്രണ പ്രസ്ഥാനം രൂപം കൊണ്ടത്. ജനപങ്കാളിത്തത്തോടെ താഴെത്തട്ടിൽ നിന്ന് സമയബന്ധിതമായി ഒരു വികസന പദ്ധതിയ്ക്ക് രൂപം നൽകാനും അത് കാര്യക്ഷമമായി നടപ്പിലാക്കാനും തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യമാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിനുള്ളത്.

വികേന്ദ്രീകൃത ആസൂത്രണപ്രക്രിയയിലൂടെ രൂപം കൊള്ളുന്ന ഒൻപതാം പദ്ധതിയുടെ മുഖ്യ ലക്ഷ്യമായി പ്രഖ്യാപിക്കപ്പെട്ടത് കേരളം ഇന്ന് നേരിടുന്ന രൂക്ഷമായ വികസന പ്രതിസന്ധി അടിയന്തിരമായി പരിഹരിക്കുക എന്നതാണ്. ഉത്പാദനരംഗത്തെ മുരടിപ്പും സേവന മേഖലയിലെ ഗുണനിലവാരത്തകർച്ചയും അടിസ്ഥാനഭൗതിക സൗകര്യങ്ങളുടെ അഭാവവും പോലെ വികസന പ്രക്രിയയിലെ സ്ത്രീയുടെ അദൃശ്യതയും കേരളം ഇന്നു നേരിടുന്ന പ്രധാന വികസന വെല്ലുവിളികളിലൊന്നായി ജനകീയാസൂത്രണത്തിൻെറ തുടക്കം മുതൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. (ജനകീയാസൂത്രണ പ്രസ്ഥാനം - ഒന്നാം കൈപ്പുസ്തകം പേജ്-7-1996) പ്രാദേശിക പ്രശ്നങ്ങളും സാധ്യതകളും കണക്കിലെടുത്തു കൊണ്ടുള്ള

വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ സ്ത്രീകളുടെ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും പരിഹരിക്കുന്നതിനുമുള്ള ഒട്ടേറെ അവസരങ്ങൾ തുറക്കുന്നുണ്ട്. ഈ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് എങ്ങനെ വികസനപ്രിക്രിയയുടെ മുഖ്യധാരയിലേക്ക് സ്ത്രീകളെ കൊണ്ടു വരാമെന്ന പ്രശ്നത്തിൽ നിന്നാണ് ജനകീയാസൂത്രണത്തിലെ സ്ത്രീവികസന സമീപനം രൂപം കൊണ്ടത്.

വിവിധ വികസന വേദികളിലും വിവിധഘട്ടങ്ങളിലുമായി നടക്കുന്ന ചർച്ചകളിലൂടെയും പ്രായോഗികപ്രവർത്തനങ്ങളിലൂടെയുമാണ് ജനകീയാസൂത്രണത്തിൽ ഒരു പ്രാദേശിക വികസന പദ്ധതി രൂപം കൊള്ളുന്നത്. ഈ പദ്ധതിയിൽ സ്ത്രീ പങ്കാളിത്തവും സ്ത്രീപരിഗണനയും ഉറപ്പാക്കണമെങ്കിൽ ആസൂത്രണപ്രക്രിയ മുതൽ നിർവഹണം വരെയുള്ള വിവിധഘട്ട പ്രവർത്തനങ്ങളിൽ ബോധപൂർവം സ്ത്രീകളെ അണിനിരത്തേണ്ടതുണ്ട് എന്ന കാഴ്ചപ്പാടിൻെറ അടിസ്ഥാനത്തിൽ ഇതിനു പ്രേരകമായ നിർദ്ദേശങ്ങളും നടപടികളും ജനകീയാസൂത്രണപ്രസ്ഥാനം മുന്നോട്ടു വയ്ക്കുകയുണ്ടായി. ഇവ പ്രധാനമായും രണ്ടു തരത്തിലുള്ളവയായിരുന്നു. ഒന്ന്: ആസൂത്രണ ചർച്ച മുതൽ നിർവഹണം വരെയുള്ള ഓരോ ഘട്ട പ്രവർത്തനത്തിലും പരമാവധി സ്ത്രീ പങ്കാളിത്തം ഉറപ്പാക്കുക. രണ്ട്: പദ്ധതിയുടെ ഉള്ളടക്കത്തിൽ സ്ത്രീപരിഗണന ഉറപ്പു വരുത്തുക. ഇവ സംബന്ധിച്ച് വിവിധ ഘട്ടങ്ങളിലായി നൽകിയ നിർദ്ദേശങ്ങൾ ഇങ്ങനെ ക്രോഡീകരിക്കാം.

1. ജനകീയാസൂത്രണത്തിൻെറ വിവിധ ഘട്ട പരിശീലനങ്ങളിൽ സ്ത്രീ വികസനം ഒരു മുഖ്യ ചർച്ചാ വിഷയമായി ഉൾപ്പെടുത്തിയിരുന്നു. കൈപ്പുസ്തകങ്ങളിൽ സ്ത്രീവികസനം ഒരു പ്രത്യേക അധ്യായമായി ചർച്ച ചെയ്യപ്പെട്ടു. പരിശീലകരിൽ മൂന്നിലൊന്നുപേരെങ്കിലും സ്ത്രീകളായിരിക്കണമെന്നും നിഷ്കർഷയുണ്ടായി.

2. ഗ്രാമസഭകളിലും വികസന സെമിനാറുകളിലും വനിതാ വികസനം ചർച്ച ചെയ്യുന്നതിനായി പ്രത്യേക വിഷയഗ്രൂപ്പ് നിഷ്കർഷിച്ചു. വികസന റിപ്പോർട്ടിൽ സ്ത്രീകളുടെ പ്രശ്നങ്ങളും വികസന സാധ്യതകളും പ്രാദേശികമായ കണക്കുകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്ന ഒരധ്യായം ഉണ്ടായിരുന്നു. സ്ത്രീവികസനത്തിനായി ഭൂരിപക്ഷം സ്ത്രീകളുള്ള പ്രത്യേക കർമ്മ സമിതി വേണമെന്നും നിർദ്ദേശിക്കപ്പെട്ടിരുന്നു.

3. ഏതൊരു പ്രോജക്ടിൻെറയും നേട്ടകോട്ട വിശകലനത്തിൽ ആ പ്രോജക്ട് എപ്രകാരം പ്രാദേശികമായി സ്ത്രീകളുടെ പദവിയെ ബാധിക്കുമെന്ന പ്രസ്താവന ഉൾപ്പെടുത്തണം. പൊതു പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന സ്ത്രീകൾ, വിധവകൾ, സ്ത്രീ നേതൃത്വം കൊടുക്കുന്ന ദരിദ്ര കുടുംബങ്ങൾ എന്നിങ്ങനെയുള്ള മാനദണ്ഡങ്ങൾക്ക് മുൻഗണനന നൽകണമെന്നും വീട്, ഭൂമി തുടങ്ങിയ ആസ്തികൾ കഴിയുന്നതും സ്ത്രീയുടെ ഉടമസ്ഥതയിൽ നൽകണമെന്നുമായിരുന്നു കാഴ്ചപ്പാട്.

4. തദ്ദേശഭരണ സ്ഥാപനത്തിന് ലഭിക്കുന്ന പദ്ധതി ധനസഹായത്തിൻെറ കുറഞ്ഞത് 10% സ്ത്രീകളുടെ വികസനത്തിനായുള്ള പ്രത്യേക പ്രോജക്ടുകൾക്കായി വകയിരുത്തണമെന്ന് നിർദ്ദേശിക്കപ്പെട്ടു. സ്ത്രീകൾക്കു മാത്രമായി പ്രത്യക്ഷ നേട്ടം ഉണ്ടാക്കുന്നതോ സംഘാടനത്തിലോ പ്രോജക്ടിൽ നിന്നുള്ള വരുമാനത്തിലോ സ്ത്രീകൾക്കു നേരിട്ടു നിയന്ത്രണമുള്ളതോ ആയ പ്രോജക്ടുകളെയാണ് വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

5. തദ്ദേശഭരണ സ്ഥാപനത്തിൻെറ പദ്ധതിരേഖയിൽ ഒരധ്യായമായ സ്ത്രീവികസനത്തിൽ വാർഷിക പദ്ധതിയിൽ സ്വീകരിക്കുന്ന സ്ത്രീ വികസന സമീപനവും നടപ്പാക്കാൻ പോകുന്ന വനിതാ പ്രോജക്ടുകൾ സംബന്ധിച്ച വിവരവും ഉൾപ്പെടുത്തണമെന്നും പദ്ധതിയുടെ കണക്കുകൾ രേഖപ്പെടുത്തുന്ന അനുബന്ധഫോറത്തിൽ വനിതാ വികസന പ്രോജക്ടുകളുടെ വിവരം പ്രത്യേകമായിത്തന്നെ രേഖപ്പെടുത്തണമെന്നും നിർദ്ദേശിക്കപ്പെട്ടിരുന്നു.

### വനിതാ ഘടക പദ്ധതി

പൊതു പ്രോജക്ടുകളിൽ സ്ത്രീകൾക്ക് പ്രത്യേക പരിഗണന ഉറപ്പു വരുത്തുന്നതോടൊപ്പം സംസ്ഥാന പദ്ധതി വിഹിതത്തിൻെറ 10 ശതമാനമെങ്കിലും സ്ത്രീകൾക്കായുള്ള പ്രത്യേക പ്രോജക്ടുകൾക്ക് നീക്കി വയ്ക്കുന്ന വനിതാഘടകപദ്ധതി ഇന്ത്യയുടെ ആസൂത്രണ ചരിത്രത്തിൽ തന്നെ ആദ്യത്തെ അനുഭവമാണ്. സ്ത്രീകളെ 10%ത്തിൽ ഒതുക്കി നിർത്തുകയല്ല, മറിച്ച് പൊതു വികസന പ്രോജക്ടുകളിൽ നിന്നുള്ള നേട്ടങ്ങൾക്കു പുറമേ സ്ത്രീകൾക്ക് അധിക പ്രയോജനം ലഭ്യമാക്കുകയാണ് വനിതാഘടകപദ്ധതിയിലൂടെ ലക്ഷ്യം.

സ്ത്രീകളുടെ സാമ്പത്തിക-സാമൂഹിക-സാംസ്കാരിക പദവി മെച്ചപ്പെടുത്തുക എന്നതാണ് വനിതകൾക്കായുള്ള പ്രത്യേക പ്രോജക്ടുകൾ കൊണ്ട് ലക്ഷ്യമാക്കുന്നത്. സ്ത്രീകൾക്ക് നേരിട്ട് വരുമാനവും ആസ്തിയിൽ ഉടമസ്ഥാവകാശവും ലഭിക്കുന്ന ഉല്പാദന പ്രോജക്ടുകൾ, വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ സേവനഗുണനിലവാരം സ്ത്രീകൾക്കനുകൂലമായ രീതിയിൽ മെച്ചപ്പെടുത്താനും സ്ത്രീകൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കാനുമുള്ള പ്രോജക്ടുകൾ, സ്ത്രീകളുടെ വൈദഗ്ധ്യവും അവബോധവും വർധിപ്പിക്കാനുതകുന്ന പരിശീലന പ്രോജക്ടുകൾ, വായനശാലകൾ, അയൽകൂട്ടങ്ങൾ, അങ്കണവാടികൾ എന്നിവ കേന്ദ്രീകരിച്ച് സ്ത്രീകളുടെ കലാകായിക വാസനകൾ പരിപോഷിപ്പിക്കാനും പുതിയ കൂട്ടായ്മാബോധം ഉണർത്താനുമുള്ള പ്രോജക്ടുകൾ, സ്ത്രീപീഡനത്തിനും ആക്രമണങ്ങൾക്കുമെതിരെ പ്രാദേശികമായി പ്രതിരോധബോധം ഉണർത്താനും നിയമ സഹായം ലഭ്യമാക്കാനുമുള്ള പ്രോജക്ടുകൾ എന്നിങ്ങനെ നാനാവിധ മേഖലകളിലെ സ്ത്രീ മുന്നേറ്റം ഉറപ്പാക്കുന്ന പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താനാകും. എന്നാൽ കുടിവെള്ളം, റോഡ്, വൈദ്യുതീകരണം തുടങ്ങിയ പൊതു പശ്ചാത്തലപ്രോജക്ടുകൾ സ്ത്രീകൾ ഗുണഭോക്താക്കളായതുകൊണ്ട് മാത്രം വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തുന്നത് ശരിയല്ലെന്നും അവയെ പൊതുപ്രോജക്ടുകളായി പരിഗണിച്ച് ഗുണഭോക്താക്കളെന്ന നിലയിൽ സ്ത്രീകൾക്കു മുൻഗണന നൽകുകയാണ് വേണ്ടതെന്നുമായിരുന്നു സമീപനം

കേരള വികസനത്തോടൊപ്പം സ്ത്രീ വികസനവുമെന്ന ജനകീയാസൂത്രണത്തിൻെറ പ്രഖ്യാപിത ലക്ഷ്യം നേടുന്നതിനായി മുന്നോട്ടുവെച്ച സമീപനവും തുടക്കം മുതൽ ബോധപൂർവ്വം സ്വീകരിച്ച നടപടികളും നിർദ്ദേശങ്ങളുമാണ് മുകളിൽ സൂചിപ്പിച്ചത്. എന്നാൽ ആസൂത്രണത്തിൻെറ വേദികളിലും പദ്ധതിയുടെ ഉള്ളടക്കത്തിലും സ്ത്രീ പങ്കാളിത്തവും പരിഗണനയും ഉറപ്പാക്കാനായി സൃഷ്ടിക്കപ്പെട്ട ഈ സാധ്യതകൾ എത്രത്തോളം ഫലപ്രദമായി ? സ്ത്രീപക്ഷപാതത്തോടെയുള്ള വികസനമെന്ന ആശയം ഉൾക്കൊള്ളാൻ എത്രമാത്രം കേരളത്തിലെ പ്രാദേശിക ഭരണകൂടങ്ങൾക്കായിട്ടുണ്ട്? കഴിഞ്ഞ മൂന്നു വർഷത്തെ ജനകീയാസൂത്രണ പ്രവർത്തനം ഇതിനു നേതൃത്വം കൊടുക്കുന്ന വനിതാ ജനപ്രതിനിധികളിൽ, സ്ത്രീകളുടെ അവകാശങ്ങൾക്കും തുല്യതയ്ക്കുമാ

യി പ്രവർത്തിക്കുന്ന വനിതാ പ്രസ്ഥാനങ്ങളിൽ, കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരായ സ്ത്രീകളിൽ എന്തു ചലനമാണ് സൃഷ്ടിച്ചിട്ടുള്ളത?ഈ ചോദ്യങ്ങൾക്ക് വസ്തു നിഷ്ഠവും സ്വയംവിമർശനപരവുമായ മറുപടി കണ്ടെത്താനാണ് അടുത്ത ഭാഗങ്ങളിൽ ശ്രമിക്കുന്നത്.

ഭാഗം 2

# ഒന്നാംവാർഷികപദ്ധതി - ദൗർബല്യങ്ങൾ

ഇന്ത്യയിൽ തന്നെ ആദ്യമായിട്ടാണ് ഒരു പ്രത്യേക വനിതാഘടകപദ്ധതി പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി നടപ്പാക്കാൻ ശ്രമിച്ചത്. 10 ശതമാനം പദ്ധതിവിഹിതമെങ്കിലും വനിതാഘടകപദ്ധതിയ്ക്കായി മാറ്റിവയ്ക്കണമെന്ന് ആസൂത്രണബോർഡ് നിർദ്ദേശിച്ചിരുന്നെങ്കിലും ഇതിന് നിയമപരമായ ബാധ്യത ഉണ്ടായിരുന്നില്ല. പ്രചാരണപ്രവർത്തനങ്ങളിലൂടെ ഇത്തരമൊരു സമീപനത്തിന് രൂപം നൽകാനാണ് ശ്രമിച്ചത്. എന്നാൽ ഒരു ജില്ലയിൽപോലും 10% തുക വനിതാഘടകപദ്ധതിയ്ക്കായി നീക്കിവെച്ചില്ല. ഗ്രാമപഞ്ചായത്തുകളെടുത്താൽ 9.6% ഫണ്ട് വനിതാഘടകപദ്ധതിയ്ക്കായി വകയിരുത്തിയ തിരുവനന്തപുരം ജില്ലയായിരുന്നു ഏറ്റവും മുന്നിൽ. 1.2% നീക്കിവെച്ച കാസർഗോഡ് ജില്ലയായിരുന്നു ഏറ്റവും പുറകിൽ. സംസ്ഥാനം മൊത്തത്തിലെടുത്താൽ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും കൂടി 32.21 കോടി രൂപയാണ് ഗ്രാൻറ്-ഇൻ-എയ്ഡിൽ നിന്ന് വനിതാഘടകപദ്ധതിയ്ക്കായി നീക്കിവെച്ചത്. ഇത് മൊത്തം ഗ്രാൻറ്-ഇൻ-എയ്ഡിൻെറ 4.3ശതമാനമേ വരികയുള്ളൂ. ലക്ഷ്യത്തിൻെറ പകുതിയിൽ താഴെ മാത്രമേ വനിതാഘടകപദ്ധതിയ്ക്കായി നീക്കിവെച്ചുള്ളൂ എന്നു ചുരുക്കം.

ജനകീയാസൂത്രണത്തിൻെറ ഭാഗമായി രൂപംകൊള്ളുന്ന പ്രോജക്ടുകളിൽ സംസ്ഥാനപദ്ധതിവിഹിതത്തിനു പുറമേ വിവിധ സ്രോതസ്സുകളിൽ നിന്നും വിഭവസമാഹരണം നടത്തി വികസനപ്രവർത്തനത്തിൻെറ സാധ്യത വിപുലപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം പ്രാദേശികമായി പരമാവധി വിഭവസമാഹരണം നടത്താൻ ശ്രമിക്കുന്നതിനോടൊപ്പം തന്നെ പ്രതീക്ഷിതവരുമാനം കണക്കാക്കുന്നതിൽ തികഞ്ഞ യാഥാർത്ഥ്യബോധം പുലർത്തണമെന്ന കാര്യവും എടുത്തുപറയേണ്ടതായിട്ടുണ്ട്. കാരണം അമിതമായ വിഭവപ്രതീക്ഷകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പദ്ധതി നിർവഹണഘട്ടത്തിൽ പ്രതിസന്ധിയിലാകും.

## പട്ടിക 1

## ഒന്നാം വാർഷികപദ്ധതിയുടെ വിഭവസമാഹരണം (1997-98)

| | | ഗ്രാൻറ്-ഇൻ എയ്ഡ് | തനതു ഫണ്ട് | സംസ്ഥാനാ വിഷ്കൃതം | കേന്ദ്രാ വിഷ്കൃതം | സഹകരണ വായ്പ | ധനകാര്യ സ്ഥാപനവായ്പ | സന്നദ്ധ പ്രവർത്തനം | ഗുണഭോക്തൃ വിഹിതം | മറ്റുള്ളവ | മൊത്തം |
|---|---|---|---|---|---|---|---|---|---|---|---|
| മൊത്തം പദ്ധതി | രൂപ (കോടിയിൽ) | 755.51 | 101.39 | 71.20 | 118.31 | 27.27 | 183.55 | 67.72 | 357.24 | 53.09 | 1735.28 |
| | ശതമാനം | 43.54 | 5.84 | 4.10 | 6.82 | 1.57 | 10.58 | 3.90 | 20.59 | 3.06 | 100.00 |
| വനിതാ ഘടകപദ്ധതി | രൂപ (കോടിയിൽ) | 32.21 | 2.15 | 2.79 | 2.87 | 3.44 | 18.25 | 2.17 | 32.46 | 2.95 | 99.29 |
| | ശതമാനം | 32.44 | 2.16 | 2.81 | 2.89 | 3.47 | 18.38 | 2.19 | 32.69 | 2.97 | 100.00 |

മൂലം: ആസൂത്രണ ബോർഡ്

പട്ടിക-1ൽ 1997-98 ലെ തദ്ദേശഭരണസ്ഥാപനങ്ങളിലെ പദ്ധതികളിലെ പൊതുവിഭവസമാഹരണരീതിയെ വനിതാഘടകപദ്ധതിയുടെ വിഭവസമാഹരണരീതിയുമായി താരതമ്യം ചെയ്തിരിക്കുന്നു. തദ്ദേശഭരണസ്ഥാപനങ്ങൾ 1735 കോടി രൂപയുടെ അടങ്കലിനുള്ള പദ്ധതിയാണ് തയ്യാറാക്കിയത്. ഇതിൽ 755.51 കോടി രൂപ അഥവാ അടങ്കലിന്റെ 43.54% മാത്രമാണ് സംസ്ഥാനസർക്കാർ നൽകിയ ഗ്രാൻറ്-ഇൻ-എയ്ഡ്. 16.76% അടങ്കൽ തനതുഫണ്ടിൽ നിന്നോ സംസ്ഥാന-കേന്ദ്രാവിഷ്കൃതസ്കീമുകളിൽ നിന്നോ കണ്ടെത്താമെന്നാണ് തദ്ദേശഭരണസ്ഥാപനങ്ങൾ പ്രതീക്ഷിച്ചത്. ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പയായി അടങ്കലിന്റെ 12.15% ലഭിക്കുമെന്നാണ് കണക്കുകൂട്ടിയത്. 20.59% ഗുണഭോക്തൃവിഹിതമാണ്. ഇതിനുപുറമേ 3.9% സന്നദ്ധപ്രവർത്തനത്തിലൂടെയും സംഭാവനയിലൂടെയും സമാഹരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഇവയിൽ ഗുണഭോക്തൃവിഹിതം അതിശയോക്തിപരമാണെന്നും ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ ലഭിക്കുമെന്നതി ന് യാതൊരുറപ്പുമില്ലെന്നും പദ്ധതി തയ്യാറാക്കിയ ഘട്ടത്തിൽ തന്നെ വിമർശനങ്ങൾ ഉയർന്നുവന്നിരുന്നു. പിന്നീടുള്ള അനുഭവങ്ങൾ ഈ വിമർശനങ്ങളെ ഒരു പരിധി വരെ ശരിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

മുകളിൽ പറഞ്ഞ പൊതുവിഭവസമാഹരണരീതിയെക്കുറിച്ചുള്ള വിമർശനം വനിതാഘടകപദ്ധതിയെക്കുറിച്ച് പൂർണമായും ശരിയാണ്. വനിതാഘടകപദ്ധതിയുടെ 32.44 ശതമാനമേ ഗ്രാൻറ്-ഇൻ-എയ്ഡിൽ നിന്ന് കണ്ടെത്തിയിട്ടുള്ളൂ. ബാക്കിപണം മുഴുവൻ മറ്റ് സ്രോതസ്സുകളിൽ നിന്ന് ലഭിക്കുമെന്ന പ്രതീക്ഷയിലാണ് പ്രോജക്ടുകൾ തയ്യാറാക്കപ്പെട്ടിട്ടുള്ളത്. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നില്ക്കുന്ന സ്ത്രീകൾക്കു വേണ്ടിയുള്ള പ്രോജക്ടുകളിൽ ഗുണഭോക്താക്കളിൽ നിന്നും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും പൊതുപ്രോജക്ടുകളെക്കാൾ വളരെ ഉയർന്ന തോതിൽ പണം സമാഹരിക്കാനാകുമെന്ന് ധരിക്കുന്നത് നീതികരിക്കാനാകില്ല. വനിതാപ്രോജക്ടുകൾ കൂടുതൽ ഉത്പാദനമേഖലയിലാണ് എന്നതാവാം ഇതിനൊരു കാരണം. എങ്കിൽ പോലും പദ്ധതിഅടങ്കലിന്റെ 33 ശതമാനത്തോളം ഗുണഭോക്തൃവിഹിതമായി പ്രതീക്ഷിക്കുന്നത് അസ്ഥാനത്തായിരിക്കും. പൊതുപ്രോജക്ടുകളിൽ 12%ത്തോളം ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് പ്രതീക്ഷി

ക്കുമ്പോൾ വനിതാപ്രോജക്ടുകളുടെ 22% ആണ് വായ്പയായി ലഭിക്കുമെന്ന് കണക്കുകൂട്ടിയിട്ടുള്ളത്. ആസൂത്രണത്തിലെ ഈ വൈകല്യം നിർവഹണത്തെ പ്രതികൂലമായി ബാധിക്കുമെന്നത് തീർച്ചയായിരുന്നു.

വനിതാഘടകപദ്ധതിക്ക് ആവശ്യമായ തുക നീക്കിവയ്ക്കപ്പെട്ടില്ല എന്നുമാത്രമല്ല, വനിതാഘടകപദ്ധതിയിലുൾപ്പെടുത്തിയിരുന്ന പ്രോജക്ടുകളിൽ പലതും അവയുടെ സ്വഭാവം കൊണ്ട് അത്തരമൊരു വിശേഷണത്തിന് അനുയോജ്യമായിരുന്നവയുമല്ല. പട്ടിക 2ൽ വിവിധവികസനമേഖലകളിൽ വനിതാഘടകപദ്ധതിയുടെ ഭാഗമായി തയ്യാറാക്കപ്പെട്ട പ്രോജക്ടുകളുടെ എണ്ണവും ഓരോ ഉപമേഖലയ്ക്കും വനിതാഘടകപദ്ധതിയിലെ സംസ്ഥാനഗ്രാൻറ്-ഇൻ-എയ്ഡിൻെറ എത്ര ശതമാനം തുക നീക്കിവെച്ചിരുന്നു എന്നതിൻെറ കണക്കുകളും നൽകിയിരിക്കുന്നു. മൊത്തം 4412 പ്രോജക്ടുകളാണ് വനിതാഘടകപദ്ധതിയിലുണ്ടായിരുന്നത്. ഇവയിൽ 2523 പ്രോജക്ടുകളും ഫണ്ടിൻെറ 59.15 ശതമാനവും ഉത്പാദനമേഖലയിലാണ്. 1773 പ്രോജക്ടുകളും ഫണ്ടിൻെറ 38.42 ശതമാനവും സേവനമേഖലയിലാണ്. പശ്ചാത്തലമേഖലയിൽ 116 പ്രോജക്ടുകളിലായി വനിതാഘടകപദ്ധതിയുടെ 2.42% ഫണ്ട് വകയിരുത്തിയിരിക്കുന്നു. ഇവയിൽ എത്ര പ്രോജക്ടുകൾ യഥാർത്ഥത്തിൽ വനിതാഘടകപദ്ധതിയിലുൾപ്പെടുത്താൻ യോഗ്യതയുള്ളവയാണ് എന്ന ചോദ്യം വളരെ പ്രസക്തമാണ്. റോഡിനും പാലത്തിനുമുള്ള 25 പ്രോജക്ടുകൾ (1.22% ഫണ്ട്) ഒരു യുക്തിപ്രകാരവും വനിതാഘടകപദ്ധതിയിൽപെടുത്താൻ പറ്റുന്നവയല്ല. ഇതുതന്നെ മറ്റ് പൊതുപശ്ചാത്തല സൗകര്യപ്രോജക്ടുകളായ ശുചിത്വം (22 പ്രോജക്ടുകളിലായി ഫണ്ടിൻെറ 0.74%) കുടിവെള്ളം (14 പ്രോജക്ടുകളിലായി 0.28%) ചെറുകിട ജലസേചനം (35 പ്രോജക്ടുകളിലായി 0.85%), വൈദ്യുതിവിതരണം (17 പ്രോജക്ടുകളിലായി 0.31) എന്നിവക്കും ബാധകമാണ്. പെൺപള്ളിക്കൂടങ്ങളിലെ സൗകര്യങ്ങൾ വിപുലീകരിക്കുന്നത് വനിതാഘടകപദ്ധതിയിലുൾപ്പെടുത്തുന്നതിന് ന്യായം കണ്ടെത്താനാകാം. പക്ഷെ പൊതുവിദ്യാലയങ്ങളിലെ പ്രത്യേകിച്ച് പ്രൈമറിവിദ്യാലയങ്ങളിലെ സൗകര്യവിപുലീകരണം വനിതാഘടകപദ്ധതിയിൽപെടുത്തുന്നത് ന്യായീകരിക്കാനാകില്ല. സ്ത്രീയും പുരുഷനും ഒരുപോലെ ഉപയോഗിക്കുന്ന വീട് വനിതകളുടെ പേരിൽ കൊടുക്കുന്നതുകൊണ്ടു മാത്രം വനിതാഘടകപദ്ധതിയായി പരിഗണിക്കാനാകില്ല.

ഉത്പാദനമേഖലയിൽ മൃഗസംരക്ഷണമേഖലയിലെ പ്രോജക്ടുകൾക്കാണ് പ്രാമുഖ്യം. 1147 പ്രോജക്ടുകളിലായി 9.13 കോടി രൂപ അതായത് വനിതാഘടകപദ്ധതിയുടെ 28.33% വകയിരുത്തിയിരിക്കുന്നു. ഈ പ്രോജക്ടുകളെല്ലാം തന്നെ സ്ത്രീകളായ വ്യക്തിഗുണഭോക്താക്കൾക്ക് ആടും മാടും കോഴിയും മറ്റും വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടുകളായിരുന്നു. സ്ത്രീകൾക്ക് ഔപചാരികമായി ഈ ആസ്തികൾ കൈമാറുന്നുവെങ്കിലും അവയുടെ ഉടമസ്ഥതയിലോ ഉണ്ടാകുന്ന വരുമാനത്തിലോ സ്ത്രീയുടെ നിയന്ത്രണം ഉറപ്പാക്കുന്നതിനുള്ള പരിശ്രമം ഈ പ്രോജക്ടുകളിലുണ്ടായിരുന്നില്ല. വിതരണം ചെയ്യപ്പെടുന്ന പക്ഷിമൃഗാദികൾ ശരിയായ രീതിയിൽ പരിപാലിക്കപ്പെടുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിനുള്ള സംഘടനാസംവിധാനങ്ങളും അപൂർവ്വമായിരുന്നു. ഉണ്ടെങ്കിൽ തന്നെ അവയിൽ സ്ത്രീകൾക്ക് പ്രത്യേകസ്ഥാനമൊന്നും കല്പിച്ചിരുന്നില്ല. ഇത്തരം പ്രോജക്ടുകൾ വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തണമെങ്കിൽ ഇവയുടെ ഉടമസ്ഥത സ്ത്രീകൾക്ക് ലഭിക്കുമെന്നതും അവയിൽ നിന്ന് സ്ത്രീകൾക്ക് നേരിട്ട് വരുമാനം ഉണ്ടാകുമെന്നതും ഉറപ്പുവരുത്തുന്ന സംവിധാനങ്ങൾ കൂടിയേ തീരൂ. ഈ വിമർശനം തന്നെ നല്ല പങ്ക് കൃഷി പ്രോജക്ടുകളെക്കുറിച്ചും പറയാനാകും. മുന്നൂറിൽപരം പച്ചക്കറിക്കൃഷി പ്രോജക്ടുകൾ വനിതാഘടകപദ്ധതിയിലുൾപ്പെട്ടിട്ടുണ്ട്. അടുക്കളത്തോട്ടമെന്ന് വിശേഷിപ്പിച്ചതുകൊണ്ടുമാത്രം ഇവ വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ന്യായീകരണമില്ല.

വ്യവസായസഹകരണസംഘങ്ങളടക്കം 807 വ്യവസായപ്രോജക്ടുകളുണ്ടായിരുന്നു. വനിതാഘടകപദ്ധതിയുടെ 15.7% ഈ വ്യവസായപ്രോജക്ടുകൾക്കായിരുന്നു. വ്യവസായപ്രോജക്ടുകൾ സ്ത്രീകൾ മുഖ്യമായും തൊഴിലെടുക്കുന്ന യൂണിറ്റുകളോ പുതിയ വനിതാവ്യവസായയൂണിറ്റുകളോ ആണ്. എന്നാൽ ഈ പ്രോജക്ടുകൾ പലതും മുൻ-പിൻ ബന്ധങ്ങൾ വേണ്ടത്രപരിഗണിച്ചുകൊണ്ടല്ല തയ്യാറാക്കിയിരുന്നത്. വാണിജ്യപരമായ സാധ്യതകൾക്ക് മതിയായ പരിഗണന ലഭിക്കാത്തതിന്റെ പ്രശ്നങ്ങളും പ്രകടമായിരുന്നു. ചെറുകിടവ്യവസായപ്രോജക്ടുകളിൽ ഗണ്യമായ ഭാഗം തയ്യൽ മിഷ്യന്റെ വിതരണത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. തയ്യൽ മിഷ്യന്റെ വിതരണത്തിനപ്പുറം വിപുലമായ ലക്ഷ്യങ്ങൾ പലപ്പോഴും ഉണ്ടായിരുന്നില്ല.

ഇപ്രകാരം വനിതാഘടകപദ്ധതിയിലെ പ്രോജക്ടുകൾ എടുത്തുനോക്കിയാൽ ഗൗരവമായിട്ടുള്ള ഒട്ടേറെ പരിമിതികൾ കാണാം. പലതും പേരിലൊഴികെ മറ്റു പൊതുവികസനപ്രോജക്ടുകളിൽ നിന്ന് വ്യത്യസ്തമായിരുന്നില്ല. എന്നിരുന്നാൽ തന്നെയും സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കാനുതകുന്ന ഒട്ടേറെ പ്രോജക്ടുകൾ രൂപംകൊണ്ടു. എന്നാൽ ഇവയ്ക്കും ആശയപരമോ സാങ്കേതികമോ ആയ പരിമിതികൾ ഉണ്ടായിരുന്നു. വരുമാനം വർദ്ധിപ്പിക്കുക എന്നല്ലാതെ നിലവിലുള്ള ലിംഗപരമായ തൊഴിൽ വിഭജനത്തെയോ സ്ത്രീകളോടുള്ള വിവേചനത്തെയോ പ്രത്യക്ഷമായി ചോദ്യം ചെയ്യുന്നതിന് ഈ പ്രോജക്ടുകളിൽ നല്ലപങ്കും ലക്ഷ്യമിട്ടിരുന്നില്ല. സ്ത്രീയുടെ പരമ്പരാഗതമായിട്ടുള്ള കുടുംബപരവും സാമൂഹികവുമായ ചുമതലകളോട് ബന്ധപ്പെട്ട തൊഴിലുകളാണ് മുഖ്യമായും പ്രോത്സാഹിപ്പിക്കപ്പെട്ടത്. അങ്കണവാടികളുമായി ബന്ധപ്പെട്ട് 700ൽപരം പ്രോജക്ടുകൾ ഉണ്ടായിരുന്നു. എന്നാൽ അങ്കണവാടികളുടെ പ്രവർത്തനസാധ്യതകൾ സംബന്ധിച്ച് പുതിയ എന്തെങ്കിലും സമീപനം പല പ്രോജക്ടുകളിലുമുണ്ടായിരുന്നോ എന്നത് സംശയമാണ്. ഒട്ടേറെ പഞ്ചായത്തുകൾ വനിതാബോധവത്കരണപ്രോജക്ടുകൾ പദ്ധതിയിലുൾപ്പെടുത്തിയെങ്കിലും അവയിൽ ഭൂരിപക്ഷവും സെമിനാർ, ക്ലാസ് എന്നീ പ്രവർത്തനങ്ങളിലൊതുങ്ങുന്നവയായിരുന്നു. പഞ്ചായത്തിലെ സ്ത്രീകളുടെ പദവി അവലോകനം ചെയ്യുവാനും ഭാവി ആസൂത്രണത്തിന് ആവശ്യമായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കാനുമുള്ള പ്രവർത്തനവും വളരെക്കുറച്ചുമാത്രമേ നിർദ്ദേശിക്കപ്പെട്ടുള്ളൂ.

വളരെ നിശിതമായ ഒരു വിമർശനത്തിൻെറ സമീപനമാണ് ഒന്നാം വാർഷികപദ്ധതിയിലെ വനിതാഘടകപദ്ധതി സംബന്ധിച്ച് ഇവിടെ നടത്തിയിട്ടുള്ളത്. എന്നാൽ ഇതിനർത്ഥം ഒന്നാംവർഷവനിതാഘടകപദ്ധതി പരാജയമായിരുന്നു എന്നല്ല. വനിതാഘടകപദ്ധതി കേരളത്തെ സംബന്ധിച്ചിടത്തോളം തികച്ചും നൂതനമായ ഒരു സമീപനമാണ്. അർഹിക്കുന്ന പ്രാധാന്യം നൽകിയില്ലെങ്കിലും എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും വനിതാഘടകപദ്ധതിയെ ഏറിയും കുറഞ്ഞും ഉൾക്കൊണ്ടു.

ഒരു പക്ഷെ വനിതാഘടകപദ്ധതിയെക്കാൾ ഒന്നാം വർഷത്തെ ഏറ്റവും പ്രധാനപ്പെട്ട നേട്ടം പൊതുവികസനപരിപാടികളിൽ സ്ത്രീപരിഗണന ബോധപൂർവ്വം കൊണ്ടുവരുന്നതിന് ജനകീയാസൂത്രണത്തിൽ

നൽകിയ ഊന്നലിൻെറ പ്രത്യാഘാതങ്ങളാണ്. ഏതു പ്രോജക്ടാണെങ്കിലും അതിൻെറ സാമൂഹ്യനേട്ട-കോട്ട വിശേഷണത്തിൻെറ ഭാഗമായി ആ പ്രോജക്ട് സ്ത്രീയുടെ പദവിയെ എങ്ങനെ സ്വാധീനിക്കുമെന്നുള്ള വിലയിരുത്തൽ നടത്തണമെന്ന നിഷ്കർഷയെക്കുറിച്ച് ഒന്നാംഭാഗത്ത് വിശദീകരിച്ചിരുന്നല്ലോ. ഇതുവേണ്ടവിധം ഉള്ളറിഞ്ഞുനടന്നു എന്നവകാശപ്പെടാനാവില്ല. എന്നാൽ ഗുണഭോക്തൃതെരഞ്ഞെടുപ്പിന് പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയിരുന്ന മാനദണ്ഡങ്ങളിൽ സ്ത്രീപരിഗണന ഗണ്യമായ സ്വാധീനം ചെലുത്തിയെന്നത് നിസ്തർക്കമാണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ സ്ത്രീകൾക്ക് കേരളത്തിലുടനീളം പ്രത്യേക പരിഗണന ലഭിച്ചു. ഇതൊരു നല്ല തുടക്കമാണ്. ഇപ്പോൾ ഔപചാരികതലത്തിൽ മാത്രം നിൽക്കുന്ന പരിഗണനയെ കൂടുതൽ അർത്ഥവത്തും ആഴമുള്ളതുമാക്കാൻ ഭാവിയിൽ കഴിയണം.

### പട്ടിക 2

### തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷികപദ്ധതിയിൽ (1997-98) വനിതാഘടകപദ്ധതിവിഹിതത്തിൻെറ ഉപമേഖലാവിഭജനം

| മേഖല | ആകെ പ്രോജക്ടുകളുടെ എണ്ണം | സംസ്ഥാനപദ്ധതി വിഹിതത്തിൻെറ ശതമാനം |
|---|---|---|
| നെൽകൃഷി | 12 | 0.35 |
| മറ്റുവിളകൾ | 445 | 9.55 |
| മൃഗസംരക്ഷണവും ക്ഷീരവികസനവും | 1147 | 28.33 |
| മത്സ്യമേഖല | 54 | 1.85 |
| മറ്റ് കാർഷികവികസനപരിപാടികൾ | 22 | 0.63 |
| സഹകരണം | 78 | 1.85 |
| ചെറുകിടവ്യവസായം | 421 | 8.28 |
| പരമ്പരാഗതവ്യവസായം | 95 | 2.33 |
| ചെറുകിടജലസേചനവും മണ്ണുസംരക്ഷണവും | 36 | 0.89 |
| **ഉത്പാദനമേഖല ആകെ** | **2523** | **59.15** |

| | | |
|---|---|---|
| പാർപ്പിടസൗകര്യങ്ങൾ | | |
| മെച്ചപ്പെടുത്തൽ | 13 | 0.51 |
| പൊതുസേവനം | 26 | 0.46 |
| പ്രാഥമികവിദ്യാഭ്യാസം | 89 | 1.17 |
| ഹൈസ്കൂൾ | 15 | 0.24 |
| സാങ്കേതികവിദ്യാഭ്യാസം | 4 | 0.08 |
| യുവജനക്ഷേമം | 3 | 0.14 |
| കലയും സംസ്കാരവും | 21 | 0.21 |
| പൊതുജനാരോഗ്യം | 46 | 0.92 |
| കുടിവെള്ളം | 14 | 0.28 |
| ശുചിത്വം | 22 | 0.74 |
| പാർപ്പിടം | 51 | 3.50 |
| തൊഴിലും തൊഴിലാളിക്ഷേമവും | 126 | 4.47 |
| മാതൃശിശുക്ഷേമം | 1015 | 19.66 |
| പോഷകാഹാരം | 15 | 0.30 |
| സാമൂഹികക്ഷേമം | 130 | 2.72 |
| തൊഴിൽ പരിശീലനം | 21 | 0.27 |
| ഗ്രാമീണവനിതാശിശുവികസനം | 106 | 1.58 |
| മറ്റുള്ളവ | 54 | 1.04 |
| **സേവനമേഖല ആകെ** | **1773** | **38.42** |
| വൈദ്യുതിവിതരണം | 17 | 0.31 |
| പാരമ്പര്യേതരഊർജ്ജം | 20 | 0.25 |
| സംയോജിതഗ്രാമീണ ഊർജ്ജവികസനം | 54 | 0.64 |
| ഗതാഗതം | 25 | 1.22 |
| **പശ്ചാത്തലമേഖല** | **116** | **2.42** |
| **ആകെ** | **4412** | **100.00** |

## ഭാഗം 3

# ദൗർബല്യങ്ങൾ എന്തുകൊണ്ട്?

കേരളസമൂഹത്തിലെ അടിസ്ഥാനപരമായ വൈകല്യങ്ങളിലൊന്ന് ജനകീയാസൂത്രണത്തിലും എന്തുകൊണ്ട് പ്രതിഫലിച്ചു എന്നതു സംബന്ധിച്ച ഒരു പരിശോധനയാണ് ഇനി നടത്തുവാൻപോകുന്നത്. മുകളിൽ വിവരിച്ച ദൗർബല്യങ്ങൾക്ക് കാരണങ്ങൾ അടിസ്ഥാനപരമായി രണ്ടാണ്. ഒന്നാമതായി പ്രതീക്ഷിച്ചതുപോലുള്ള വനിതാപങ്കാളിത്തം ആസൂത്രണപ്രക്രിയയിൽ ഉറപ്പാക്കാനായില്ല. രണ്ടാമതായി, ആസൂത്രണത്തിൽ പങ്കാളികളായ സ്ത്രീകൾക്കാകട്ടെ വനിതാപക്ഷത്തു നിന്ന് വേണ്ടത്ര സജീവമായി ഇടപെടുന്നതിനുള്ള കഴിവ് ഉറപ്പാക്കുന്നതിനാവശ്യമായ തയ്യാറെടുപ്പുകൾ അപര്യാപ്തമായിരുന്നു. ആദ്യം ആസൂത്രണപ്രക്രിയയിലെ വനിതാപങ്കാളിത്തത്തെക്കുറിച്ച് പരിശോധിക്കാം.

ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്നാണല്ലോ ജനകീയാസൂത്രണത്തിൻെറ തുടക്കം. ഗ്രാമസഭയിലെ വനിതാപങ്കാളിത്തത്തിൻെറ ജില്ലതിരിച്ചുള്ള കണക്കാണ് പട്ടിക 3ൽ കൊടുത്തിരിക്കുന്നത്. ശരാശരി ഒരു ഗ്രാമസഭയിൽ 180 ആളുകൾ പങ്കെടുത്തു എന്നാണ് കണക്ക്. ഇതിൽ ശരാശരി ഏതാണ്ട് 25% സ്ത്രീകളായിരുന്നു. ഏറ്റവും ഉയർന്ന പങ്കാളിത്തം തിരുവനന്തപുരത്തായിരുന്നു 35%. ഏറ്റവും താഴ്ന്നത് എറണാകുളത്തും 19%. കണക്കുകളുടെ സവിസ്തരമായ വിശകലനം ഇവിടെ അവതരിപ്പിക്കുന്നില്ലെങ്കിലും ഇതുവരെയുള്ള പഠനങ്ങൾ എത്തിച്ചേർന്ന പ്രധാനപ്പെട്ട നിഗമനം ഇവിടെ സൂചിപ്പിക്കട്ടെ: വിവിധ പഞ്ചായത്തുകളിലെ സ്ത്രീപങ്കാളിത്തത്തെ നിർണയിക്കുന്ന വസ്തുനിഷ്ഠമായ ഘടകങ്ങളെയൊന്നും കണ്ടെത്താനാവില്ല. സാക്ഷരത, സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം, പഞ്ചായത്തിലെ സാമ്പത്തികനില, നഗരവത്കരണം, ജനസാന്ദ്രത തുടങ്ങിയ ഘടകങ്ങളും സ്ത്രീപങ്കാളിത്തവുമായി ഗണിതശാസ്ത്രപരമായി സാധുതയുള്ള ഒരു ബന്ധവും ഒന്നാമത്തെ ആസൂത്രണത്തിൻെറ ഗ്രാമസഭയുടെ കണക്കുകളിൽ നിന്ന് കണ്ടെത്താനാവില്ല. താരതമ്യേന പ്രബലമായൊരു സ്വാധീനം പഞ്ചായത്തുഭരണസമിതിയുടെ രാഷ്ട്രീയസ്വഭാവമാണ്. ഇടതുപക്ഷനേതൃ

ത്വത്തിലുള്ള പഞ്ചായത്തുകളിൽ സ്ത്രീകളുടെ പങ്കാളിത്തം താരതമ്യേന ഉയർന്നതായിരുന്നു. എന്നാൽ അതേസമയം സ്ത്രീപങ്കാളിത്തം വളരെ താഴ്ന്നുള്ള ഒട്ടനവധി ഇടതുപക്ഷപഞ്ചായത്തുകളും ഉണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്. മറ്റൊരു പ്രധാനപ്പെട്ട വസ്തുത സ്ത്രീകളുടെ പങ്കാളിത്തത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ തമ്മിലുള്ള അന്തരം മൊത്തത്തിലുള്ള പങ്കാളിത്തത്തിൻെറ അന്തരത്തേക്കാൾ വളരെ വലുതാണ് എന്നതാണ്. പൊതുവിൽ എത്തിച്ചേരാൻ പറ്റുന്ന നിഗമനം ഇതാണ്: സംഘാടകരുടെ താല്പര്യവും സംഘാടനത്തിൻെറ മികവും പ്രത്യേകശ്രദ്ധയും ആണ് സ്ത്രീപങ്കാളിത്തത്തെ സ്വാധീനിച്ച പ്രധാനഘടകങ്ങൾ. എവിടെയെല്ലാം സ്ത്രീകളെ പങ്കെടുപ്പിക്കുന്നതിന് ബോധപൂർവ്വം പരിശ്രമം നടത്തിയിട്ടുണ്ടോ അവിടെയെല്ലാം ഗ്രാമസഭയിലെ സ്ത്രീപങ്കാളിത്തം ഉയർന്നിട്ടുണ്ട്.

പട്ടിക -3

**ഒന്നാം ആസൂത്രണഗ്രാമസഭയിലെ വനിതാപങ്കാളിത്തം**

| ജില്ല | ഗ്രാമസഭാപങ്കാളിത്തം ശരാശരി | സ്ത്രീകളുടെ ശതമാനം |
|---|---|---|
| തിരുവനന്തപുരം | 183 | 34.91 |
| കൊല്ലം | 178 | 25.14 |
| പത്തനംതിട്ട | 157 | 29.88 |
| ആലപ്പുഴ | 205 | 29.35 |
| കോട്ടയം | 148 | 23.85 |
| ഇടുക്കി | 205 | 19.26 |
| എറണാകുളം | 190 | 19.04 |
| തൃശ്ശൂർ | 151 | 26.95 |
| പാലക്കാട് | 168 | 20.09 |
| മലപ്പുറം | 193 | 26.69 |

| | | |
|---|---|---|
| കോഴിക്കോട് | 214 | 27.72 |
| വയനാട് | 216 | 19.99 |
| കണ്ണൂർ | 167 | 21.24 |
| കാസറഗോഡ് | 148 | 20.96 |
| സംസ്ഥാനശരാശരി | 180 | 24.82 |

*(അവലംബം - ജനകീയാസൂത്രണം-സിദ്ധാന്തവും പ്രയോഗവും,*

1592 വനിതാ ജനപ്രതിനിധികൾ ഗ്രാമസഭയിലെ സ്ത്രീപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങളെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. ഇവരിൽ 727 പേർ അതായത് ഏതാണ്ട് 46% പേരും സ്ത്രീകളെ നേരിട്ട് കണ്ട് ഗ്രാമസഭയിൽ പങ്കെടുക്കണമെന്ന് പറയുകയാണ് ചെയ്തത്. ഈ ഇടപെടൽ എത്രമാത്രം ചിട്ടയായി നടന്നു എന്നു പറയാനാവില്ല. ഇവർ ഇതിൽകവിഞ്ഞ് പ്രത്യേകിച്ചെന്തെങ്കിലും ശ്രമം വനിതാപങ്കാളിത്തം വർധിപ്പിക്കുന്നതിന് ചെയ്തില്ല എന്ന നിഗമനത്തിലെത്തുന്നതാകും ശരി. ബാക്കി വനിതാജനപ്രതിനിധികളെല്ലാം (54.3%) ഇതിനുപുറമേ സ്ത്രീകളുടെ പ്രത്യേകയോഗങ്ങളോ വനിതാസംഘടനകളുടെയോ അങ്കണവാടിപ്രവർത്തകരുടെയോ പ്രത്യേകയോഗങ്ങളോ അതുപോലെ ഏതെങ്കിലും തരത്തിലുള്ള വിശേഷാൽ നടപടികൾ സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിന് സ്വീകരിക്കുകയുണ്ടായി. 259 പേർ (16.3%) അങ്കണവാടി പ്രവർത്തകരുടെ പ്രത്യേകയോഗം വിളിച്ചുചേർത്തിരുന്നു. 273 പേർ(17.1%) വനിതാ സംഘടനകളുടെ പ്രത്യേകയോഗം വിളിച്ചിരുന്നു. 185 പേർ (11.6%) സ്ത്രീകളുടെ പ്രത്യേകപൊതുയോഗം ഗ്രാമസഭയ്ക്കുമുമ്പ് വിളിച്ചു ചേർത്തിരുന്നു.

## പട്ടിക 4

## സ്ത്രീകളുടെ ഗ്രാമസഭാപങ്കാളിത്തം കുറഞ്ഞതിനുള്ള കാരണങ്ങൾ

| കാരണങ്ങൾ | ഏറ്റവും പ്രധാനപ്പെട്ട കാരണം | രണ്ടാമത്തെ പ്രധാനപ്പെട്ട കാരണം |
|---|---|---|
| 1. ഗ്രാമസഭയെക്കുറിച്ച് അറിവില്ലായ്മ | 715 (50.9) | 250 (25.2) |
| 2. പൊതുപ്രവർത്തനങ്ങളോടുള്ള വിമുഖത | 333 (23.7) | 214 (21.5) |
| 3. കുടുംബജോലികളുടെ തിരക്ക് | 245 (17.4) | 266 (26.8) |
| 4. പുരുഷന്മാർ നിരുത്സാഹപ്പെടുത്തുന്നത് | 34 (2.4) | 124 (12.5) |
| 5. വേണ്ടത്ര മുന്നൊരുക്കമില്ലായ്മ | 53 (3.7) | 99 (10.0) |
| 6. ഗ്രാമസഭയിൽ പ്രത്യേകപരിഗണന ലഭിക്കാത്തത് | 18 (1.3) | 37 (3.7) |
| 7. മറ്റുള്ളവ | 7 (0.4) | 2 (0.2) |
| | 1405 (100) | 992 (100) |

*(മൂലം : വനിതാജനപ്രതിനിധിസർവെ 1998 ആസൂത്രണബോർഡ്)*

ഗ്രാമസഭയിൽ സ്ത്രീകൾക്ക് പ്രത്യേകപരിഗണന ലഭിക്കാത്തത് സ്ത്രീപങ്കാളിത്തം കുറയുന്നതിനുള്ള പ്രധാനകാരണമായി വനിതാജന പ്രതിനിധികൾ കരുതുന്നില്ല. 3% വനിതജനപ്രതിനിധികളേ വേണ്ടത്ര മുന്നൊരുക്കമില്ലാത്തത് ഏറ്റവും പ്രധാനപ്പെട്ട കാരണമായി കരുതുന്നു ള്ളൂ. എങ്കിലും പകുതി പേർ ഗ്രാമസഭയെക്കുറിച്ച് ശരിയായ അവബോ ധമില്ലാത്തതാണ് പങ്കാളിത്തം കുറയുന്നതിന് ഏറ്റവും പ്രധാനപ്പെട്ട കാ രണമെന്ന് പറയുന്നുണ്ട്. അവബോധമില്ലായ്മയുടെ കാരണം വേണ്ടത്ര മുന്നൊരുക്കമില്ലാത്തതാണ് എന്നു വേണമെങ്കിൽ വാദിക്കാം. പിന്നീട് നടന്ന ഗുണഭോക്തൃതിരഞ്ഞെടുപ്പ് ഗ്രാമസഭകളിൽ സ്ത്രീപങ്കാളിത്തം

ഗണ്യമായി ഉയരുകയുണ്ടായി എന്നാണ് കണക്കുകൾ കാണിക്കുന്നത്. രണ്ടാംഭാഗത്ത് സൂചിപ്പിച്ചതുപോലെ ഗുണഭോക്തൃതെരഞ്ഞെടുപ്പിൽ സ്ത്രീകൾക്ക് പ്രത്യേകപരിഗണന ഏതാണ്ടെല്ലാ പഞ്ചായത്തുകളിലും ലഭിക്കുകയുണ്ടായി. ഇതും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭകളിലാണെന്നതും പിന്നീട് നടന്ന ഗ്രാമസഭകളിലെ സ്ത്രീപങ്കാളിത്തം ഉയർത്തുന്നതിന് സഹായകരമായി എന്നതൊരു വസ്തുതയാണ്.

ആസൂത്രണഗ്രാമസഭകളുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധമില്ലാത്തത് സ്ത്രീകളെപ്പോലെതന്നെ പുരുഷന്മാർക്കും ബാധകമാണ്. എന്നാൽ ''കുടുംബജോലികളുടെ തിരക്കും'' ''പുരുഷന്മാർ നിരുത്സാഹപ്പെടുത്തുന്നതും'' സ്ത്രീകളുടെ പങ്കാളിത്തത്തെ മാത്രം പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്. സ്ത്രീപങ്കാളിത്തം കുറയുന്നതിന് ഏറ്റവും പ്രധാനപ്പെട്ട കാരണങ്ങളായി ഏതാണ്ട് 20% പേർ ചൂണ്ടിക്കാട്ടുന്നത് ഈ കാരണങ്ങളാണ്. ''സ്ത്രീകൾക്ക് പൊതുപ്രവർത്തനങ്ങളിലുള്ള വിമുഖത''യാണ് മറ്റൊരു പ്രധാനകാരണമായി 23.7% പേർ ചൂണ്ടിക്കാട്ടുന്നത്.

ഗ്രാമസഭകളിൽ പങ്കെടുത്ത സ്ത്രീകളുടെ സാമൂഹികസാമ്പത്തിക പശ്ചാത്തലത്തെക്കുറിച്ച് ഉള്ള വിവരങ്ങൾ ക്രോഡീകരിക്കപ്പെട്ടിട്ടില്ല. 78% ജനപ്രതിനിധികളുടെ അഭിപ്രായത്തിൽ എസ്.എസ്.എൽ.സി.ക്കു താഴെ വിദ്യാഭ്യാസയോഗ്യതയുള്ളവരായിരുന്നു ഗ്രാമസഭയിൽ പങ്കെടുത്ത മഹാഭൂരിപക്ഷം സ്ത്രീകളും. 30 വയസ്സിൽ താഴെയുള്ളവരുടെ പങ്കാളിത്തം താരതമ്യേന കുറവായിരുന്നു എന്നതാണ് പൊതുവെ ജനപ്രതിനിധികളുടെ അഭിപ്രായം. 18% ജനപ്രതിനിധികളേ ഇടത്തരക്കാർ ഗണ്യമായ തോതിൽ ഗ്രാമസഭയിൽ പങ്കെടുത്തു എന്നഭിപ്രായപ്പെട്ടുള്ളൂ.

ഗ്രാമസഭയ്ക്കുശേഷം നടന്ന പഠനപര്യടനം, ദ്വിതീയവിവരശേഖരണം പോലുള്ള ആസൂത്രണപഠനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം തുച്ഛമായിരുന്നു. എന്നാൽ വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിൽ കൂടുതൽ സത്രീകൾ പങ്കാളികളായി. 90 വനിതാജനപ്രതിനിധകളേ (5.5%) തങ്ങളുടെ പഞ്ചായത്തിൽ വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിൽ സ്ത്രീകൾക്ക് പങ്കാളിത്തമില്ലായിരുന്നു എന്നു പ്രസ്താവി

ച്ചുള്ളൂ. എന്നാൽ 1009 പേരുടെ (61.2%) പഞ്ചായത്തുകളിൽ വികസനറിപ്പോർട്ടു തയ്യാറാക്കുന്നതിൽ സ്ത്രീകൾ ചെറുന്യൂനപക്ഷം മാത്രമായിരുന്നു. സ്ത്രീകളുടെ പങ്കാളിത്തമാകട്ടെ ഭൂരിപക്ഷം പഞ്ചായത്തുകളിലും മുഖ്യമായും വനിതാ അദ്ധ്യായം തയ്യാറാക്കുന്നതിൽ ഒതുങ്ങി. ഏതാണ്ട് 30% പഞ്ചായത്തുകളിൽ സ്ത്രീകൾ തന്നെയാണ് ഈ അധ്യായം എഴുതിയത്. മറ്റൊരു 24% പഞ്ചായത്തുകളിൽ പുരുഷന്മാരുടെ സഹായമുണ്ടായിരുന്നെങ്കിലും സ്ത്രീകൾ തന്നെയാണ് മുഖ്യമായും ഈ അദ്ധ്യായം എഴുതിയത്. 8%പഞ്ചായത്തുകളിലേ വനിതാ അധ്യായം തയ്യാറാക്കുന്നതിൽ സ്ത്രീകൾക്ക് പങ്കാളിത്തം ഇല്ലാതിരുന്നുള്ളൂ.

വികസനസെമിനാറിൽ ഏതാണ്ട് മൂന്നിലൊന്നോളം പേർ സ്ത്രീകളായിരുന്നു. ഗ്രാമസഭയിലെ ഓരോ വിഷയഗ്രൂപ്പിൽ നിന്നും ഒരു സ്ത്രീയും പുരുഷനും വീതം സെമിനാറിലേക്ക് തെരഞ്ഞെടുക്കപ്പെടണം എന്നാണ് പറഞ്ഞിരുന്നതെങ്കിലും പലയിടത്തും ഓരോ വിഷയഗ്രൂപ്പിൽ നിന്നും ഓരോരുത്തർ മാത്രമാണ് തെരഞ്ഞെടുക്കപ്പെട്ടത്. ഇത് സ്ത്രീകളുടെ പ്രാതിനിധ്യത്തെ പ്രതികൂലമായി ബാധിച്ചു. സെമിനാറിൽ സ്ത്രീകളേറ്റവും കൂടുതൽ പങ്കെടുത്തത് വനിതാവികസനത്തിൻെറ ചർച്ചാഗ്രൂപ്പിലായിരുന്നു. അത് കഴിഞ്ഞ് സാമൂഹികക്ഷേമത്തിൻെറയും. മൂന്നാമത്തെ സ്ഥാനം കുടിവെള്ളത്തിനും വിദ്യാഭ്യാസത്തിനുമായിരുന്നു. സെമിനാറിൽ സ്ത്രീകളുടെ ഇടപെടൽ ശരാശരിയോ മോശമോ ആയിരുന്നു എന്നാണ് 66% വനിതാജനപ്രതിനിധികളും അഭിപ്രായപ്പെട്ടത്.

കർമ്മസമിതിയുടെ ഘട്ടമായപ്പോഴേക്കും വനിതാപ്രാതിനിധ്യവും സജീവതയും ഗണ്യമായിട്ടു കുറഞ്ഞു. 44 ശതമാനത്തോളം ജനപ്രതിനിധികളും തങ്ങളുടെ പഞ്ചായത്തുകളിൽ കർമ്മസമിതികളിൽ സ്ത്രീകളുടെ പങ്കാളിത്തം 10%ൽ താഴെയായിരുന്നു എന്നഭിപ്രായപ്പെടുകയുണ്ടായി. നാലിലൊന്ന് വനിതാജനപ്രതിനിധികളേ തങ്ങളുടെ പഞ്ചായത്തുകളിലെ കർമ്മസമിതികളിൽ 25 ശതമാനത്തിലധികം വനിതകളായിരുന്നു എന്ന് രേഖപ്പെടുത്തിയുള്ളൂ. പലപ്പോഴും വനിതാപങ്കാളിത്തം വനിതാകർമ്മസമിതിയിലൊതുങ്ങി. മറ്റ് കർമ്മസമിതികളിൽ അവരുടെ പങ്കാളിത്തം നാമമാത്രമായിരുന്നു. 43% വനിതാജനപ്രതിനിധികളുടെ അഭിപ്രായത്തിൽ വനിതാ അംഗങ്ങൾ കർമ്മസമിതികളിൽ സജീവമായി

രുന്നില്ല. മറ്റൊരു 27% പേർ അവരുടെ പങ്കാളിത്തത്തെ ശരാശരിയായേ വിശേഷിപ്പിക്കാൻ തയ്യാറായുള്ളൂ.

ഇതുവരെ നാം ചർച്ച ചെയ്തത് ആസൂത്രണപ്രക്രിയയിലെ സ്ത്രീകളുടെ പൊതുവായ പങ്കാളിത്തത്തെക്കുറിച്ചാണ്. അടുത്തതായി ഇതിനു നേതൃത്വം നൽകിയവരുടെ സ്ത്രീപുരുഷ ചേരുവയെക്കുറിച്ചും കാഴ്ചപ്പാടിനെക്കുറിച്ചും ഒരു ലഘുവായ വിലയിരുത്തൽ നടത്താം. രണ്ടുവിഭാഗം ആളുകളെക്കുറിച്ചാണ് ഇവിടെ പരിശോധിക്കുന്നത്. ഒന്ന്: പരിശീലകർ, രണ്ട് : വനിതാ ജനപ്രതിനിധികൾ.

## പരിശീലകർ

ജനകീയാസൂത്രണത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി സംസ്ഥാനത്തിൽ ഏതാണ്ട് 660 ഓളം സംസ്ഥാനതലപരിശീലകരെയും(KRP) ജില്ലാതലത്തിൽ ഏതാണ്ട് 12000 ജില്ലാതലപരിശീലകരെയും (DRP) ഒരു ലക്ഷത്തിൽപരം പ്രദേശികപരിശീലകരെയും (LRP) തയ്യാറാക്കുകയുണ്ടായി. ഇതിൽ സംസ്ഥാനതലപരിശീലകർക്ക് സംസ്ഥാനതലത്തിൽ ഏഴുതവണയായി ഒരു മാസത്തോളം പരിശീലനം നൽകുകയുണ്ടായി. പ്രാദേശികമായി മൂന്നുദിവസത്തെ പരിശീലനമാണ് നടന്നത്. ഈ പരിശീലനങ്ങളുടെ സംസ്ഥാന-ജില്ലാ-പ്രാദേശിക ശൃംഖലയായിരുന്നു ജനകീയാസൂത്രണത്തിൻെറ ഒരു പ്രധാനപ്പെട്ട സംഘടനാബലം. സ്വാഭാവികമായി നമ്മുടെ പരിഗണനയിൽ വരേണ്ട പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് പരിശീലകരിൽ എത്രശതമാനം പേർ സ്ത്രീകളായിരുന്നു എന്നുള്ളത്.

ഏതാണ്ട് നൂറോളം പരിശീലകരൊഴികെ ബാക്കി മുഴുവൻ പരിശീലകരെയും ജില്ലാ ആസൂത്രണകമ്മിറ്റികളോ തദ്ദേശഭരണസ്ഥാപനങ്ങളോ ആണ് തെരഞ്ഞെടുത്തത്. അഭികാമ്യമായ വിദ്യാഭ്യാസയോഗ്യതയും മുൻപരിചയവും മാനദണ്ഡങ്ങളായി പറഞ്ഞിരുന്നുവെങ്കിലും അവ നിർബന്ധമാക്കിയിരുന്നില്ല. അതുപോലെതന്നെ മൂന്നിലൊന്നുപേർ സ്ത്രീകളായിരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും ഇതും നിർബന്ധിതമല്ലായിരുന്നു. സ്ത്രീകളുടെ പങ്കാളിത്തം കുറയുന്നതിന് ഇത് കാരണമായിട്ടുണ്ട്. പട്ടിക 5ൽ ഒന്നും രണ്ടും ഘട്ടങ്ങളിലെ സംസ്ഥാനതലപരിശീലകരുടെ എണ്ണവും അതിൽ സ്ത്രീകളുടെ പങ്കാളിത്തവും ജില്ല തിരിച്ച് നൽകിയിരിക്കുന്നു.

## പട്ടിക 5

## സംസ്ഥാനജില്ലാതലപരിശീലകരിൽ സ്ത്രീകൾ

| ജില്ല | സംസ്ഥാനതലപരിശീലകർ | | | | ജില്ലാതലപരിപാടികൾ | | | |
|---|---|---|---|---|---|---|---|---|
| | ഒന്നാംഘട്ടം | | രണ്ടാംഘട്ടം | | ഒന്നാംഘട്ടം | | രണ്ടാംഘട്ടം | |
| | മൊത്തം | സ്ത്രീ | മൊത്തം | സ്ത്രീ | മൊത്തം | സ്ത്രീ | മൊത്തം | സ്ത്രീ |
| തിരുവനന്തപുരം | 41 | 8 | 59 | 5 | 1183 | 145 | 829 | 133 |
| കൊല്ലം | 30 | 6 | 59 | 9 | 758 | 142 | 758 | 143 |
| പത്തനംതിട്ട | 22 | 3 | 34 | 4 | 363 | 76 | 742 | 174 |
| ആലപ്പുഴ | 22 | 3 | 48 | 4 | 1010 | 144 | 816 | 125 |
| കോട്ടയം | 24 | 6 | 40 | 6 | 757 | 171 | 820 | 165 |
| ഇടുക്കി | 24 | 3 | 52 | 4 | 600 | 135 | 682 | 88 |
| എറണാകുളം | 23 | 4 | 48 | 4 | 1025 | 209 | 991 | 202 |
| തൃശ്ശൂർ | 31 | 4 | 71 | 3 | 1382 | 395 | 1383 | 465 |
| പാലക്കാട് | 20 | 2 | 50 | 3 | 350 | 60 | 978 | 348 |
| മലപ്പുറം | 34 | 8 | 46 | 7 | 1183 | 145 | 1183 | -- |
| കോഴിക്കോട് | 34 | 8 | 50 | 10 | 706 | 104 | 996 | 103 |
| വയനാട് | 24 | 2 | 28 | 3 | 263 | 41 | 263 | 41 |
| കണ്ണൂർ | 26 | 5 | 50 | 7 | 565 | 91 | 992 | 88 |
| കാസർഗോഡ് | 18 | 3 | 25 | 3 | 352 | 81 | 375 | 84 |
| മൊത്തം | 373 | 65 | 660 | 72 | 10497 | 1939 | 11808 | 2159 |

ഒന്നാംഘട്ടപരിശീലനത്തിൽ 373 പേർക്കാണ് സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ചത്. ഇതിൽ 64 (17.4%) പേരേ സ്ത്രീകളായിരുന്നുള്ളൂ. സംസ്ഥാനതലപരിശീലകരിൽ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും മതിയായ പ്രാതിനിധ്യം ലഭിച്ചില്ല എന്ന വിമർശനത്തെത്തുടർന്ന് കൂടുതൽ സന്നദ്ധപ്രവർത്തകരെ സംസ്ഥാനതലപരിശീലകരായി തെരഞ്ഞെടുക്കാൻ രണ്ടാംഘട്ടത്തിൽ അനുവാദം നൽകി. ഇങ്ങനെ പുതിയ പരിശീലകരെ തെരഞ്ഞെടുക്കുമ്പോൾ സ്ത്രീകളെ ഉൾ

പ്പെടുത്താൻ ശ്രദ്ധിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ മൊത്തം പരിശീലകരുടെ എണ്ണം 660 ആയി വർദ്ധിച്ചപ്പോൾ സ്ത്രീകളുടെ എണ്ണത്തിൽ നാമമാത്രമായ വർധനവേ ഉണ്ടായുള്ളൂ(72). ഇതുമൂലം സംസ്ഥാനതലപരിശീലകരിലെ സ്ത്രീകളുടെ പ്രാതിനിധ്യം 10.9% ആയി കുറഞ്ഞു. രണ്ടാംഘട്ട പരിശീലനത്തിൽ പങ്കെടുത്തവരെയാണ് തുടർന്ന് കെ.ആർ.പി.മാരായി ആസൂത്രണപ്രവർത്തനങ്ങളിൽ അംഗീകരിച്ചത്.

മൂന്നാംഘട്ടത്തിൽ സംസ്ഥാനതലപരിശീലനം ജില്ലാ ആസ്ഥാനങ്ങളിൽ വച്ചാണ് നടത്തിയത്. കെ.ആർ.പി.മാർക്കു പുറമേ കൂടുതൽ ഉദ്യോഗസ്ഥരെയും വിദഗ്ധരെയും ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അനുവദിച്ചിരുന്നു. മൊത്തം 1444 പേർക്ക് പരിശീലനം നൽകിയതിൽ 219 പേർ (15.1%) വനിതകളായിരുന്നു. വനിതാപ്രാതിനിധ്യം വർധിപ്പിക്കണമെന്ന് കർശനമായി നിർദ്ദേശിച്ചതിൻെറ അടിസ്ഥാനത്തിലാണ് ഈ വർദ്ധനവുണ്ടായത്. നാലാംഘട്ടസംസ്ഥാനതല പരിശീലനത്തിൽ പഞ്ചായത്തുപ്രസിഡൻറുമാരെയും സെക്രട്ടറിമാരെയും ഉൾപ്പെടുത്തിയിരുന്നു. തന്മൂലം വനിതാപ്രാതിനിധ്യം 17.4% ആയി ഉയർന്നു. എന്നിരുന്നാൽ തന്നെയും കെ.ആർ.പി.മാരിൽ പത്തിലൊന്നേ സ്ത്രീകളുണ്ടായിരുന്നുള്ളൂ എന്നത് യാഥാർത്ഥ്യമായി അവശേഷിക്കുന്നു.

ജില്ലാതല പരിശീലകരിൽ വനിതാപ്രാതിനിധ്യം സംസ്ഥാനതലത്തേക്കാൾ ഉയർന്നതായിരുന്നു. ഒന്നാംഘട്ടത്തിൽ 10497 ജില്ലാ പരിശീലകരിൽ 1939 (18.5%) പേർ സ്ത്രീകളായിരുന്നു. രണ്ടാംഘട്ടപരിശീലനത്തിൽ മൊത്തം പരിശീലകരുടെ എണ്ണത്തിൻെറ വർദ്ധനവിൻെറ തോതിൽ തന്നെ സ്ത്രീപരിശീലകരുടെ എണ്ണവും വർധിച്ചുവെന്ന് പട്ടിക മൂന്നിൽ കാണാം. വനിതാപരിശീലകരുടെ ശതമാനം ഏറ്റവും കൂടുതൽ തൃശൂരായിരുന്നു; ഒന്നാംഘട്ടത്തിൽ 28.5%വും രണ്ടാം ഘട്ടത്തിൽ 33.6%വും ആയിരുന്നു. ഏറ്റവും കുറവ് മലപ്പുറത്തായിരുന്നു, 12%.

പരിശീലകരുടെ എണ്ണത്തിൽ മാത്രമല്ല, പരിശീലനത്തിൻെറ ഉള്ളടക്കത്തിലും ചില ന്യൂനതകൾ പ്രകടമായിരുന്നു. ജനകീയാസൂത്രണത്തിൻെറ ഒന്നാംവർഷത്തെ പരിശീലനങ്ങളിൽ ഊന്നിയത് ആസൂത്രണത്തിൻെറ പൊതുചട്ടങ്ങളിലും സമീപനങ്ങളിലും ആയിരുന്നു. ഗ്രാമസഭ എങ്ങനെ സംഘടിപ്പിക്കണം, വികസനറിപ്പോർട്ടുകൾ എങ്ങനെ

എഴുതണം, പ്രോജക്ട് തയ്യാറാക്കുന്നതെങ്ങനെ, പദ്ധതിയുടെ ഘടനയെന്ത് തുടങ്ങിയ രീതീസമ്പ്രദായബന്ധമായ കാര്യങ്ങൾക്കാണ് ഊന്നൽ നൽകിയത്. വിവിധ വികസനമേഖലകളുടെ സവിശേഷമായ പ്രശ്നങ്ങളെക്കുറിച്ചോ അവിടങ്ങളിൽ സ്വീകരിക്കേണ്ട സമീപനങ്ങളെക്കുറിച്ചോ വിശദമായി പ്രതിപാദിക്കുവാൻ സാവകാശം ലഭിച്ചിരുന്നില്ല. ഇത് പ്രോജക്ടുകളുടെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട് എന്നത് നിസ്തർക്കമാണ്. വികസനത്തിലെ സ്ത്രീപക്ഷസമീപനത്തിലും മുകളിൽ സൂചിപ്പിച്ച ന്യൂനത ബാധകമാണ്. കേരളത്തിലെ സ്ത്രീകളുടെ പദവിയെക്കുറിച്ച് പൊതുവിശകലനവും പ്രത്യേകപരിഗണന സ്ത്രീകൾക്ക് നൽകേണ്ടതിൻെറ പ്രാധാന്യവും ഊന്നിപ്പറയുന്നതിനേ പരിശീലനത്തിൽ കഴിഞ്ഞിരുന്നുള്ളൂ. ഇതുമായി ബന്ധപ്പെട്ടുള്ള ഒരു ക്ലാസ് എല്ലാ ഘട്ടപരിശീലനത്തിലും സംസ്ഥാനജില്ലാതലങ്ങളിൽ ഉൾപ്പെടുത്തിയിരുന്നു. പൊതുസമീപനത്തിനപ്പുറത്തേക്ക് മൂർത്തമായ വനിതാവികസനപ്രോജക്ടുകളെക്കുറിച്ചോ ഇടപെടലുകളെക്കുറിച്ചോ കൃത്യമായ ധാരണ നൽകുന്നതിന് ഈ ക്ലാസ്സുകൾ അപര്യാപ്തമായിരുന്നു. എന്നിരുന്നാൽ തന്നെയും ആവർത്തിച്ചുള്ള ഈ ക്ലാസുകൾക്ക് ചില സദ്ഫലങ്ങളുണ്ടായിരുന്നു എന്നതിൽ തർക്കമില്ല. ഗുണഭോക്തൃതെരഞ്ഞെടുപ്പിൽ സ്ത്രീപരിഗണന ഉൾപ്പെടുത്തുന്നതിലുണ്ടായ വിജയം നേരത്തെ സൂചിപ്പിച്ചുവല്ലോ. എന്നാൽ വനിതാഘടകപദ്ധതിയ്ക്കനുയോജ്യമായ പ്രോജക്ടുകൾക്ക് രൂപം നൽകുന്നതിന് നൽകിയ പരിശീലനം അപര്യാപ്തമായിരുന്നു. ഇത് വനിതാഘടകപദ്ധതിയിലെ പ്രോജക്ടുകളിൽ നിഴലിച്ചു കാണാം.

**ജനപ്രതിനിധികൾ**

സന്നദ്ധപ്രവർത്തകരിലെ സ്ത്രീകളെക്കുറിച്ചും അവർക്കു നൽകിയ പരിശീലനത്തെക്കുറിച്ചും ആണ് നാമിതുവരെ ചർച്ച ചെയ്തത്. ഇനി ജനപ്രതിനിധികളുടെ കാര്യം പരിശോധിക്കാം. ഗ്രാമപഞ്ചായത്തടക്കമുള്ള തദ്ദേശഭരണസ്ഥാപനങ്ങളിൽ മൂന്നിലൊന്ന് ജനപ്രതിനിധി പ്രാതിനിധ്യം സ്ത്രീകൾക്ക് സംവരണം ചെയ്യപ്പെട്ടിരിക്കുന്നു എന്നതാണ് ആദ്യം പറയേണ്ടുന്ന വസ്തുത. ഈ വനിതാജനപ്രാതിനിധ്യത്തിന് ആസൂത്രണപ്രക്രിയയിൽ സ്ത്രീപരിഗണന വർധിപ്പിക്കുന്നതിന് എന്തുസംഭാവന ചെയ്യാൻ കഴിഞ്ഞു? ഇതു സംബന്ധിച്ച് വനിതാജന

പ്രതിനിധികൾ തന്നെ നടത്തിയ സ്വയംവിലയിരുത്തൽ ആണ് ഞങ്ങൾ വിശകലനത്തിന് ആധാരമായി സ്വീകരിക്കുന്നത്.

### പട്ടിക 6

### ആസൂത്രണപ്രക്രിയയിൽ വനിതാ പ്രതിനിധികളുടെ പങ്കാളിത്തം

| | ഗ്രാമസഭ | വികസന | കർമ്മസമിതി | പദ്ധതിരേഖ |
|---|---|---|---|---|
| 1. ഉത്തരം നൽകിയിട്ടില്ല | 60 (4.7) | 143 (11.2) | 250 (16.4) | 221 (17.03) |
| 2. പങ്കെടുത്തില്ല | 13 (1.0) | 6 (0.5) | 21 (1.6) | 42 (3.3) |
| 3. നാമമാത്രം | 10 (0.8) | 39 (3.3) | 122 (9.6) | 148 (11.6) |
| 4. സജീവം | 349 (27.4) | 453 (37.9) | 444 (34.9) | 378 (29.7) |
| 5. വളരെ സജീവം | 281 (22.1) | 436 (34.2) | 325 (25.5) | 309 (24.3) |
| 6. പൂർണ്ണ നേതൃത്വത്തിൽ | 558 (43.8) | 161 (12.6) | 149 (11.7) | 174 (13.7) |
| ആകെ | 1274 (100) | 1274 (100) | 1274 (100) | 1274 (100) |

*(മൂലം: വനിതാപ്രതിനിധി സർവ്വെ 1998)*

പട്ടിക 6 ൽ ആസൂത്രണപ്രക്രിയയുടെ വിവിധഘട്ടങ്ങളിൽ തങ്ങളുടെ പങ്കാളിത്തത്തെക്കുറിച്ച് 1274 ജനപ്രതിനിധികൾ നൽകിയ ഉത്തരങ്ങൾ ക്രോഡീകരിച്ചു നൽകിയിരിക്കുന്നു. ഗ്രാമസഭാ സംഘാടനത്തിൽ ഏതാണ്ടെല്ലാ ജനപ്രതിനിധികളും സജീവരായിരുന്നു. 13 പേർ മാത്രമാണ് ഗ്രാമസഭയിൽ പങ്കെടുക്കാതിരുന്നിട്ടുള്ളത്. 44 ശതമാനം പേർ അവരുടെ പൂർണനേതൃത്വത്തിൽ തന്നെയാണ് ഗ്രാമസഭ സംഘടിപ്പിക്കപ്പെട്ടത് എന്ന് അവകാശപ്പെടുന്നു. എന്നാൽ തുടർന്നുള്ള ഓരോ ആസൂത്രണഘട്ടത്തിലും വനിതാജനപ്രതിനിധികളുടെ സജീവത കുറഞ്ഞു വരുന്നതായിട്ടാണ് കണക്കുകൾ കാണിക്കുന്നത്. 'വളരെ സജീവ'മായിരുന്നവരുടേയും 'പൂർണനേതൃത്വം' നൽകുന്നവരുടെയും ശതമാനക്കണക്കെടുത്താൽ ഇത് വളരെ വ്യക്തമാകും. ഗ്രാമസഭാസംഘാടനത്തിൽ

ഇവരുടെ എണ്ണം 66 ശതമാനത്തോളം വരും. എന്നാൽ വികസന സെമിനാറായപ്പോൾ ഇവരുടെ ശതമാനം 47 ആയി ചുരുങ്ങി. കർമസമിതി ആയപ്പോഴേക്കും അത് 37 ശതമാനം ആയിക്കുറഞ്ഞു. പദ്ധതിരേഖ തയ്യാറാക്കുന്ന ഘട്ടത്തിൽ പോലും ഈ തോത് ഉയരുന്നില്ല. പദ്ധതിരേഖ അംഗീകരിക്കുന്നതിൽ ഏതാണ്ടെല്ലാ ജനപ്രതിനിധികളും പങ്കാളികളായേ തീരു. കാരണം നിയമപരമായി ഭരണ സമിതികളാണ് അത് അംഗീകരിക്കേണ്ടത്. എന്നാൽ 17 ശതമാനം വനിതാജനപ്രതിനിധികൾ പദ്ധതി രേഖ തയ്യാറാക്കുന്നതു സംബന്ധിച്ച തങ്ങളുടെ പങ്കാളിത്തത്തെക്കുറിച്ച് പ്രതികരിക്കാൻ തയ്യാറായിട്ടില്ല. ഇപ്രകാരം പ്രതികരിക്കാത്തവരുടെ ശതമാനം ഗ്രാമസഭാഘട്ടത്തിൽ 4.7 ശതമാനം ആയിരുന്നത് ഓരോ ഘട്ടം കഴിയുന്തോറും അനുക്രമമായി ഉയർന്നുവരുന്നതു കാണാം. ഇതുതന്നെ പങ്കെടുക്കാത്തവരുടെയും നാമമാത്രമായി പങ്കെടുത്തവരുടെയും കണക്കുനോക്കിയാലും കാണാം.

ഗ്രാമസഭാസംഘാടനവും ചർച്ചയും സാങ്കേതകിമായ അറിവ് ആവശ്യപ്പെട്ടിരുന്നില്ല. സംഘാടനപാടവവും പൊതുജനബന്ധങ്ങളും മാത്രം മതിയായിരുന്നു ഫലപ്രദമായി ഇടപെടുന്നതിന്. എന്നാൽ പിന്നീടുള്ള ഓരോ ആസൂത്രണഘട്ടവും കൂടുതൽ ക്ലിഷ്ടമായിരുന്നു. ഒരു പരിധിവരെ എഴുതുന്നതിനുള്ള വൈഭവവും സാങ്കേതികജ്ഞാനവും കൂടിയേ തീരു. ഇതാണ് ആസൂത്രണത്തിൻെറ പിന്നീടുള്ള ഘട്ടങ്ങളിൽ സജീവത കുറയുന്നതിനിടയായത്.

പട്ടിക 7-ൽ വിവിധഘട്ടങ്ങളിലെ കൈപ്പുസ്തകം വായിച്ചിട്ടുള്ള വനിതാജനപ്രതിനിധികളുടെ ശതമാനം നൽകിയിട്ടുണ്ട്. ഗ്രാമസഭാസംഘാടനത്തിലൂന്നിക്കൊണ്ടുള്ള ഒന്നാംഘട്ട കൈപ്പുസ്തകം 76ശതമാനം പേരും വായിച്ചിട്ടുണ്ട്. എന്നാൽ വികസന സെമിനാർ സംബന്ധിച്ച രണ്ടാംഘട്ട കൈപുസ്തകം 57ശതമാനം പേരേ വായിച്ചിട്ടുള്ളു. പ്രോജക്ട് തയ്യാറാക്കുന്നതിനുള്ള മൂന്നാംഘട്ട കൈപുസ്തകം വായിച്ചിട്ടുള്ളവർ 44 ശതമാനം ആണ്. പദ്ധതിരേഖയുടെ ഘട്ടമായ നാലാം ഘട്ടത്തിലെ കൈപുസ്തകം വായിച്ചവർ 41 ശതമാനം ആയി കുറഞ്ഞു. പുസ്തകം വായിച്ചിട്ടില്ല എന്ന് തുറന്ന് പറഞ്ഞവർ ചുരുക്കമാണ്. എന്നാൽ ഉത്തരം നൽകാത്തവരുടെ ശതമാനം ഒന്നാം ഘട്ടത്തിൽ 18 ശതമാനം ആയിരുന്നത് നാലാം ഘട്ടമായപ്പോഴേക്കും 53 ശതമാനം ആയി അനുക്രമമായി വർദ്ധിച്ചത് കാണാം.

വിവിധഘട്ടങ്ങളിലെ കർത്തവ്യങ്ങളെക്കുറിച്ചുള്ള ആശയവ്യക്തത സംബന്ധിച്ച് പട്ടിക 8-ൽ നൽകിയിരിക്കുന്ന വിവരണങ്ങളും മുൻഖണ്ഡികകളിലെ പൊതുനിഗമനങ്ങളെ ശരിവയ്ക്കുന്നതാണ്. ഗ്രാമസഭാസംഘാടനത്തെക്കുറിച്ച് സാമാന്യധാരണയോ വ്യക്തമായ ധാരണയോ ഉണ്ടായിരുന്നവർ 70 ശതമാനം ആയിരുന്നു. വികസന സെമിനാർഘട്ടത്തിൽ ഇത് 55 ശതമാനം ആയും കർമ്മസമിതി ഘട്ടത്തിൽ ഇത് 43 ശതമാനം ആയും കുറഞ്ഞു. പദ്ധതിരേഖ തയ്യാറാക്കുന്ന ഘട്ടത്തിൽ 40 ശതമാനം വനിതാജനപ്രതിനിധികൾക്കേ വ്യക്തമായോ സാമാന്യമായോ ഉള്ള ധാരണ അത് സംബന്ധിച്ച് ഉണ്ടായിരുന്നുള്ളു. വനിതാ പരിഗണന പ്രോജക്ടിലും പദ്ധതിയിലും ഉൾക്കൊള്ളിക്കുന്നതിന് ഈ അവ്യക്തത വിഘാതമായിത്തീർന്നു.

എന്തുകൊണ്ട് വനിതാപ്രോജക്ടുകളുടെ എണ്ണം ശോഷിച്ചു എന്നതിൻെറ കാരണങ്ങളെക്കുറിച്ച് വനിതാജനപ്രതിനിധികൾ നൽകിയ വിലയിരുത്തൽ ശ്രദ്ധേയമാണ്. അവർ നൽകിയ കണക്കുകൾ ക്രോഡീകരിച്ച് പട്ടിക 9-ൽ നൽയിട്ടുണ്ട്. 37 ശതമാനം വനിതാജനപ്രതിനിധികൾ ഏറ്റവും പ്രധാനപ്പെട്ട കാരണമായി ചൂണ്ടിക്കാണിച്ചത് ''10ശതമാനം നിബന്ധന''യെക്കുറിച്ച് അതായത് വനിതാഘടകപദ്ധതിയെക്കുറിച്ച് അവയ്ക്ക് വ്യക്തമായ ധാരണ ഉണ്ടായിരുന്നില്ല എന്നായിരുന്നു. പൊതുവിഭാഗം, പ്രത്യേകഘടകപദ്ധതി, പട്ടികവർഗഉപദ്ധതി എന്നിങ്ങനെ മൂന്നിനങ്ങളിലായിട്ടാണ് സർക്കാർ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഗ്രാൻറ് നൽകിയത്. പലരും ധരിച്ചത് പൊതുവിഭാഗം ഗ്രാൻറ്-ഇൻ-എയിഡിൻെറ 10 ശതമാനം വനിതാ ഘടകപദ്ധതിക്ക് നീക്കിവെച്ചാൽ മതിയാകും എന്നതായിരുന്നു. പ്രോജക്ടുകളുടെ സ്വഭാവത്തെക്കുറിച്ചും അവ്യക്തതയുണ്ടായിരുന്നു. പൊതുപ്രോജക്ടുകളുടെ 10 ശതമാനം ഗുണം സ്ത്രീകൾക്കു നേരിട്ട് ലഭിക്കും എന്നുറപ്പാക്കി സംതൃപ്തിയടഞ്ഞവരും ഉണ്ടായിരുന്നു.

പട്ടിക 7

## വനിതാജനപ്രതിനിധികളിൽ കൈപ്പുസ്തകം വായിച്ചിട്ടുള്ളവരുടെ ശതമാനം

| | ഗ്രാമസഭ | വികസന | കർമ്മസമിതി | പദ്ധതിരേഖ |
|---|---|---|---|---|
| 1. ഉത്തരം നൽകാത്തവർ | 229 (18.0) | 480 (37.7) | 632 (49.6) | 679 (533) |
| 2. ഭാഗികമായി വായിച്ചിട്ടുള്ളവർ | 34 (2.7) | 21 (1.6) | 0 (0) | 11 (0.9) |
| 3. വായിച്ചിട്ടില്ലാത്തവർ | 37 (2.9) | 38 (3) | 62 (4.9) | 54 (4.2) |
| 4. വായിച്ചിട്ടുള്ളവർ | 967 (75.9) | 730 (57.3) | 563 (44.2) | 523 (41.1) |
| ആകെ | 1274 (100) | 1274 (100) | 1274 (100) | 1274 (100) |

*(മൂലം: വനിതാജനപ്രതിനിധി സർവ്വെ 1998)*

പട്ടിക 8

## വനിതാജനപ്രതിനിധികൾക്ക് വിവിധഘട്ടങ്ങളിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉണ്ടായിരുന്ന ആശയവ്യക്തത

| | ഗ്രാമസഭ | വികസന സെമിനാർ | കർമ്മസമിതി | പദ്ധതിരേഖ |
|---|---|---|---|---|
| 1. ഉത്തരം നൽകാത്തവർ | 258 (20.3) | 509 (40.0) | 649 (50.9) | 692 (54.3) |
| 2. വ്യക്തതയില്ല | 110 (8.6) | 58 (4.6) | 65 (5.1) | 56 (4.4) |
| 3. സാമാന്യധാരണ | 692 (54.3) | 513 (40.3) | 398 (31.2) | 367 (28.8) |
| 4. വ്യക്തമായ ധാരണ | 203 (15.9) | 187 (14.7) | 157 (12.3) | 155 (12.2) |
| മൊത്തം | 1274 (100) | 1274 (100) | 1274 (100) | 1274 (100) |

*(മൂലം: വനിതാജനപ്രതിനിധി സർവ്വെ 1998)*

പട്ടിക 9

**വനിതാപ്രോജക്ടുകൾ കുറഞ്ഞതിന്റെ കാരണം സംബന്ധിച്ച വനിതാ ജനപ്രതിനിധികളുടെ വിലയിരുത്തൽ**

| കാരണങ്ങൾ | ഏറ്റവും പ്രധാനപ്പെട്ട കാരണം | രണ്ടാമത്തെ പ്രധാനപ്പെട്ട കാരണം |
|---|---|---|
| 1. വനിതാ കർമസമിതി പ്രവർത്തിച്ചില്ല | 342 (24.1) | 206 (14.5) |
| 2. ഭരണസമിതിയുടെ താൽപര്യമില്ലായ്മ | 167 (11.8) | 97 (6.8) |
| 3. 10 ശതമാനം നിബന്ധനയെക്കുറിച്ച് വ്യക്തയില്ലായിരുന്നു. | 519 (36.6) | 189 (13.3) |
| 4. സ്ത്രീകൾ പ്രോജക്ട് തയ്യാറാക്കുന്നതിൽ പങ്കാളികളായിരുന്നില്ല. | 262 (18.5) | 208 (14.7) |
| 5. മറ്റുള്ളവ | 129 (9.1) | .48 (3.4) |
| 6. രണ്ടാമത്തെ മുഖ്യകാരണം രേഖപ്പെടുത്താത്തവർ | | 671(47.3) |
| 7. ആകെ | 1419 (100) | 1419 (100) |

*(വനിതാ ജനപ്രതിനിധിസർവ്വേ 1998)*

71.5 ശതമാനം വനിതാ ജനപ്രതിനിധികളും കൂടുതൽ വനിതാ പ്രോജക്ടുകൾക്കുവേണ്ടി വാദിച്ചു എന്നവകാശപ്പെടുന്നു. 30 ശതമാനം പേർ ഔപചാരികമായിപ്പോലും ഇതിനു തയ്യാറായില്ല എന്നതും ശ്രദ്ധിക്കേണ്ടതാണ്. ഒരുപക്ഷേ രണ്ടാം വിഭാഗം ജനപ്രതിനിധികളുടെ തോത് കൂടുതൽ ഉയർന്നതാകാനാണ് സാധ്യത. കാരണം ഏതാണ്ട് 60 ശതമാനത്തോളം വനിതാ ജനപ്രതിനിധികളും പ്രസ്താവിച്ചത് തങ്ങളുടെ ഭരണസമിതിയിൽ വനിതാഘടകപദ്ധതിയെക്കുറിച്ച് വിവാദമൊന്നും നടന്നില്ല എന്നാണ്. വിവാദം നടന്ന ഇടങ്ങളിൽ 62 ശതമാനം വനിതാ ജനപ്രതിനിധികളുടെ അഭിപ്രായത്തിൽ പുരുഷജനപ്രതിനിധികളാണ് വനിതാഘടകപദ്ധതിയെ കൂടുതൽ എതിർത്തത്. 19 ശതമാനം പേർ ഇക്കാര്യത്തിൽ സ്ത്രീ പുരുഷവ്യത്യാസം ഉണ്ടായിരുന്നില്ല എന്ന പക്ഷക്കാരാണ്. 20 ശതമാനം പേരാകട്ടെ വനിതാജനപ്രതിനിധികൾ തന്നെയാണ് ഭരണസമിതിയിൽ വനിതാഘടകപദ്ധതിയെ കൂടുതൽ എതിർത്തത് എന്നാണ് അഭിപ്രായപ്പെട്ടത്.

സർവ്വെയിൽ പങ്കെടുത്ത 1656 വനിതാ ജനപ്രതിനിധികളിൽ 41 പേർ ഒരു പ്രോജക്ടും വായിച്ചിരുന്നില്ല. മറ്റൊരു 42 പേർ ഈ ചോദ്യത്തിനുത്തരം നൽകിയില്ല. ഇവരെയും പ്രോജക്ടുകൾ വായിച്ചിട്ടില്ലാത്തവരുടെ ഗണത്തിൽ കൂട്ടിയാൽപോലും 5 ശതമാനം മാത്രമേ വരൂ. അതേസമയം 28.1 ശതമാനം പേർ എല്ലാ പ്രോജക്ടുകളും മറ്റൊരു 23.9 ശതമാനം പേർ ഭൂരിപക്ഷം പ്രോജക്ടുകളും വായിച്ചിട്ടുള്ളവരാണ്. 41.7 ശതമാനം പേർ തങ്ങളുടെ വാർഡുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ മാത്രം വായിച്ചിട്ടുള്ളവരാണ്.

എന്തുകൊണ്ടാണ് വനിതാജനപ്രതിനിധികൾക്ക് കൂടുതൽ സജീവമായി ആസൂത്രണത്തിന്റെ ഉയർന്ന ഘട്ടങ്ങളിൽ ഇടപെടാൻ കഴിയാതെ പോയത്? വനിതാ ജനപ്രതിനിധികളുടെ - ഇതേറെക്കുറെ പുരുഷന്മാർക്കും ബാധകമാണ് - വിദ്യാഭ്യാസം തൊഴിൽ, പ്രായം, മുൻ ഭരണപരിചയം ഇതൊക്കെ കണക്കിലെടുക്കുമ്പോൾ ഇങ്ങനെ പ്രഥമവർഷത്തിൽ സംഭവിച്ചെങ്കിൽ അതിൽ വിസ്മയിക്കാനൊന്നുമില്ല എന്ന് മനസ്സിലാക്കാനാകും. 1996-ൽ കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് ത്രിതല പഞ്ചായത്തിലെ 5000-ൽ പരംജനപ്രതിനിധികളെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയുണ്ടായി. ഈ സർവ്വെയെ അടിസ്ഥാനമാക്കിയുള്ള ചില സ്ഥിതി വിവരക്കണക്കുകളാണ് വനിതാ ജനപ്രതിനിധികളുടെ സാമൂഹിക രാഷ്ട്രീയ പശ്ചാത്തലം വിശകലനം ചെയ്യുന്നതിനായി ഉപയോഗിക്കുന്നത്.

### പട്ടിക 10
### ജനപ്രതിനിധികളുടെ പ്രായം

| പ്രായം | സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|---|
| 20-30 | 26.25 | 14.30 | 18.83 |
| 30-40 | 40.38 | 32.07 | 35.22 |
| 40-50 | 22.25 | 32.68 | 28.73 |
| 50-60 | 9.12 | 15.55 | 13.12 |
| 60-70 | 1.95 | 5.08 | 3.89 |
| 70 -ന് മുകളിൽ | 0.05 | 0.32 | 0.22 |
| ആകെ | 100.00 | 100.00 | 100.00 |

*(പരിഷത് ജനപ്രതിനിധി സർവെ 1996)*

### പട്ടിക 11
### ജനപ്രതിനിധികളുടെ വിദ്യാഭ്യാസയോഗ്യത (ശതമാനം)

| | എൽ.പി | പ്രൈമറി | യു.പി | ഹൈസ്ക്കൂൾ | പ്രീഡിഗ്രി | ബിരുദം | ബിരുദാനന്തര ബിരുദം |
|---|---|---|---|---|---|---|---|
| ആൺ | 1.79 | 7.32 | 11.16 | 48.56 | 15.86 | 14.1 | 1.21 |
| പെൺ | 0.68 | 3.72 | 7.50 | 52.65 | 17.37 | 16.48 | 1.57 |

*(മൂലം: പരിഷത്ത് ജനപ്രതിനിധി സർവ്വെ 1996)*

പട്ടിക 10-ൽ കാണുന്നതുപോലെ 26 ശതമാനം വനിതാ ജനപ്രതിനിധികളും 30 വയസ്സിനുതാഴെ പ്രായമുള്ളവരാണ്. പുരുഷജനപ്രതിനിധികളിൽ 14 ശതമാനമേ 30 വയസ്സിൽ താഴെയുള്ളവരുള്ളൂ. പുരുഷജനപ്രതിനിധികളുടെ പ്രായം താരതമ്യേന ഉയർന്നതാണ്. 54 ശതമാനം ജനപ്രതിനിധികളും 40 വയസ്സിനുമുകളിലുള്ളവരാണ്. സ്ത്രീകളിൽ ഇവരുടെ പങ്ക് 33.4 ശതമാനമേ വരൂ.

വിദ്യാഭ്യാസത്തിൻെറ കാര്യമെടുത്താൽ വനിതാജനപ്രതിനിധികൾ പുരുഷന്മാരേക്കാൾ മുമ്പിലാണ്. വനിതാ ജനപ്രതിനിധികളിൽ 18 ശതമാനം പേർ ബിരുദമോ ബിരുദാനന്തരബിരുദമോ ഉള്ളവരാണ്. അതേസമയം പുരുഷന്മാരിൽ 15.3 ശതമാനം പേർക്കേ ഈ ഉയർന്ന ബിരു

ദമുള്ളൂ. ഹൈസ്ക്കൂൾ, പ്രീഡിഗ്രി വിദ്യാഭ്യാസമെടുത്താലും സ്ത്രീകൾ മുന്നിലാണെന്ന് കാണാം. എങ്കിൽതന്നെയും വിസ്മരിക്കാൻ പാടില്ലാത്ത ഒരു പ്രധാനപ്പെട്ട കാര്യം 64.55 ശതമാനം വനിതാ ജനപ്രതിനിധികളും ഹൈസ്ക്കൂം വിദ്യാഭ്യാസമോ അതിൽ താഴെ മാത്രം വിദ്യാഭ്യാസമോ ഉള്ളവരാണ് എന്ന വസ്തുതയാണ്. (പട്ടിക 11 നോക്കുക)

1996 ലെ പരിഷത് സർവ്വെപ്രകാരം 33 ശതമാനം വനിതാ ജന പ്രതിനിധികൾക്കും തൊഴിലില്ല. പുരുഷന്മാരിൽ ഇത് 10 ശതമാനത്തിൽ താഴെയേ വരൂ. പണിയെടുക്കുന്ന സ്ത്രീകളിൽ ഭൂരിപക്ഷവും സേവനത്തുറയിലാണ്. പുരുഷന്മാരിൽ ഏറ്റവും പ്രധാനപ്പെട്ട വിഭാഗം അതേസമയം കൃഷിക്കാരാണ്. (പട്ടിക 12 നോക്കുക) 1998ലെ വനിതാ ജനപ്രതിനിധി സർവ്വെയിൽ പങ്കെടുത്തവരിൽ 49 ശതമാനം വനിതാ ജനപ്രതിനിധികളും തൊഴിലില്ലാത്തവരായിരുന്നു. അവരിൽ 35 ശതമാനം പേരുടെയും മാസകുടുംബവരുമാനം 1000 രൂപയിൽ താഴെയാണ്. മറ്റൊരു 22 ശതമാനം പേരുടെ കുടുംബവരുമാനം 2000-ൽ താഴെയും. വ്യക്തിപരമായെടുത്താൽ 63 ശതമാനം പേർക്കും 1000 രൂപയിൽ താഴെയാണ് വരുമാനമെന്ന് കാണാം (പട്ടിക 13 നോക്കുക).

**പട്ടിക 12**

**ജനപ്രതിനിധികളുടെ തൊഴിൽ (ശതമാനം)**

| തൊഴിൽ | സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|---|
| കൃഷി | 7.22 | 26.61 | 19.27 |
| കർഷകത്തൊഴിലാളി | 3.85 | 4.21 | 4.07 |
| അനുബന്ധമേഖലകൾ | 1.58 | 2.86 | 2.38 |
| പരമ്പരാഗതവ്യവസായ ത്തൊഴിലാളികൾ | 1.53 | 2.57 | 2.18 |
| വ്യവസായത്തൊഴിലാളി | 1.11 | 4.79 | 3.39 |
| സേവനമേഖല | 21.3 | 17.99 | 19.25 |
| റിട്ടയർ ചെയ്തവർ | 6.06 | 6.23 | 6.17 |
| തൊഴിലില്ലാത്തവർ | 33.37 | 9.99 | 18.85 |
| സ്വയം തൊഴിൽ | 7.54 | 12.34 | 10.52 |
| മറ്റുള്ളവ | 16.45 | 12.4 | 13.93 |
| ആകെ | 100.00 | 100.00 | 100.00 |

*(പരിഷത് ജനപ്രതിനിധി സർവെ 1996)*

## പട്ടിക 13

## വനിതാജനപ്രതിനിധികളുടെ മാസവരുമാനം

| വരുമാനവിഭാഗം | സ്വന്തം മാസവരുമാനം | കുടുംബ മാസവരുമാനം |
|---|---|---|
| 0-1000 | 1050 (63.4) | 529 (31.9) |
| 1000-2000 | 266 (16.1) | 362 (21.9) |
| 2000-3000 | 114 (6.9) | 236 (14.3) |
| 3000-4000 | 88 (5.3) | 130 (7.9) |
| 4000-5000 | 56 (5.3) | 131 (7.6) |
| 5000-10000 | 82 (5) | 221 (13.3) |
| 10,000 ന് മുകളിൽ | - | 46 (2.8) |
| മൊത്തം | 1656 (100) | 1656 (100) |

*(മൂലം: വനിതാപ്രതിനിധി സർവ്വെ 1998)*

## പട്ടിക 14

## വനിതാജനപ്രതിനിധികൾ രാഷ്ട്രീയത്തിലേക്ക് കടന്നതിൻെറ പ്രേരണ

| | | ഒന്നാമത്തെ പ്രധാനപ്പെട്ട പ്രേരണ | രണ്ടാമത്തെ പ്രധാനപ്പെട്ട പ്രേരണ |
|---|---|---|---|
| 1. | കുടുംബാന്തരീക്ഷം | 517 (34.9) | 135 (9.1) |
| 2. | സുഹൃത്തുക്കൾ | 219 (14.8) | 208 (14.0) |
| 3. | വായനയും ആദർശാഭിമുഖ്യവും | 200 (13.5) | 133 (9.0) |
| 4. | പ്രക്ഷോഭണപരിപാടി | 81 (5.5) | 75 (5.1) |
| 5. | യാദൃച്ഛികം | 415 (28.0) | 50 (3.4) |
| 6. | മറ്റുള്ളവ | 51 (3.4) | 25 (1.7) |
| 7. | രണ്ടാമത്തെ പ്രേരണയുടെ മുൻഗണന നൽകാത്തവർ | - | 857(57.8) |
| | ആകെ | 1483 (100) | 1483 (100) |

*(മൂലം: വനിതാജനപ്രതിനിധി സർവ്വെ 1998)*

പട്ടിക 15

## വനിതാ ജനപ്രതിനിധികൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനുള്ള പ്രേരണ

| | ഒന്നാമത്തെ പ്രധാനപ്പെട്ട പ്രേരണ | രണ്ടാമത്തെ പ്രധാനപ്പെട്ട പ്രേരണ |
|---|---|---|
| 1. ഇതിനുമുമ്പും ജനപ്രതിനിധിയായിരുന്നു | 62 (4.4) | 20 (1.4) |
| 2. ഭർത്താവിൻെറ പ്രേരണ | 147 (10.4) | 207 (14.7) |
| 3. കുടുംബാംഗങ്ങളുടെ പ്രേരണ | 70 (5.0) | 97 (6.9) |
| 4. സുഹൃത്തുക്കളുടെ പ്രേരണ | 130 (9.2) | 160 (11.3) |
| 5. പാർട്ടിയുടെ തീരുമാനം | 807 (57.2) | 173 (12.3) |
| 6. സ്വന്തം ഇഷ്ടപ്രകാരം | 195 (13.8) | 82 (5.8) |
| 7. രണ്ടാമത്തെ പ്രധാനപ്പെട്ട പ്രേരണയുടെ മുൻഗണന രേഖപ്പെടുത്താത്തവർ | - | 672 (47.6) |
| ആകെ | 1411 (100) | 1411 (100) |

*(മൂലം: വനിതാജനപ്രതിനിധി സർവ്വെ 1998)*

79 ശതമാനം അംഗങ്ങളും ആദ്യമായിട്ടാണ് ജനപ്രതിനിധിയായി തെരഞ്ഞെടുക്കപ്പെടുന്നത്. വനിതാ ജനപ്രതിനിധികളിൽ ഇവരുടെ തോത് 85 ശതമാനം വരും. 40 ശതമാനം വനിതാ ജനപ്രതിനിധികളും തെരഞ്ഞെടുപ്പിലൂടെയാണ് പൊതുരംഗപ്രവേശനം നടത്തിയിട്ടുള്ളത്. മറ്റൊരു 26 ശതമാനം പേർ മഹിളാ സംഘടനകളിൽ പ്രവർത്തിച്ചുവന്നവരാ

ണ്. 7.5 ശതമാനം പേർ വിദ്യാർത്ഥിസംഘടനകളിലും. ഏതായാലും നല്ലൊരു പങ്ക് വനിതാ ജനപ്രതിനിധികൾ പൊതുരംഗത്തു നവാഗതരാണ്.

പട്ടിക 14-ൽ വനിതാ ജനപ്രതിനിധികൾ രാഷ്ട്രീയത്തിലേക്കു കടന്നതിൻെറ പ്രേരണ സംബന്ധിച്ച് അവരുടെതന്നെ വിലയിരുത്തൽ കൊടുത്തിട്ടുണ്ട്. കുടുംബാന്തരീക്ഷമാണ് 35 ശതമാനം പേരുടെയും ഏറ്റവും പ്രധാനപ്പെട്ട പ്രേരണ. മറ്റൊരു 25 ശതമാനം പേർ യാദൃച്ഛികമായി രാഷ്ട്രീയരംഗത്തേക്കു കടന്നുവന്നവരാണ്. വായനയുടെയും ആദർശാഭിമുഖ്യത്തിൻെറയും അടിസ്ഥാനത്തിലോ പ്രക്ഷോഭണരംഗത്തിലൂടെയോ രാഷ്ട്രീയത്തിലേക്കു കടന്നുവന്നവർ 19 ശതമാനമേ വരൂ.

ഭർത്താവിൻെറയോ കുടുംബാംങ്ങളുടെയോ പ്രേരണയിൽ മത്സരിച്ചവർ 15 ശതമാനമേ വരൂ. 57 ശതമാനം പേരും പാർട്ടി തീരുമാനമനുസരിച്ചാണ് മത്സരിച്ചത് എന്നാണ് പറഞ്ഞത് (പട്ടിക 15). സർവ്വെയിൽ പങ്കെടുത്ത 51.6 ശതമാനം വനിതാ ജനപ്രതിനിധികളും സി.പി.ഐ.(എം.) ൻെറ പ്രതിനിധികളാണ്. 9.5 ശതമാനം പേർ സി.പി.ഐയുടേതും. സാന്ദർഭികമായി പറയട്ടെ, സി.പി.എമ്മിൻെറ ടിക്കറ്റിൽ ജയിച്ച 43.44 ശതമാനം ജനപ്രതിനിധികളും സ്ത്രീകളാണ്. അതേസമയം കോൺഗ്രസ്സിൽ ഇത് 28.8 ശതമാനമേ വരൂ.

പല വനിതാ പ്രതിനിധികൾക്കും കുടുംബപരമായിട്ടുള്ള ഉത്തരവാദിത്വങ്ങളും വനിതകളെന്ന നിലയിൽ നേരിടേണ്ടിവരുന്ന സാമൂഹിക എതിർപ്പുകളും മാനസിക ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. വനിതാജനപ്രതിനിധികളുടെ സ്വയം വിലയിരുത്തൽ പ്രകാരം 43.7 ശതമാനം പേരും പൊതുപ്രവർത്തനത്തിൽ ഏർപ്പെട്ടതുകൊണ്ട് അപവാദ പ്രചണങ്ങൾക്ക് വിധേയരായിട്ടുണ്ട്. ഇതിൽ 36.8 ശതമാനത്തിൻെറയും സ്രോതസ് എതിർപാർട്ടികളിൽ നിന്നായിരുന്നു. മറ്റൊരു 33.5 ശതമാനം അപവാദപ്രചരണക്കാർ കോൺട്രാക്ടർമാർ പോലുള്ള നിക്ഷിപ്തതാത്പര്യക്കാരായിരുന്നു. 21 ശതമാനത്തിൻെറ സ്രോതസ്സ് പൊതുജനങ്ങളായിരുന്നു. 8.5 ശതമാനം പേർ സ്വന്തം പാർട്ടികളിൽ നിന്നും സഹപ്രവർത്തകരിൽ നിന്നും അപവാദപ്രചരണം നേരിടേണ്ടിവന്നു.

പട്ടിക 14

## വനിതാജനപ്രതിനിധികളുടെ ജോലിത്തിരക്കും കുടുംബസംഘർങ്ങളും

| പ്രായവിഭാഗം | ഇല്ല | വളരെക്കുറച്ച് | കുറച്ച് | അധികം | വളരെയധികം | ആകെ |
|---|---|---|---|---|---|---|
| 1. 30 വയസ്സിനുതാഴെ | 39.3 | 15.7 | 37.6 | 2.6 | 2.6 | 100 |
| 2. 30 മുതൽ 39 വരെ | 34.2 | 20.5 | 36.8 | 2.7 | 2.8 | 100 |
| 3. 40 മുതൽ 54 വരെ | 38.5 | 16.6 | 38.9 | 2.4 | 1.4 | 100 |
| 4. 55 നു മുകളിൽ | 53.8 | 14.1 | 27.6 | 0.5 | 2.5 | 100 |
| ആകെ | 40 | 18.0 | 37.2 | 2.4 | 2.4 | 100 |

*(വനിതാ ജനപ്രതിനിധി സർവേ, 1998)*

പൊതുപ്രവർത്തനം വനിതാജനപ്രതിനിധികളുടെ വീട്ടിലും സംഘർഷങ്ങൾക്കിടയാക്കാറുണ്ട്. ഒരു ശരാശരി വനിതാ ജനപ്രതിനിധി ഒരു പ്രവൃത്തിദിനത്തിൽ ഏതാണ്ട് 4 മണിക്കൂർ നേരം പഞ്ചായത്തും ജനകീയാസൂത്രണവുമായി ഉള്ള പ്രവർത്തനങ്ങളിൽ മുഴുകേണ്ടിവരുന്നു എന്നാണ് വനിതാജനപ്രതിനിധികളുടെ വിലയിരുത്തൽ. ഏതാണ്ട് മറ്റൊരു 2 മണിക്കൂർ മറ്റ് പൊതുപ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നു. തൊഴിലുള്ള സ്ത്രീകളെക്കൂടി പരിഗണിക്കുമ്പോൾ ഏതാണ്ടൊരു 4 മണിക്കൂർ നേരം ശരാശരി തൊഴിലിനായി നീക്കിവയ്ക്കേണ്ടിവരുന്നു. ഇതിനുപുറമേ വീടുമായി ബന്ധപ്പെട്ടിട്ടുള്ള സ്വയം തൊഴിലുകൾക്ക് 2 മണിക്കൂറോളം ചെലവാക്കേണ്ടിവരുന്നുണ്ട്. കുടുംബജോലികൾക്കായി മറ്റൊരു 4 മണിക്കൂർ കൂടി ശരാശരി വേണ്ടിവരുന്നു. അങ്ങനെ മൊത്തം 16 മണിക്കൂർ. വിശ്രമത്തിനും ഉറക്കത്തിനുമായി 8 മണിക്കൂർ മാത്രമാണ് ലഭിക്കുന്നത്. ഈ കണക്കിന് കൃത്യതയൊന്നും അവകാശപ്പെടാനാവില്ല. എന്നാൽ 1000 ത്തോളം വനിതാജനപ്രതിനിധികൾ ഒറ്റയ്ക്കൊറ്റയ്ക്കു നടത്തിയ സ്വയം വിലയിരുത്തലിൽ നിന്ന് തെളിഞ്ഞുവന്ന ചിത്രമാണിത്. ഏതാണ്ട് ശരാശരി 6 മണിക്കൂർ നേരം പൊതുപ്രവർത്തനത്തിൽ ഏർപ്പെടുന്നതിന് വനിതാജനപ്രതിനിധി ബാധ്യസ്ഥയാണ് എന്നതാണ് പ്രധാനപ്പെട്ട വസ്തുത. ഇത് 60 ശതമാനം വനിതാജനപ്രതിനിധികളുടെ വീട്ടിലും ചെറിയ തോതിലെങ്കിലും സംഘർ

ഷങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇത് ഏതാണ്ട് 5 ശതമാനത്തോളം പേരുടെ വീടുകളിൽ ''അധികം'' അല്ലെങ്കിൽ ''വളരെ അധികം'' സംഘർഷങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പട്ടിക 16-ൽ കാണാവുന്നതുപോലെ 30-39 പ്രായപരിധിയിലുള്ളവരുടെ വീടുകളിലാണ് താരതമ്യേന ഇത്തരം സംഘർഷങ്ങളുള്ളത്. കുട്ടികളുടെ പരിപാലനവും വിദ്യാഭ്യാസവും ആണ് പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കുക. അതേസമയം 40 വയസ്സിനുമേലുള്ള സ്ത്രീകളുടെ കുടുംബങ്ങളിൽ ജോലിത്തിരക്കുമൂലമുള്ള സംഘർഷങ്ങൾ കുറവാണ്. ഏതായാലും ഒരു പരിധി വിട്ട് അപൂർവമായേ സംഘർഷങ്ങൾ വളരാറുള്ളൂ. 70 ശതമാനം വനിതാ ജനപ്രതിനിധികളും ഭർത്താവോ മറ്റ് കുടുംബാംഗങ്ങളോ പഞ്ചായത്തുപ്രവർത്തനത്തിൽ തങ്ങളുമായി സഹകരിക്കുന്നുണ്ട് എന്നഭിപ്രായപ്പെട്ടു.

വനിതാജനപ്രതിനിധികളുടെ വിദ്യാഭ്യാസ - സാമൂഹിക പശ്ചാത്തലവും പരിചയക്കുറവും പൊതുഭരണ രംഗത്തേക്ക് ആദ്യമായി കടന്നുവരുമ്പോഴുണ്ടാകുന്ന എതിർപ്പുകളും വൈഷമ്യങ്ങളും എല്ലാം വച്ചുനോക്കുമ്പോൾ പ്രഥമവർഷത്തിൽ ആസൂത്രണപ്രക്രിയയ്ക്ക് നേതൃത്വം നൽകുന്നതിലുണ്ടായ ബലഹീനതകൾ മനസ്സിലാക്കാവുന്നതേയുള്ളൂ. ഈ കുറവ് പരിഹരിക്കാനാവും വിധം പുറത്തുനിന്നുള്ള പിന്തുണ വനിതാ ജനപ്രതിനിധികൾക്ക് നൽകിക്കൊണ്ടുമാത്രമേ വികസനപ്രക്രിയയിൽ സ്ത്രീ പരിഗണന ഉറപ്പാക്കുന്നതിനുള്ള ജനകീയാസൂത്രണലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയൂ എന്നത് വ്യക്തം.

ഭാഗം 4

# പരിഹാരനടപടികൾ - പുതിയ സമീപനം

ഒന്നാംവാർഷികപദ്ധതി സംബന്ധിച്ച് ഇതുവരെ വിവരിച്ച ദൗർബല്യങ്ങൾ പരിഹരിക്കുന്നതിന് എന്തുനടപടികളാണ് സ്വീകരിക്കേണ്ടത്? പലതലങ്ങളിൽ നടന്ന ചർച്ചകളിലൂടെ പുതിയൊരു സമീപനം ഉരുത്തിരിഞ്ഞു വന്നു. താഴെപറയുന്നവയാണ് ഈ പുതിയ സമീപനത്തിൻെറ പ്രധാനപ്പെട്ട വശങ്ങൾ.

1. വനിതാഘടകപദ്ധതിക്കുവേണ്ടി 10% ഗ്രാൻറ്-ഇൻ-എയ്ഡ് തുക വകയിരുത്തണമെന്ന നിബന്ധന നിർബന്ധിതമാക്കി ഏതെല്ലാം പ്രോജക്ടുകളാണ് വനിതാഘടകപദ്ധതിയിലുൾപ്പെടുത്താനാകുന്നത് എന്നത് സംബന്ധിച്ച് കൂടുതൽ വ്യക്തമായ നിർദ്ദേശങ്ങൾക്ക് രൂപം നൽകി.

2. ഒന്നാംവാർഷികപദ്ധതി വനിതാപ്രോജക്ടുകളെല്ലാം വനിതാ കർമ്മസമിതി തന്നെ ഉണ്ടാക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ വിവിധ മേഖലകളിൽ ഇപ്രകാരം പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള പ്രാപ്തി വനിതാകർമ്മസമിതിക്കുണ്ടായിരുന്നില്ല എന്നതാണ് സത്യം. അതുകൊണ്ട് വനിതാകർമ്മസമിതി വനിതാപ്രോജക്ടുകൾക്കുള്ള നിർദ്ദേശങ്ങൾക്ക് രൂപം നൽകിയാൽ മതിയെന്നും അവ തയ്യാറാക്കേണ്ടത് മറ്റു വിഷയകർമ്മസമിതികൾ ആയിരിക്കണമെന്നും നിർദ്ദേശിച്ചു. ഇതിനും പൊതുപ്രോജക്ടുകളിലെ വനിതാപരിഗണന ഉറപ്പുവരുത്തുന്നതിനുമായി എല്ലാവിഷയകർമ്മസമിതികളിലും വനിതാകർമ്മസമിതിയിൽ നിന്ന് ഒരാൾ എക്സ്-ഒഫിഷ്യോ അംഗമായിരിക്കണമെന്ന് നിർദ്ദേശിച്ചു.

3. വനിതാപരിഗണന സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ പാലിച്ചു എന്നുറപ്പുവരുത്തുന്നതിന് ബ്ലോക്ക്-ജില്ലാ തലങ്ങളിലെ വിദഗ്ധസമിതികളിൽ വനിതാവികസനത്തിന് ഒരു സബ്ജക്ട് കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചു. ഒന്നാംവർഷം ഇത്തരമൊരു പ്രത്യേകസംവിധാനം ഉണ്ടായിരുന്നില്ല.

4. പൊതുപരിശീലനത്തിനുപുറമേ സ്ത്രീവികസനം സംബന്ധിച്ച പ്രത്യേകമായ പരിശീലനപരിപാടിക്ക് രൂപം നൽകി.

5. ആരൊക്കെയാണ് ഈ പരിശീലനപരിപാടിയിൽ പങ്കെടുക്കേണ്ടിയിരുന്നത്? മൂന്നാംഭാഗത്തു കണ്ടതുപോലെ വനിതാപരിശീലകരുടെ എണ്ണം താരതമ്യേന കുറവായിരുന്നു. അവരിൽ നല്ലപങ്ക് ഒന്നാം വർഷ ആസൂത്രണപ്രക്രിയ അവസാനിച്ചപ്പോഴേക്കും കൊഴിഞ്ഞു പോവുകയും ചെയ്തിരുന്നു. കെ.ആർ.പി.യെ സംബന്ധിച്ചിടത്തോളം ജനകീയാസൂത്രണം ഏതാണ്ടൊരു മുഴുവൻ സമയപ്രവർത്തനമായിരുന്നു എന്നുവേണമെങ്കിൽ പറയാം. പുതിയവനിതാപരിശീലകരെ കണ്ടെത്താൻ ശ്രമിക്കുന്നതിനു പകരം വനിതാജനപ്രതിനിധികളിൽ ഊന്നിക്കൊണ്ടുള്ള ഒരു പരിശീലനപരിപാടിക്കു രൂപം നൽകാൻ തീരുമാനിച്ചു. പുതിയ സമീപനപ്രകാരം വനിതാജനപ്രതിനിധികൾ തന്നെയായിരിക്കും വനിതാപരിപാടികളുടെ കേന്ദ്രബിന്ദുക്കൾ. അവരെ സഹായിക്കുന്നതിനുവേണ്ടി സന്നദ്ധപ്രവർത്തകർക്കുപുറമേ അങ്കണവാടിപ്രവർത്തകരെകൂടി അണിനിരത്തുന്നതിനും ധാരണയായി.

എന്തുകൊണ്ടാണ് വനിതാജനപ്രതിനിധികളിൽ ഊന്നുന്നതിനും അവരിൽ നിന്നുതന്നെ സംഘാടകരെയും പരിശീലകരെയും കണ്ടെത്തുന്നതിനും തീരുമാനിച്ചത്? കാരണം അതുവരെയുള്ള ജനകീയാസൂത്രണപ്രവർത്തനങ്ങൾ വലിയ മാറ്റങ്ങൾ വനിതാജനപ്രതിനിധികൾ സൃഷ്ടിച്ചുകഴിഞ്ഞു എന്ന തിരിച്ചറിവാണ്. പുതിയ കർത്തവ്യങ്ങൾ ഏറ്റെടുക്കുന്നതിനുള്ള കഴിവും പ്രാപ്തിയും അവരിൽ വലിയൊരു വിഭാഗത്തിനുണ്ടായിരുന്നു. നാം നേരത്തെകണ്ടതുപോലെ 85 ശതമാനം വനിതാജനപ്രതിനിധികൾ മുൻഭരണപരിചയം ഇല്ലാത്തവരായിരുന്നു. 40 ശതമാനത്തോളം പേരാകട്ടെ ആദ്യമായിട്ടാണ് പൊതുരംഗത്തു തന്നെ. കാൽ വെച്ചത്. അവരിൽ പലരും ബന്ധുക്കളുടെയും മറ്റും പ്രേരണകൊണ്ടാണ് ഇതിനു തുനിഞ്ഞതുതന്നെ. ഇവയ്ക്കുപുറമേ മറ്റു പലകാരണങ്ങൾ കൊണ്ടും വേണ്ടത്ര ഫലപ്രദമായ രീതിയിൽ ആസൂത്രണപ്രക്രിയയിൽ ഇടപെടുന്നതിന് കഴിയാതെ പോയതെങ്ങനെയെന്ന് 3-ാം ഭാഗത്തിൽ വിശദീകരിച്ചുകഴിഞ്ഞു. ഇത്തരം ദൗർബല്യങ്ങൾ ഉണ്ടായെങ്കിലും ഒന്നരവർഷത്തെ ജനകീയാസൂത്രണപ്രവർത്തനങ്ങൾ ജനപ്രതിനിധികൾക്കാകെ ഒരു തീവ്രയത്നപരിശീലനപരിപാടി തന്നെയായിരുന്നു. ഔപചാരികക്ലാസുകൾക്ക് പുറത്ത് പലതുംചെയ്തുപഠിച്ചു.

ജനകീയാസൂത്രണത്തിൻെറ ഫലമായി തങ്ങളുടെ കഴിവും ആത്മവിശ്വാസവും ഗണ്യമായി ഉയർന്നു എന്ന് വനിതാജനപ്രതിനിധികൾ തന്നെ സ്വയം വിലയിരുത്തി. ഇതുസംബന്ധിച്ച ചില പ്രസക്തമായ കണക്കുകളാണ് ഇനി കൊടുക്കുന്നത്. 1656 വനിതാജനപ്രതിനിധികളുടെ പ്രതികരണമാണ് ക്രോഡീകരിച്ചിരിക്കുന്നത്. ''നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ചുള്ള ധാരണ''. ''ആസൂത്രണം സംബന്ധിച്ച ധാരണ'', ''പൊതുപ്രസംഗത്തിനുള്ള കഴിവ്'', ''എഴുതുന്നതിനുള്ള കഴിവ്'', ''ഉദ്യോഗസ്ഥരെ നിയന്ത്രിക്കാനുള്ള കഴിവ്'', ''യോഗനടപടികൾ നിയന്ത്രിക്കാനുള്ള കഴിവ്'', ''പൊതുജനങ്ങളുമായി ഇടപഴികുന്നതിനുള്ള കഴിവ്'' എന്നിവ സംബന്ധിച്ച് ജനപ്രതിനിധിയായി 1995-ൽ തെരഞ്ഞെടുക്കപ്പെട്ടപ്പോൾ ഉള്ള അവസ്ഥയും ഒന്നരവർഷത്തെ ജനകീയാസൂത്രണ പ്രവർത്തനത്തിനുശേഷം 1998-ലെ സർവെ നടക്കുമ്പോൾ ഉള്ള നിലയെയും താരതമ്യപ്പെടുത്തുന്നതിനാണ് ജനപ്രതിനിധികളോട് ആവശ്യപ്പെട്ടത്. ചില കാര്യങ്ങൾ സംബന്ധിച്ച് എല്ലാവരും പ്രതികരിച്ചില്ല എന്നതുകൊണ്ട് ഓരോ പട്ടികകളിലും ആധാരമാക്കുന്നവരുടെ എണ്ണത്തിൽ ചില വ്യത്യാസമുണ്ട്. എന്നാൽ ഇതു ശതമാനക്കണക്കിൽ നിന്ന് വെളിവാകുന്ന നിഗമനങ്ങളെ ബാധിക്കുന്നില്ല.

### പട്ടിക 17
### തദ്ദേശഭരണനിയമവും ആസൂത്രണവും സംബന്ധിച്ച ധാരണയിൽ ജനകീയാസൂത്രണത്തിൻെറ ഫലമായുണ്ടായ പുരോഗതി

| നിലവാരം | നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ചുള്ള ധാരണ | | ആസൂത്രണത്തെക്കുറിച്ചുള്ള ധാരണ | |
|---|---|---|---|---|
| | 1995 | 1998 | 1995 | 1998 |
| 1. ധാരണയില്ല | 30.72 | 0.27 | 30.29 | 0 |
| 2. വളരെക്കുറച്ച് | 42.86 | 10.46 | 32.30 | 2.96 |
| 3. സാമാന്യധാരണ | 18.91 | 44.87 | 18.60 | 23.04 |
| 4. നല്ല ധാരണ | 6.30 | 32.19 | 15.51 | 43.72 |
| 5. വളരെ നല്ല ധാരണ | 1.21 | 12.29 | 3.29 | 30.29 |
| 6. ആകെ | 100.00 | 100.00 | 100.00 | 100.00 |

*(വനിതാ ജനപ്രതിനിധി സർവേ, 1998)*

പട്ടിക 18

**പ്രസംഗിക്കുന്നതിനും എഴുതുന്നതിനുമുള്ള കഴിവിൽ ജനകീയാസൂത്രണത്തിൻെറ ഫലമായുണ്ടായ പുരോഗതി**

| നിലവാരം | പൊതുപ്രസംഗത്തിനുള്ള കഴിവ് | | എഴുതുന്നതിനുള്ള കഴിവ് | |
|---|---|---|---|---|
| | 1995 | 1998 | 1995 | 1998 |
| 1. വളരെമോശം | 27.44 | 0.60 | 8.34 | 1.40 |
| 2. മോശം | 42.72 | 12.10 | 17.56 | 5.27 |
| 3. തരക്കേടില്ല | 23.65 | 51.20 | 35.05 | 25.10 |
| 4. നല്ലത് | 4.72 | 25.06 | 24.83 | 37.78 |
| 5. വളരെ നല്ലത് | 1.46 | 11.10 | 14.22 | 30.44 |
| 6. ആകെ | 100.00 | 100.00 | 100.00 | 100.00 |

*(വനിതാ ജനപ്രതിനിധി സർവേ, 1998)*

പട്ടിക 19

**ഉദ്യോഗസ്ഥരെയും യോഗനടപടികളും നിയന്ത്രിക്കുന്നതിനുള്ള കഴിവിൽ ജനകീയാസൂത്രണത്തിൻെറ ഫലമായുണ്ടായ പുരോഗതി**

| നിലവാരം | ഉദ്യോഗസ്ഥരെ നിയന്ത്രിക്കാനുള്ള കഴിവ് | | പൊതുജനങ്ങളുമായി ഇടപഴകുന്നതിനുള്ള കഴിവ് | | യോഗനടപടികൾ നിയന്ത്രിക്കുന്നതിനുള്ള കഴിവ് | |
|---|---|---|---|---|---|---|
| | 1995 | 1998 | 1995 | 1998 | 1995 | 1998 |
| 1. വളരെ മോശം | 39.31 | 2.50 | 4.64 | 0 | 19.34 | 0.13 |
| 2. മോശം | 29.03 | 14.55 | 19.09 | 0.47 | 32.41 | 4.63 |
| 3. തൃപ്തികരം | 22.67 | 35.66 | 31.05 | 12.16 | 31.87 | 31.09 |
| 4. നല്ലത് | 6.70 | 32.14 | 23.86 | 32.00 | 11.32 | 38.89 |
| 5. വളരെ നല്ലത് | 2.30 | 15.16 | 21.37 | 55.38 | 5.05 | 25.25 |
| 6. ആകെ | 100.00 | 100.00 | 100.00 | 100.00 | 100.00 | 100.00 |

*(വനിതാ ജനപ്രതിനിധി സർവേ, 1998)*

## പട്ടിക 20

## വിദ്യാഭ്യാസയോഗ്യതയുടെ അടിസ്ഥാനത്തിൽ വിവിധ കഴിവുകൾ സംബന്ധിച്ച് വനിതാജനപ്രതിനിധികളുടെ ശരാശരി സ്കോർ പോയിൻറുകൾ

*(1995 ഉം 1998ഉം തമ്മിലുള്ള താരതമ്യം)*

| കാര്യപ്രാപ്തികൾ | വിദ്യാഭ്യാസയോഗ്യത | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | < SSLC | | SSLC | | PDC/DIP | | ബിരുദം | | ബിരുദാനന്തര ബിരുദം | |
| | 1995 | 1998 | 1995 | 1998 | 1995 | 1998 | 1995 | 1998 | 1995 | 1998 |
| 1. പ്രസംഗിക്കുന്നതിനുള്ള കഴിവ് | 1.53 | 2.50 | 1.82 | 2.99 | 1.93 | 3.17 | 2.21 | 3.36 | 2.54 | 3.68 |
| 2. നിയമങ്ങളും ചട്ടങ്ങളും | 1.58 | 2.51 | 1.83 | 3.09 | 1.87 | 3.25 | 2.01 | 3.42 | 2.28 | 3.63 |
| 3. ഉദ്യോഗസ്ഥരെ നിയന്ത്രിക്കൽ | 1.53 | 2.60 | 1.81 | 3.08 | 1.82 | 3.11 | 2.04 | 3.31 | 2.24 | 3.50 |
| 4. പൊതുജനങ്ങളുമായി ഇടപഴകൽ | 2.53 | 3.27 | 3.10 | 3.99 | 3.08 | 4.12 | 3.21 | 4.27 | 3.27 | 4.30 |
| 5. ആസൂത്രണം | 1.84 | 3.07 | 2.05 | 3.58 | 2.07 | 3.74 | 2.24 | 4.11 | 2.48 | 4.16 |
| 6. യോഗങ്ങൾ നിയന്ത്രിക്കൽ | 1.78 | 2.83 | 2.29 | 3.41 | 2.28 | 3.63 | 2.64 | 3.75 | 2.73 | 3.98 |
| 7. എഴുതാനുള്ള കഴിവ് | 2.24 | 2.82 | 2.80 | 3.48 | 3.05 | 3.76 | 3.21 | 3.81 | 3.6 | 4.15 |
| ആകെ | 13.03 | 19.60 | 15.70 | 23.12 | 16.1 | 24.78 | 17.56 | 26.03 | 19.74 | 27.42 |

*(വനിതാ ജനപ്രതിനിധി സർവേ, 1998)*

ജനകീയാസൂത്രണത്തിൻെറ ഫലമായി ഏറ്റവും ഗണ്യമായ പുരോഗതി ഉണ്ടായത് ആസൂത്രണത്തിൻെറ ധാരണയിലാണ്. പട്ടിക 17ൽ കാണാവുന്നപോലെ 30 ശതമാനം ജനപ്രതിനിധികൾക്ക് 1995-ൽ ആസൂത്രണത്തെക്കുറിച്ച് ഒരു ധാരണയും ഉണ്ടായിരുന്നില്ല. എന്നാൽ 1998-ൽ ഒരു വനിതാജനപ്രതിനിധി പോലും ആസൂത്രണത്തെക്കുറിച്ച് ഒരു ധാരണയുമില്ല എന്നഭിപ്രായപ്പെട്ടിട്ടില്ല. വളരെക്കുറച്ച് മാത്രം ധാരണയു

ള്ളവരുടെ ശതമാനം 32ൽ നിന്ന് 3 ആയി ചുരുങ്ങി. അതേസമയം ആസൂത്രണത്തെക്കുറിച്ച് വളരെ വ്യക്തമായ ധാരണയുണ്ടെന്ന് അവകാശപ്പെടുന്നവരുടെ ശതമാനം 3 ൽ നിന്ന് മുപ്പതായി ഉയർന്നു. തദ്ദേശഭരണനിയമങ്ങളെയും ചട്ടങ്ങളെയും കുറിച്ചും കൂടുതൽ വ്യക്തത ജനപ്രതിനിധികൾക്കുണ്ടായി. 1995ൽ 75% പേർക്കും സാമാന്യധാരണ പോലും ഉണ്ടായിരുന്നില്ല. 1998-ൽ ഇവരുടെ ശതമാനം 11 ആയി ചുരുങ്ങി. എന്നാൽ ആസൂത്രണകാര്യത്തിലിന്നുള്ള വ്യക്തത നിയമങ്ങളുടെയും ചട്ടങ്ങളുടെയും കാര്യത്തിൽ ഇന്നുമില്ല എന്ന് പട്ടിക 17 സൂചിപ്പിക്കുന്നുണ്ട്. 12% പേർക്കേ നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ച് നല്ല ധാരണയുണ്ട് എന്ന ആത്മവിശ്വാസമുള്ളൂ.

പട്ടിക 18-ൽ പ്രസംഗ, രചനാകഴിവുകളിൽ ജനകീയാസൂത്രണത്തിൻെറ പുരോഗതി സംബന്ധിച്ച വിലയിരുത്തൽ കൊടുത്തിരിക്കുന്നു. ഈ പട്ടികയിലെ കണക്കുകൾ പ്രകാരം തെരഞ്ഞെടുപ്പിൽ ജയിക്കുമ്പോൾ പ്രസംഗിക്കുന്നതിനേക്കാൾ ആത്മവിശ്വാസം വനിതാജനപ്രതിനിധികൾക്ക് എഴുതുന്നതിലായിരുന്നു. രണ്ടിടത്തും പുരോഗതിയുണ്ടായിട്ടുണ്ടെങ്കിലും രചനാപാടവത്തിൽതന്നെയാണ് ഇപ്പോഴും കൂടുതൽ ആത്മവിശ്വാസം. ഏതായാലും വിവിധ കഴിവുകളെ തമ്മിൽ തമ്മിൽ താരതമ്യപ്പെടുത്തുന്നതിന് ചോദ്യാവലിയിൽ ആവശ്യപ്പെട്ടിരുന്നില്ല എന്ന് ഇവിടെ പ്രത്യേകം പറയട്ടെ. 1995ൽ 75% ജനപ്രതിനിധികൾക്കും പ്രസംഗിക്കുന്നതിനുള്ള ആത്മവിശ്വാസം ഉണ്ടായിരുന്നില്ല. ''വളരെ മോശം'', അല്ലെങ്കിൽ ''മോശം'' എന്നാണ് അവരുടെ കഴിവിനെ വിശേഷിപ്പിച്ചത്. എന്നാൽ 1998 ൽ 13% പേരെ ഇത്തരമൊരു അഭിപ്രായം രേഖപ്പെടുത്തിയുള്ളൂ. നന്നായി സംസാരിക്കാൻ കഴിയുന്നവരുടെ ശതമാനം 6ൽ നിന്ന് 36 ആയി ഈ കാലയളവിൽ ഉയർന്നു. രചനാപാടവത്തിലും പുരോഗതി ദൃശ്യമാണ്. എന്നാൽ 67% ജനപ്രതിനിധികൾ ഇന്ന് നന്നായോ വളരെ നന്നായോ എഴുതുമെന്നത് അതിശയോക്തിപരമായി തോന്നുന്നു.

പട്ടിക 19ലെ കണക്കുകൾ സൂചിപ്പിക്കുന്നതുപോലെ ഉദ്യോഗസ്ഥരെ നിയന്ത്രിക്കുന്നതിനും പൊതുജനങ്ങളുമായി ഇടപഴകുന്നതിനും യോഗനടപടികൾ നിയന്ത്രിക്കുന്നതിനും മറ്റും വനിതാജനപ്രതിനിധികൾക്ക് ഉള്ള ആത്മവിശ്വാസം ഗണ്യമായി ഉയർന്നിട്ടുണ്ട്. ജനകീയാസൂത്രണത്തിനു മുമ്പുതന്നെ പൊതുജനസമ്പർക്കത്തിലുള്ള കഴിവ്

സംബന്ധിച്ച് ഏറ്റവും ഉയർന്ന ആത്മവിശ്വാസം ജനപ്രതിനിധികൾക്കുണ്ടായിരുന്നു. ഇന്നത് വീണ്ടും ഗണ്യമായ തോതിൽ ഉയർന്നിട്ടുണ്ട്. 82% വനിതാജനപ്രതിനിധികൾക്കും ഇതിനുള്ള തങ്ങളുടെ കഴിവിനെക്കുറിച്ച് ''നല്ലത്'' അല്ലെങ്കിൽ ''വളരെ നല്ലത്'' എന്ന അഭിപ്രായമാണ് ഇന്നുള്ളത്. ഉദ്യോഗസ്ഥരെ നിയന്ത്രിക്കുന്നതിനുള്ള ആത്മവിശ്വാസമായിരുന്നു ഏറ്റവും കുറവുണ്ടായിരുന്നത്. ഇക്കാര്യത്തിൽ 95'ൽ ആത്മവിശ്വാസമുണ്ടായിരുന്നവർ 9 ശതമാനം മാത്രമേ വരൂ. എന്നാൽ ഇവരുടെ ശതമാനം ഇപ്പോൾ 46 ആയി ഉയർന്നിട്ടുണ്ട്. യോഗനടപടികൾ തൃപ്തികരമായിപ്പോലും നിയന്ത്രിക്കാൻ കഴിയുമെന്ന ആത്മവിശ്വാസം 52% വനിതാജനപ്രതിനിധികൾക്കും മുമ്പുണ്ടായിരുന്നില്ല. എന്നാൽ 95% പേർക്കും ഈ ആത്മവിശ്വാസമിന്നുണ്ട്. 25% ആൾക്കാരെ സംബന്ധിച്ചിടത്തോളം വളരെ നല്ല രീതിയിൽ യോഗനടപടികൾ നിയന്ത്രിക്കാമെന്ന ആത്മവിശ്വാസമാണുള്ളത്. സർവ്വെയിൽ പങ്കെടുത്ത വനിതാ ജനപ്രതിനിധികളിൽ 68% പേരും സാധാരണ പഞ്ചായത്ത്-മുനിസിപ്പൽ അംഗങ്ങൾ മാത്രമായിരുന്നു എന്നും ഈ സന്ദർഭത്തിൽ ഓർക്കുന്നത് നല്ലതാണ്.

17 മുതൽ 19 വരെയുള്ള പട്ടികകളിലെ വിവരങ്ങൾ ക്രോഡീകരിച്ച് പട്ടിക 20-ൽ നൽകിയിട്ടുണ്ട്. ഇതിനുവേണ്ടി താഴെപറയുന്ന സ്കോറുകളാണ് ഓരാ നിലവാരത്തിനും നൽകിയിട്ടുള്ളത്. വളരെ മോശം -1, മോശം-2, തൃപ്തികരം-3, നല്ലത്-4, വളരെ നല്ലത്-5. പട്ടിക 20-ൽ നിന്ന് എത്തിച്ചേരാവുന്ന നിഗമനങ്ങൾ സ്വാഭാവികമായും ഇതുവരെ പറഞ്ഞ കാര്യങ്ങളെ ശരിവയ്ക്കുന്നവയാണ്. ഏറ്റവും കൂടുതൽ ആത്മവിശ്വാസം പൊതുജനസമ്പർക്കത്തിൽ തന്നെയാണ്. എന്നാൽ ഏറ്റവും ഗണ്യമായ പുരോഗതി ഉണ്ടായിട്ടുള്ളത് ആസൂത്രണത്തെക്കുറിച്ചുള്ള ധാരണയിലും അതുകഴിഞ്ഞാൽ ഉദ്യോഗസ്ഥരെ നിയന്ത്രിക്കുന്നതിനുള്ള ആത്മവിശ്വാസത്തിലുമാണ്. എന്നാൽ ഇതല്ല ഇവിടെ എടുത്തു പറയാനുദ്ദേശിക്കുന്ന കാര്യം. ഏതു തരത്തിലുള്ള കഴിവെടുത്താലും അതിന്റെ നിലവാരവും വിദ്യാഭ്യാസയോഗ്യതയും തമ്മിൽ വിസ്മയകരമായ ഒരു ബന്ധം പട്ടിക 20-ൽ നിന്ന് കാണാവുന്നതാണ്. എല്ലാ കാര്യത്തിലും വിദ്യാഭ്യാസയോഗ്യതയനുസരിച്ച് കഴിവ്/ആത്മവിശ്വാസം ഉയരുന്നുണ്ട്. ഒറ്റസൂചികയുടെ അടിസ്ഥാനത്തിൽ ഇത് മനസ്സിലാക്കുന്നതിന് പട്ടികയുടെ അവസാനത്തെ നിരയിൽ കൊടുത്തിരിക്കുന്ന മൊത്തം സ്കോർ പോയിന്റ് നോക്കിയാൽ മതി. ജനകീയാസൂത്രണത്തിനുമുമ്പ് എസ്.എസ്.എൽ.സി

യ്ക്കു താഴെ വിദ്യാഭ്യാസയോഗ്യതയുള്ള വനിതാജനപ്രതിനിധികളുടെ ശരാശരി സ്കോർ 13.03 ആണ്. എസ്.എസ്.എൽ.സി ക്കാർക്ക് ഇത് 15.70 ആണ്. ഇങ്ങനെ അനുക്രമമായി ഉയർന്ന് ബിരുദാനന്തരബിരുദക്കാർക്ക് 19.14 ആയിത്തീരുന്നു. മൂന്നുവർഷത്തെ അനുഭവങ്ങൾ വിദ്യാഭ്യാസയോഗ്യതയും കഴിവ് അല്ലെങ്കിൽ ആത്മവിശ്വാസവും തമ്മിലുള്ള ഈ അനുകൂല ബന്ധത്തെ ഇല്ലാതാക്കിയിട്ടില്ല.എസ്.എസ്.എൽ.സി ക്കു താഴെ വിദ്യാഭ്യാസയോഗ്യതയുള്ളവരുടെ സ്കോറുകൾ 19.6 ആയി ഉയർന്നപ്പോൾ ബിരുദാനന്തരബിരുദക്കാരുടേത് 27.42 ആയി ഉയർന്നു. എന്നാൽ എടുത്തു പറയേണ്ടുന്ന മറ്റൊരു വസ്തുതകൂടിയുണ്ട്. എസ്.എസ്.എൽ.സി യോ അതിൽ താഴെയോ വിദ്യാഭ്യാസയോഗ്യതയുള്ളവരുടെ സ്കോർ പോയിൻറുകളിൽ 50 ശതമാനം വീതമാണ് വർധനയുണ്ടായത്. പ്രീഡിഗ്രി അല്ലെങ്കിൽ ഡിപ്ലോമാ ബിരുദക്കാരുടെ സ്കോർ പോയിൻറിൽ 53.9 ശതമാനം വർദ്ധനയുണ്ടായി. എന്നാൽ വർദ്ധനയുടെ ശതമാനം ബിരുദക്കാരിലെത്തുമ്പോൾ 48.7ശതമാനം ആയും ബിരുദാനന്തരബിരുദക്കാരിലെത്തുമ്പോൾ 43.3 ശതമാനം ആയും താഴുന്നു. ചുരുക്കത്തിൽ വിദ്യാഭ്യാസയോഗ്യതയുടെ അടിസ്ഥാനത്തിൽ ആത്മവിശ്വാസത്തിലുണ്ടായിരുന്ന അന്തരത്തെ കുറിച്ചുവരുന്നതിന് മൂന്നാംവർഷത്തെ അനുഭവങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

### പരിശീലനം

ജനകീയാസൂത്രണത്തിൻെറ സ്ത്രീപങ്കാളിത്തം ഉയർത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച വനിതാജനപ്രതിനിധികളുടെ അഭിപ്രായം പട്ടിക 21 ൽ നൽകിയിട്ടുണ്ട്. പരിശീലനത്തിനുതന്നെയാണ് ഏറ്റവും ഉയർന്ന മുൻഗണന നൽകിയിട്ടുള്ളത്. 53 ശതമാനം പേർ വനിതാ ജനപ്രതിനിധികൾക്ക് പ്രത്യേകപരിശീലനം വേണമെന്ന് അഭിപ്രായപ്പെട്ടു. 21 ശതമാനം പേർ പൊതുപരിശീലനത്തിൽ സ്ത്രീപ്രശ്നങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുന്നതിലാണ് ഏറ്റവും അധികം മുൻഗണന നൽകിയത്. 36 ശതമാനം പേർ രണ്ടാമത്തെ മുൻഗണനയും ഇതിനു നൽകിയിട്ടുണ്ട്. പുരുഷന്മാരടക്കമുള്ള പൊതുജനങ്ങളുടെ ബോധവത്കരണത്തിനും വനിതാജനപ്രതിനിധികൾ മുന്തിയപരിഗണന നൽകിയിട്ടുണ്ട്. വിദഗ്ധസമിതികളിലും സന്നദ്ധപ്രവർത്തകരിലും സംവരണം, പ്രസിദ്ധീകരണം തുടങ്ങിയ മറ്റ് നിർദ്ദേശങ്ങൾക്ക് പൊതുവിൽ മുൻഗണന ലഭിച്ചില്ല.

സ്ത്രീകൾ സാധാരണഗതിയിൽ വീട്ടിൽ നിന്നും ദൂരെപരിശീലനത്തിന് പോകാൻ ഇഷ്ടപെടുകയില്ല എന്ന മാമൂൽ ധാരണയിൽ നിന്ന് വ്യത്യസ്തമാണ് പട്ടിക 22-ലെ കണക്കുകൾ നൽകുന്ന ചിത്രം.

37 ശതമാനം വനിതാജനപ്രതിനിധികളും സംസ്ഥാനതല പരിശീലനമാണ് ഏറ്റവും അഭികാമ്യമായി കരുതുന്നത്. ജില്ലയിലും ബ്ലോക്കിലും പ്രദേശികതലത്തിലും പരിശീലനം ഇഷ്ടപ്പെടുന്നവരും ഗണ്യമായ ശതമാനം വീതം വരും എന്നതും ശ്രദ്ധേയമാണ്. സംസ്ഥാനതല പരിശീലനം ഏറ്റവും അഭികാമ്യമായി കരുതിയവരിൽ നല്ലവിഭാഗം രണ്ടാം മുൻഗണനയായി ജില്ലാ- ബ്ലോക്കുതലങ്ങളെ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രാദേശികതലത്തിനോ സംസ്ഥാനതലത്തിനോ രണ്ടാം മുൻഗണന ദുർലഭമാണ്.

ദീർഘകാലപരിശീലനത്തിന് തയ്യാറുള്ള ജനപ്രതിനിധികൾ അഞ്ചിലൊന്ന് വരും. നാലുദിവസത്തിനുമുകളിൽ പരിശീലനം അഭികാമ്യമായി കരുതുന്നവരുടെ എണ്ണമെടുത്താൽ 42 ശതമാനം വരും. എന്നാൽ 15 ശതമാനം വനിതാജനപ്രതിനിധികൾ ഒരു ദിവസത്തെ പരിശീലനമേ ഇഷ്ടപ്പെടുന്നുള്ളു.

പരിശീലനത്തിൻെറ ഉള്ളടക്കം സംബന്ധിച്ചും ശ്രദ്ധേയമായ നിർദ്ദേശങ്ങളുണ്ട്. 37 ശതമാനം വനിതാജനപ്രതിനിധികളും പൊതുപരിശീലനത്തിനാണ് ഏറ്റവും മുൻഗണന നൽകിയത്. വനിതാസമീപനം പഠിപ്പിക്കണം; എന്നാൽ അതോടൊപ്പം മറ്റെല്ലാ വിഷയങ്ങളും കൂടി വേണം. 25 ശതമാനത്തോളം പേർ ആസൂത്രണത്തിന് ഏറ്റവും ഉയർന്ന മുൻഗണന നൽകിയിട്ടുണ്ട്. പക്ഷേ, ആസൂത്രണത്തിൻെറ പൊതുസമീപനങ്ങളല്ല, വനിതാപ്രോജക്ടുകൾ സംബന്ധിച്ച മൂർത്തമായ നിർദ്ദേശങ്ങളാണ് അവരാഗ്രഹിക്കുന്നത്. 18.3 ശതമാനം ജനപ്രതിനിധികൾ മാത്രമേ നിയമങ്ങൾക്കും ചട്ടങ്ങൾക്കും പരിശീലന ഉള്ളടക്കത്തിൽ ഏറ്റവും ഉയർന്ന പരിഗണന നൽകണമെന്ന് അഭിപ്രായപ്പെട്ടുള്ളു. തെരഞ്ഞെടുപ്പ് കഴിഞ്ഞ ഉടനെ നടത്തിയ 1996 ലെ പരിഷത് സർവ്വേപ്രകാരം 67 ശതമാനം വനിതാജനപ്രതിനിധികളും നിയമങ്ങൾക്കും ചട്ടങ്ങൾക്കുമായിരുന്നു ഏറ്റവും ഉയർന്ന മുൻഗണന നൽകിയത് എന്ന വസ്തുതയും ഈ അവസരത്തിൽ സ്മരണീയമാണ്.

വിശദമായ ചർച്ചകൾക്കുശേഷം മൂന്നുതരത്തിലുള്ള പരിശീലനപരിപാടികളാണ് രണ്ടാംവാർഷികപദ്ധതിയുടെ തയ്യാറെടുപ്പിൻെറ ഭാഗമായി സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചത്. 1. ജില്ലയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടിയുള്ള വിശദമായ സംസ്ഥാനതലപരിശീലനം. 2. എല്ലാ ജില്ലകളിലും വനിതാജനപ്രതിനിധികളുടെ ഏകദിനകൺവെൻഷൻ. 3. ബ്ലോക്കുതലത്തിൽ വനിതാപ്രോജക്ടുകൾ പരിശോധിക്കുന്നതിനുള്ള ക്ലിനിക്ക്. ബ്ലോക്കുതലക്ലിനിക്കുകളുടെ സംഘാടനം വേണ്ടത്ര ഫലപ്രദമായില്ല. രണ്ടുദിവസത്തെ ക്ലിനിക്കുകളാണ് ഉദ്ദേശി

ച്ചതെങ്കിലും പ്രോജക്ടുകൾ തയ്യാറാക്കി കഴിഞ്ഞിട്ടില്ലായിരുന്നതിനാൽ മിക്കയിടങ്ങളിലും ഒരു ദിവസംകൊണ്ട് ക്ലിനിക്കുകൾ അവസാനിപ്പിക്കേണ്ടിവന്നു. പദ്ധതി രൂപീകരണത്തിൻെറ നാനാതിരക്കുകൾ മൂലം ബ്ലോക്കുകളിൽ വനിതാ പ്രോജക്ടുകൾക്കുവേണ്ടി പ്രത്യേക ക്ലിനിക്കുകൾ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ സംസ്ഥാനതല പരിശീലനവും ജില്ലാതലകൺവെൻഷനും ജനകീയാസൂത്രണത്തിനുതന്നെ ഒരു നൂതന അനുഭവമായിരുന്നു.

### പട്ടിക - 21
### ജനകീയാസൂത്രണത്തിൽ സ്ത്രീ പങ്കാളിത്തം ഉയർത്താൻ സ്വീകരിക്കേണ്ടുന്ന നടപടികൾ സംബന്ധിച്ച് വനിതാ ജനപ്രതിനിധികളുടെ അഭിപ്രായം

| നടപടി | ഏറ്റവും മുൻഗണന | | രണ്ടാമത്തെ മുൻഗണന | |
|---|---|---|---|---|
| 1. വനിതാപ്രതിനിധികൾക്കു പരിശീലനം | 760 | (52.7) | 214 | (14.9) |
| 2. സന്നദ്ധപ്രവർത്തകരിലും സന്നദ്ധസാങ്കേതിക വിദഗ്ധരിലും സ്ത്രീകൾക്ക് സംവരണം | 46 | (3.2) | 170 | (11.8) |
| 3. പൊതുപരിശീലനത്തിൽ വനിതാപ്രശ്നങ്ങൾക്കു കൂടുതൽ ഊന്നൽ | 309 | (21.4) | 525 | (36.4) |
| 4. പുരുഷന്മാരടക്കം പൊതുജനങ്ങൾക്കു ബോധവത്കരണം | 295 | (20.5) | 277 | (19.2) |
| 5. കൂടുതൽ പ്രസിദ്ധീകരണം | 16 | (1.1) | 32 | (2.2) |
| 6. മറ്റുള്ളവ | 15 | (1.0) | 2 | (0.1) |
| 7. രണ്ടാം മുൻഗണന നിർദ്ദേശിക്കാത്തവർ | - | - | 221 | (15.3) |
| 8. ആകെ | 1441 | (100) | 1441 | (100) |

*(വനിതാ ജനപ്രതിനിധി സർവ്വേ 1998)*

## പട്ടിക -22

## പരിശീലനപരിപാടിയുടെ തലം സംബന്ധിച്ച് വനിതാജനപ്രതിനിധികളുടെ മുൻഗണന

| തലം | ഒന്നാം മുൻഗണന | | രണ്ടാംമുൻഗണന | |
|---|---|---|---|---|
| 1. സംസ്ഥാനതലം | 527 | (36.6) | 48 | (3.3) |
| 2. ജില്ലാതലം | 369 | (25.6) | 376 | (26.1) |
| 3. ബ്ലോക്കുതലം | 228 | (15.8) | 295 | (20.5) |
| 4. പ്രാദേശികതലം | 317 | (30.0) | 56 | (3.9) |
| 5. രണ്ടാം മുൻഗണന രേഖപ്പെടുത്താത്തവർ | - | - | 666 | (46.2) |
| 6. ആകെ | 1441 | (100.0) | 1441 | (100.0) |

*(വനിതാ ജനപ്രതിനിധി സർവ്വേ 1998)*

## പട്ടിക 23

## പരിശീലനത്തിന്റെ കാലയളവ് സംബന്ധിച്ച് വനിതാജനപ്രതിനിധികളുടെ മുൻഗണന

| കാലയളവ് | ഒന്നാമത്തെ മുൻഗണന | | രണ്ടാമത്തെ മുൻഗണന | |
|---|---|---|---|---|
| 1. ഏഴുദിവസത്തിനകം | 319 | (20.6) | 18 | (1.2) |
| 2. നാലുദിവസം | 323 | (20.9) | 146 | (9.4) |
| 3. മൂന്നുദിവസം | 434 | (28.0) | 102 | (6.6) |
| 4. രണ്ടുദിവസം | 237 | (15.3) | 121 | (7.8) |
| 5. ഒരു ദിവസം | 236 | (15.2) | 19 | (1.2) |
| 6. രണ്ടാം മുൻഗണന രേഖപ്പെടുത്തൽ | - | - | 1143 | (73.8) |
| 7. ആകെ | 1549 | (100) | 1549 | (100) |

*(വനിതാ ജനപ്രതിനിധി സർവ്വേ 1998)*

### പട്ടിക 24

## പരിശീലനത്തിൻെറ വിഷയം സംബന്ധിച്ച് വനിതാജനപ്രതിനിധികളുടെ മുൻഗണന

| വിഷയം | ഒന്നാം മുൻഗണന | | രണ്ടാംമുൻഗണന | |
|---|---|---|---|---|
| 1. പൊതുസമീപനം | 505 | (36.9) | 95 | (6.9) |
| 2. നേതൃത്വപരിശീലനം | 151 | (11.0) | 89 | (6.5) |
| 3. ആസൂത്രണം | 340 | (24.8) | 190 | (13.9) |
| 4. നിയമവും ചട്ടങ്ങളും | 251 | (18.3) | 184 | (13.4) |
| 5. ധനകാര്യം | 26 | (1.9) | 41 | (3.0) |
| 6. മാനേജ്മെൻറ് | 78 | (5.7) | 79 | (5.8) |
| 7. സാംസ്കാരികം | 19 | (1.4) | 19 | (1.4) |
| 8. രണ്ടാംമുൻഗണന രേഖപ്പെടുത്താത്തവർ | - | - | 673 | (49.1) |
| 9. ആകെ | 1370 | (100) | 1370 | (100) |

*(വനിതാ ജനപ്രതിനിധി സർവ്വേ 1998)*

മൂന്നു ദിവസം വീതമുള്ള രണ്ടുബാച്ചുകളായാണ് തൃശ്ശൂർ 'കില 'യിൽ വെച്ച് സംസ്ഥാനപരിശീലനം സംഘടിപ്പിക്കപ്പെട്ടത്. സംസ്ഥാനതല പരിശീലനം ഫലപ്രദമാക്കുന്നതിനുവേണ്ടി 55 അംഗങ്ങളുടെ ഒരു സംസ്ഥാന ഫാക്കൽറ്റിക്കു രൂപം നൽകി. ഈ സംസ്ഥാന ഫാക്കൽറ്റി പലതവണ യോഗം ചേർന്നാണ് പരിശീലനത്തിനുള്ള കരടു കൈപ്പുസ്തകവും സമയപരിപാടിയും തയ്യാറാക്കിയത്. വനിതാ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അക്കാദമിക് വിദഗ്ദ്ധരും സന്നദ്ധപ്രവർത്തകരുമടങ്ങുന്നതായിരുന്നു സംസ്ഥാന ഫാക്കൽറ്റി. ഫാക്കൽറ്റിയുടെ മൂന്നിൽ രണ്ടു വിഭാഗവും സ്ത്രീകൾ തന്നെയായിരുന്നു. സംസ്ഥാനപരിശീലനത്തിന് തെരഞ്ഞെടുക്കപ്പെട്ട വനിതാ ജനപ്രതിനിധികൾക്കു പുറമേ പ്രധാനപ്പെട്ട വിടിസി അംഗങ്ങളെയും അവശേഷിച്ചിരുന്ന വനിതാ കെ ആർ പി മാരെയും ക്ഷണിച്ചിരുന്നു. രണ്ടു ബാച്ചുകളിലായി മൊത്തം 311 സ്ത്രീകൾ സംസ്ഥാനതല പരിശീലനത്തിൽ പങ്കെടുത്തു.

സംസ്ഥാനപരിശീലനം ആരംഭിച്ചത് ക്യാമ്പംഗങ്ങൾ ഇതുവരെയുള്ള തങ്ങളുടെ ജനകീയാസൂത്രണപ്രവർത്തനങ്ങളുടെ അനുഭവങ്ങൾ പങ്കിട്ടുകൊണ്ടായിരുന്നു. ഗ്രൂപ്പടിസ്ഥാനത്തിലാണ് ഈ ചർച്ചകൾ നടന്നത്. ഇതിൻെറ അടിസ്ഥാനത്തിൽ ജനകീയാസൂത്രണത്തിൽ വനിതാ ജനപ്രതിനിധികളുടെ പങ്കാളിത്തത്തെ സ്വയംവിലയിരുത്തുന്നതിനുള്ള കരടു ചോദ്യാവലിക്ക് അവസാനരൂപം നൽകി. ചർച്ച ജനകീയാസൂത്രണത്തിൽ മാത്രം ഒതുക്കിയിരുന്നില്ല. ജനപ്രതിനിധികളെന്ന നിലയിൽ തങ്ങളുടെ അനുഭവത്തെ മൊത്തം തുറന്ന് അവലോകനം ചെയ്യുന്നതിനുള്ള വേദിയായി ഈ ചർച്ച മാറി. പൊതുനിഗമനങ്ങളുടെ ക്രോഡീകരണവും ഉണ്ടായിരുന്നു.

ഈ അനുഭവം പങ്കുവയ്ക്കൽ സംവാദത്തിൻെറ നാടകീയമായ ഒരു ഉൽപന്നം "സുഭദ്രാമാധവനും പഞ്ചായത്തീരാജും" എന്ന തെരുവുനാടകമാണ്. ശാസ്ത്രസാഹിത്യപരിഷത്തിൻെറ സമതാകലാജാഥയുടെ ഭാഗമായി അവതരിപ്പിച്ചിരുന്ന നാടകമാണ് ഇതിൻെറ മൂലരൂപം. താല്പര്യമില്ലായിരുന്നിട്ടും ഭർത്താവിൻെറ നിർബന്ധത്തിനുവഴങ്ങി തെരഞ്ഞെടുപ്പിൽ മത്സരിച്ച് ജനപ്രതിനിധിയായി നാനാവിധ സമ്മർദ്ദങ്ങളെയും വെല്ലുവിളികളെയും അഭിമുഖീകരിക്കുന്ന ഒരു നവജനപ്രതിനിധിയെയാണ് മൂലനാടകത്തിൽ അവതരിപ്പിച്ചിരുന്നത്. തെരഞ്ഞെടുപ്പിനുശേഷമുള്ള മൂന്നുവർഷത്തെ അനുഭവം കൂടി കൂട്ടിചേർത്ത് ക്യാമ്പംഗങ്ങളിൽ ചിലർ ഇതിനൊരു പുതിയ രൂപം നൽകി. കോൺട്രാക്ടർമാർ, നിക്ഷിപ്ത താല്പര്യക്കാർ, സഹപ്രവർത്തകർ, ഉദ്യോഗസ്ഥർ, സ്വന്തം വീട്ടുകാർ എന്നിവരിൽ നിന്നെല്ലാം ഉണ്ടാകുന്ന എതിർപ്പുകളെയും കുശുകുശുപ്പുകളെയും ഒറ്റയ്ക്ക് എതിരിടുന്ന ധീരനായികയായിട്ടാണ് ജനപ്രതിനിധിയെ നാടകത്തിൻെറ രണ്ടാംഭാഗത്ത് പുനരാവിഷ്കരിച്ചത്. നാടകത്തിൽ പ്രതിപാദിച്ച പല നുറുങ്ങുകളും ക്യാമ്പംഗങ്ങളുടെ യഥാർത്ഥ അനുഭവം തന്നെയായിരുന്നു. എന്നാൽ ക്യാമ്പിൽ പുതിയനാടകം അവതരിപ്പിച്ചുകഴിഞ്ഞപ്പോൾ പ്രതിനിധികൾ അതിലെ സമീപനത്തോട് ഏകകണ്ഠമായി എതിർപ്പു പ്രകടിപ്പിച്ചു. എല്ലാ വെല്ലുവിളികളെയും ഒറ്റയ്ക്കുനിന്നെതിർക്കുന്ന വനിതാ ജനപ്രതിനിധി സങ്കല്പസൃഷ്ടി മാത്രമാണെന്ന് അവർ അഭിപ്രായപ്പെട്ടു. ആദ്യവർഷത്തിൽ വീട്ടിൽ നിന്നുതന്നെ എതിർപ്പുകളുടെയും സഹകരണമില്ലായ്മയുടേയും കഥ പലർക്കും പറയാനുണ്ടായിരുന്നെങ്കിലും കാലക്രമത്തിൽ ഇതിനൊരു

മാറ്റം വന്നു ചേർന്നതായി അവർ ചൂണ്ടിക്കാട്ടി. വനിതാജനപ്രതിനിധികളുടെ ജോലിത്തിരക്കിനോട് വീട്ടുകാർ കൂടുതൽ സ്വയം ക്രമീകരിക്കുന്ന നിലയുമുണ്ടായി. തുടക്കത്തിലുള്ള കുശുകുശുപ്പുകൾ കുറഞ്ഞു. അവയെ എതിർക്കുന്നതിന് മറ്റ് പുരുഷന്മാരായ പൊതുപ്രവർത്തകരും കൂടെ നിൽക്കുന്ന അനുഭവവും വ്യാപകമായി. ഇന്ന് വനിതാജനപ്രതിനിധി ഒറ്റയ്ക്കല്ല അങ്ങനെ മറ്റുള്ളവരോട് യോജിച്ചുകൊണ്ടുതന്നെ കരുത്താർജ്ജിക്കുന്ന വനിതാജനപ്രതിനിധിയുടെ കഥയായി നാടകം മാറി.

ഒന്നാം ദിവസം തന്നെ സ്ത്രീപദവിയെക്കുറിച്ച് ആഴത്തിലുള്ള ചർച്ചയ്ക്ക് തുടക്കം കുറിച്ചു. ക്യാമ്പംഗങ്ങളെ വിവിധഗ്രൂപ്പുകളായി തിരിച്ച് തെരഞ്ഞെടുത്ത ഏതാനും വികസനറിപ്പോർട്ടുകളിലെ വനിതാ അധ്യായത്തെ വിമർശനപരമായി പരിശോധിക്കുന്നതിനാണ് ആവശ്യപ്പെട്ടത്. ഈ വിലയിരുത്തലുകളോട് പ്രതികരിച്ചുകൊണ്ട് വിദഗ്ധരുടെ ഒരു പാനൽ കേരളത്തിലെ സ്ത്രീകളുടെ വനിതാപദവിയെകുറിച്ച് ക്ലാസുകളെടുത്തു.

സംസ്ഥാനക്യാമ്പിൽ രണ്ടാംദിവസത്തിൽ നല്ലപങ്കുസമയം ഒന്നാം വാർഷികപദ്ധതി അവലോകനം ചെയ്യുന്നതായി വിനിയോഗിച്ചു. തങ്ങളുടെ പഞ്ചായത്തുകളിലെ മൂർത്തമായ അനുഭവങ്ങളെ അടിസ്ഥാനമാക്കിയായിരുന്നു ഗ്രൂപ്പുചർച്ച. ഒന്നാം വർഷത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ മാതൃകാപ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള ഒരു പരിശ്രമം ക്യാമ്പിൽ നടന്നു. വിവിധ വികസനമേഖലകളുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളായി തിരിഞ്ഞാണ് ഈ പ്രവർത്തനം നടത്തിയത്. ഈ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞുവന്ന ഏറ്റവും പ്രധാനപ്പെട്ട പ്രോജക്ട് സ്ത്രീപദവി സംബന്ധിച്ച ഗ്രാമതലപഠനത്തിനുവേണ്ടിയുള്ളതായിരുന്നു. ഓരോ വികസനമേഖല സംബന്ധിച്ച ഗ്രൂപ്പും തങ്ങളുടെ വികസനമേഖലയിലെ സ്ത്രീപദവി സംബന്ധിച്ച് എങ്ങനെ പഠിക്കാമെന്നുള്ളതിന് രെു രീതി സമ്പ്രദായം എഴുതിത്തയ്യാറാക്കി. ഇതിന് സംസ്ഥാനഫാക്കൽറ്റി അംഗങ്ങൾതന്നെ ഗ്രൂപ്പുകൾക്ക് നേതൃത്വം നൽകി. സ്ത്രീപദവി പഠനത്തിനുള്ള വിശദമായ രേഖതയ്യാറായി എന്നതു മാത്രമല്ല, കേരളത്തിലെ സ്ത്രീപദവി സംബന്ധിച്ച് ഇതിനുമുമ്പ് നടന്ന ചർച്ചകളെയും നിഗമനങ്ങളെയും ഒന്നുംകൂടി ദൃഢമാക്കുന്നതിനും ഇതു സഹായിച്ചു.

രണ്ടാം വാർഷികപദ്ധതിയിൽ സ്ത്രീപരിഗണന ഉറപ്പാക്കുന്നതിന് അനുവർത്തിക്കേണ്ട നടപടികളെക്കുറിച്ചും സമീപനങ്ങളെക്കുറിച്ചും ഉള്ള ക്ലാസ്സുകളോടെയാണ് ക്യാമ്പ് അവസാനിച്ചത്. ഈ സംസ്ഥാനതല പരിശീലനം വിഷയത്തിൻെറ ഉള്ളടക്കം കൊണ്ടുമാത്രമല്ല, സ്വീകരിച്ച അധ്യായനരീതികളുടെ സവിശേഷതകൊണ്ടും അത്യധികം ഉൾക്കാമ്പുള്ളതും ആകർഷകവുമായിരുന്നു. നീണ്ട പ്രഭാഷണ ക്ലാസ്സുകൾക്കു പകരം തെരുവുനാടകം, ഗ്രൂപ്പുചർച്ചകൾ, പാനൽ ചർച്ച, ചോദ്യോത്തരം, ഗ്രൂപ്പു അഭ്യാസങ്ങൾ, അനുഭവം പങ്കുവയ്ക്കൽ എന്നു തുടങ്ങി ഒട്ടനവധി പാഠ്യരീതികൾ പരീക്ഷിക്കപ്പെട്ടു. സാധാരണഗതിയിലുള്ള ജില്ലാ കൺവെൻഷനുകൾക്കു പകരം ഈ പുതിയ സമ്പ്രദായങ്ങൾ കഴിയുന്നത്ര ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജില്ലാകൺവെൻഷനുകൾ ആണ് വേണ്ടതെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടായിരുന്നില്ല.

ഏകദിനജില്ലാകൺവെൻഷൻെറ ഒരു അടിസ്ഥാനസവിശേഷത കലാപരിപാടികൾ കൺവെൻഷൻെറ അജണ്ടയുടെ ഭാഗമായി തന്നെ ഉൾക്കൊള്ളിക്കപ്പെട്ടു എന്നുള്ളതാണ്. അവതരണഗാനത്തോടുകൂടി ആരംഭിച്ച കൺവെൻഷനിൽ ലഘു ഉദ്ഘാടനച്ചടങ്ങുകഴിഞ്ഞാൽ ''സുഭദ്രാ മാധവനും പഞ്ചായത്തീരാജും'' എന്ന ലഘുനാടകമായിരുന്നു അജണ്ടയിലെ അടുത്ത ഇനം. ഈ നാടകത്തെത്തുടർന്ന് ജില്ലയിലെ ഒരു വനിതാജനപ്രതിനിധിതന്നെ സ്വന്തം അനുഭവത്തോട് ബന്ധപ്പെടുത്തി പിന്നിട്ടപാതകൾ അവലോകനം ചെയ്തു. ഇതിനുശേഷം ഉച്ചയൂണിന് മുമ്പ് ഒരു പൊതു അവതാരകൻെറ സഹായത്തോടെ ജനപ്രതിനിധികൾ സ്വയം വിലയിരുത്തൽ ചോദ്യാവലി പൂരിപ്പിച്ചു.

പഞ്ചായത്തീരാജും സ്ത്രീവികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ചുള്ള കലാ അവതരണങ്ങൾക്കുശേഷമാണ് ഉച്ചകഴിഞ്ഞുള്ള സമ്മേളനം ആരംഭിച്ചത്. ഉച്ചയ്ക്കുശേഷമാണ് വനിതാവികസന കൈപ്പുസ്തകത്തെ ഔപചാരികമായി പരിചയപ്പെടുത്തിയത്. കൺവെൻഷനിൽ പങ്കെടുത്ത എല്ലാവർക്കും ഈ കൈപ്പുസ്തകം നൽകിയിരുന്നു. ഇതിനുശേഷം രണ്ടാംവാർഷികപദ്ധതിയേയും പദ്ധതിനിർവ്വഹണത്തേയും കുറിച്ചുള്ള ചോദ്യോത്തരവേളയായിരുന്നു. സംഘഗാനത്തോടെയാണ് കൺവെൻഷൻ അവസാനിച്ചത്.

ശാസ്ത്രസാഹിത്യപരിഷത്തിൻെറ കലാകാരന്മാരുടെ ടീമാണ് എല്ലാ ജില്ലയിലും കലാപഠന അവതരണങ്ങൾ നടത്തിയത്. ഏതാണ്ട് 17 ദിവസം നീണ്ടുനിന്നു. വടക്കുനിന്ന് തെക്കോട്ടുള്ള തുടർച്ചയായ പ്രയാണമായിട്ടാണ് കൺവെൻഷനുകൾ സംഘടിപ്പിക്കപ്പെട്ടത്. കൺവെൻഷനുകളിൽ മൊത്തം 3114 സ്ത്രീകൾ പങ്കെടുത്തു. ഇതിൽ 90 ശതമാനവും വനിതാജനപ്രതിനിധികൾ തന്നെയായിരുന്നു. ഇവരിൽ 80 ശതമാനം പേരും ഗ്രാമപഞ്ചായത്ത് അംഗങ്ങളായിരുന്നു. 10 ശതമാനം ബ്ലോക്കുപഞ്ചായത്തും 2 ശതമാനം ജില്ലാപഞ്ചായത്തും 12 ശതമാനം മുനിസിപ്പാലിറ്റി- കോർപ്പറേഷനിൽ നിന്നുള്ള ജനപ്രതിനിധികളുമായിരുന്നു. 22 ശതമാനം ജനപ്രതിനിധികൾ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭാരവാഹികളായിരുന്നു. ഈ ജില്ലാ കൺവെൻഷനുകൾക്ക് വനിതാപരിഗണന സംബന്ധിച്ച ഒരു പുതിയ ഉണർവ്വ് ജനകീയാസൂത്രണത്തിൽ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ആസൂത്രണസഹായി 11 നമ്പറായി ഇറക്കിയ ''വനിതാവികസന മേഖല''യെക്കുറിച്ചുള്ള കൈപ്പുസ്തകം വനിതാവികസനം സംബന്ധിച്ച ഒരു സമഗ്രരേഖതന്നെയാണ്. സംസ്ഥാന ഫാക്കൽറ്റി 6 തവണ ഇതു തയ്യാറാക്കുന്നതിന് യോഗം ചേർന്നു. സംസ്ഥാനതല പരിശീലനത്തിലെ നിർദ്ദേശങ്ങളും കൂടി പരിഗണിച്ചാണ് ഇതിനവസാന രൂപം നൽകിയത്. പൊതുവിൽ ഏഴധ്യായങ്ങളാണ് കൈപ്പുസ്തകത്തിലുള്ളത്. സ്ത്രീകളും കേരളത്തിൻെറ വികസനാനുഭവവും അഥവാ കേരളത്തിലെ സ്ത്രീപദവിയെക്കുറിച്ചുള്ള അന്വേഷണമാണ് ഒന്നാമധ്യായം. രണ്ടാമധ്യായത്തിൽ ജനകീയാസൂത്രണം സ്ത്രീ വികസനത്തിനു തുറക്കുന്ന സാധ്യതകളെ വിവരിക്കുന്നു. ഇവയെത്രമാത്രം യഥാർത്ഥ്യമായി എന്നാണ് മൂന്നാമധ്യായത്തിൽ പരിശോധിക്കുന്നത്. ഈ വിശകലനത്തിൻെറ അടിസ്ഥാനത്തിലാണ് രണ്ടാം വാർഷികപദ്ധതിയിലേക്ക് എന്ന നാലാം അധ്യായം തയ്യാറാക്കിയത്. അടുത്ത മൂന്നധ്യായങ്ങൾ രണ്ടാംവാർഷികപദ്ധതിയുടെ ഉള്ളടക്കവുമായി ബന്ധപ്പെട്ടുള്ളവയാണ്. സ്ത്രീപദവിപഠനം എങ്ങനെ നടത്താമെന്നും അതിനൊരു പ്രോജക്ട് എങ്ങനെ തയ്യാറാക്കമെന്നുമാണ് അഞ്ചാം അധ്യായത്തിൽ വിശദീകരിക്കുന്നത്. ഇതിനെത്തുടർന്നുള്ള അധ്യായങ്ങളിൽ 'പൊതുപ്രോജക്ടുകളിൽ സ്തീപരിഗണന', 'വനിതാഘടകപദ്ധതി' എന്നിവ വിശദമായി ചർച്ചചെയ്യുന്നു. കേരളവനിതാ കമ്മിഷൻ, കുടുംബശ്രീ,

വനിതാവികസന കോർപ്പറേഷൻ എന്നിവയെക്കുറിച്ചുള്ള വിവരണം അനുബന്ധമായി നൽകിയിട്ടുണ്ട്. ഇതിനുപുറമേ പത്തു മാതൃകാപ്രോജക്ടുകളും അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ജനകീയാസൂത്രണത്തിലെ വനിതാപങ്കാളിത്തം ഉയർത്തുന്നതിനുവേണ്ടി സ്വീകരിച്ച മറ്റൊരു സുപ്രധാന നടപടി അങ്കണവാടികളോട് ബന്ധപ്പെട്ടുള്ളതാണ്. കേരളത്തിൽ 14000 ൽ പരം അങ്കണവാടികളിലായി 30000 ൽ പരം സ്ത്രീകൾ അങ്കണവാടി പ്രവർത്തകരായിട്ടുണ്ട്. ഇതിലേതാണ്ട് പകുതിവരുന്ന അങ്കണവാടി അധ്യാപികമാരെ ആസൂത്രണത്തിന് ദാരിദ്രരായ സ്ത്രീകളെ സംഘടിപ്പിക്കുന്നതിനായി നിയോഗിക്കണമെന്ന് നിർദ്ദേശം നൽകി. സമൂഹത്തിലെ ഏറ്റവും നിർധനരായ സ്ത്രീകളാണല്ലോ അങ്കണവാടിയിലെ ഗുണഭോക്താക്കൾ. അങ്കണവാടി അധ്യാപികമാരെ വനിതാ ജനപ്രതിനിധികളുടെ ഒരു സഹായസംഘമായി വളർത്തിയെടുക്കാൻ കഴിയുമോ എന്നതായിരുന്നു പരിശ്രമം.

1. വനിതാവികസനത്തിനെന്നപോലെ സാമൂഹ്യക്ഷേമ മേഖലയ്ക്കും ഒരു സംസ്ഥാന കോർ ഫാക്കൽറ്റിക്കു രൂപം നൽകുകയും അവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ അങ്കണവാടി മേഖലയ്ക്ക് പ്രത്യേകം ഒരു കൈപ്പുസ്തകം തയ്യാറാക്കുകയും ചെയ്തു. ഉദ്ഗ്രഥിതമായ രീതിയിൽ അങ്കണവാടികളുടെ സൗകര്യം മെച്ചപ്പെടുത്താൻ എന്തു ചെയ്യാനാകുമെന്നതായിരുന്നു ഈ കൈപ്പുസ്തകത്തിൻെറ മുഖ്യ ഉള്ളടക്കം.

2. ഈ കൈപ്പുസ്തകത്തെ അടിസ്ഥാനമാക്കി അങ്കണവാടി പ്രവർത്തകരുടെ ജില്ലാതലകൺവെൻഷനുകൾ വിളിച്ചുചേർത്തു. പല ജില്ലകളിലും ഒന്നിലേറെ കേന്ദ്രങ്ങളിൽ വെച്ച് കൺവെൻഷൻ വിളിച്ചു ചേർക്കേണ്ടിവന്നു. സംസ്ഥാനത്തുമൊത്തം 25000 ത്തിലധികം സ്ത്രീകൾ ഈ കൺവെൻഷനിൽ പങ്കെടുത്തു. ജനകീയാസൂത്രണപ്രവർത്തനത്തിൽ അങ്കണവാടി അധ്യാപികമാർ സജീവമായി ഇടപെടേണ്ടതിൻെറ പ്രാധാന്യത്തെക്കുറിച്ചാണ് ഈ കൺവെൻഷനിൽ ഊന്നിയത്.

3. ജനകീയാസുത്രണപ്രവർത്തനങ്ങളിൽ തദ്ദേശഭരണസ്ഥാപനത്തെ സഹായിക്കുന്നതിന് പ്രോത്സാഹനമായി വേണമെങ്കിൽ നൂറുരൂപവിതം അങ്കണവാടി അധ്യാപകമാർക്ക് പ്ലാൻഫണ്ടിൽ നിന്ന് നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകി. വിദേശ

സഹായം നിർത്തിലാക്കിയതുകൊണ്ട് പ്രതിസന്ധിയിലായ പൂരക പോഷകപരിപാടി തുടർന്നു നടത്തുന്നതിനാവശ്യമായ തുക ഗ്രാൻറ് -ഇൻ-എയ്ഡിൽ നിന്ന് ഓരോ തദ്ദേശഭരണസ്ഥാപനവും വകയിരുത്തണമെന്നത് വ്യവസ്ഥ ചെയ്തു.

വനിതാപരിഗണന ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച പുതിയ സമീപനം എന്തു മാറ്റം രണ്ടാംവാർഷിക പദ്ധതിയിലുണ്ടാക്കിയിട്ടുണ്ട് എന്ന് അടുത്തതായി പരിശോധിക്കാം.

ഭാഗം 5

# ദൗർബല്യങ്ങൾ പരിഹരിച്ച് മുന്നോട്ട്

പൊതുപ്രോജക്ടുകളിൽ വനിതാപരിഗണന എത്രമാത്രം ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച് ഒരു വിലയിരുത്തൽ ഇപ്പോൾ നടത്താനാവില്ല. ഒന്നാംവർഷത്തെപ്പോലെ തന്നെ ഗുണഭോക്തൃതെരഞ്ഞെടുപ്പിൽ സ്ത്രീപരിഗണന ഒരു പ്രധാനപ്പെട്ട ഘടകമായിരുന്നു. വിധവകൾ അല്ലെങ്കിൽ വിവാഹപ്രായമെത്തിയ പെൺമക്കളുള്ള വീടുകൾ തുടങ്ങിയ ഘടകങ്ങൾക്ക് നൽകിയ അമിതപ്രാധാന്യത്തെക്കുറിച്ച് പലയിടത്തും വിമർശനങ്ങൾ തന്നെയുണ്ടായി. ഇത്തരമൊരു പൊതുപരിശോധനയിലേക്ക് ഈ സന്ദർഭത്തിൽ കടക്കുന്നില്ല. വനിതാഘടകപദ്ധതിയെ സാമാന്യം വിശദമായി വിലയിരുത്തുന്നതിനുമാത്രമാണ് ഇവിടെ ശ്രമിക്കുന്നത്.

പട്ടിക 25

**തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാൻറ്-ഇൻ-എയ്ഡും വനിതാഘടക പദ്ധതിയ്ക്കുള്ള വകയിരുത്തലും**

| തദ്ദേശഭരണ സ്ഥാപനം | ഗ്രാൻറ്-ഇൻ-എയ്ഡ്(കോടി രൂപ) | വനിതാ ഘടക പദ്ധതി (കോടി രൂപ) | ശതമാനം |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 549.54 | 63.28 | 11.52 |
| ബ്ലോക്ക് പഞ്ചായത്ത് | 135.02 | 16.04 | 11.88 |
| ജില്ലാ പഞ്ചായത്ത് | 142.67 | 14.35 | 10.06 |
| മുനിസിപ്പാലിറ്റി | 81.90 | 8.38 | 10.23 |
| കോർപ്പറേഷൻ | 40.87 | 4.61 | 11.28 |
| ആകെ | 950.00 | 106.66 | 11.23 |

ആദ്യം തന്നെ ഉത്തരം നൽകേണ്ടുന്ന കാര്യം വനിതാഘടക പദ്ധതിക്ക് 10% തുക തദ്ദേശഭരണസ്ഥാപനങ്ങൾ നീക്കിവെച്ചോ ഇല്ല യോ എന്നുള്ളതാണ്. വിവിധതട്ട് തദ്ദേശഭരണസ്ഥാപനങ്ങൾക്കു ലഭിച്ച ഗ്രാൻറ്-ഇൻ-എയ്ഡും വനിതാപദ്ധതിക്കു വകയിരുത്തിയ വിഹിതവും പട്ടിക 25ൽ നൽകിയിട്ടുണ്ട്. മൂന്നു ഗ്രാമപഞ്ചായത്തിൻെറയും മൂന്നു ബ്ലോക്കുപഞ്ചായത്തിൻെറയും ഒരു ജില്ലാപഞ്ചായത്തിൻെറയും കണക്കുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തുകളുടെ വനിതാഘടകപദ്ധതിയുടെ മതിപ്പുകണക്കുകളാണ് നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തും ബ്ലോക്കുപഞ്ചായത്തും കോർപ്പറേഷനും 11 ശതമാനത്തിലധികം തുക വനിതാഘടക പദ്ധതിയ്ക്കായി നീക്കിവെച്ചിട്ടുണ്ടെന്ന് കാണാം. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വനിതാഘടക പദ്ധതിയിലെ ആകെ പദ്ധതി ധനസഹായം 106.66 കോടി രൂപയാണ്. ഇത് മൊത്തം പദ്ധതി ധനസഹായത്തിൻെറ 11.23 ശതമാനം വരും.

**പട്ടിക 26**

**1998-99 വാർഷികപദ്ധതിയിലെ വനിതാപ്രോജക്ടുകൾ :**

**വിഭവസമാഹരണം (ശതമാനം)**

| വിഭവ സ്രോതസ്സ് | ഗ്രാമപഞ്ചായത്തുകൾ | ബ്ലോക്കു പഞ്ചായത്തുകൾ | ജില്ലാ പഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ | മൊത്തം വനിതാ പ്രോജക്ടുകൾ | മറ്റ് പ്രോജക്ടുകൾ അടക്കം മൊത്തം |
|---|---|---|---|---|---|---|---|
| ഗ്രാൻറ്-ഇൻ-എയ്ഡ് | 54.06 | 45.48 | 73.12 | 50.93 | 46.98 | 53.75 | 45.17 |
| തനതുഫണ്ട് | 1.22 | 0.00 | 0.00 | 4.09 | 5.18 | 1.33 | 8.28 |
| സംസ്ഥാനാവിഷ്കൃതം | 1.48 | 4.40 | 0.37 | 2.82 | 2.57 | 2.06 | 5.63 |
| കേന്ദ്രാവിഷ്കൃതം | 0.33 | 19.60 | 0.90 | 5.22 | 14.03 | 4.89 | 13.06 |
| സഹകരണവായ്പ | 2.55 | 1.52 | 4.29 | 1.48 | 1.09 | 2.37 | 1.05 |
| മറ്റ് ധനകാര്യസ്ഥാപനം | 4.54 | 19.57 | 1.55 | 12.44 | 15.48 | 8.14 | 7.38 |
| സന്നദ്ധസേവനം, സംഭാവന | 4.38 | 1.62 | 1.58 | 2.25 | 3.94 | 3.43 | 3.61 |
| ഗുണഭോക്തൃവിഹിതം | 29.00 | 5.66 | 11.96 | 17.40 | 12.74 | 21.53 | 12.16 |
| മറ്റുള്ളവ | 2.44 | 2.15 | 6.23 | 3.55 | 3.80 | 2.83 | 3.69 |
| മൊത്തം | 100.00 | 100.00 | 100.00 | 100.00 | 100.00 | 100.00 | 100.00 |

106 കോടി രൂപയാണ് ഗ്രാൻറ്-ഇൻ-എയ്ഡിൽ നിന്ന് വനിതാ ഘടക പദ്ധതിക്കു മാറ്റി വച്ചിരിക്കുന്ന തുകയെങ്കിലും മൊത്തം വനിതാ ഘടക പദ്ധതിയുടെ അടങ്കൽ 198.44 കോടി രൂപ വരും. ഗ്രാൻറ്-ഇൻ-എയ്ഡ് അടങ്കലിൻെറ 53.75 ശതമാനമേ വരൂ. രണ്ടാം വാർഷിക പദ്ധതിയിലെ വനിതാ ഘടക പദ്ധതിയുടെ വിഭവ സമാഹരണം സംബന്ധിച്ച കണക്കുകൾ പട്ടിക 26 ൽ നിന്നും ലഭിക്കും ആദ്യ വർഷം വനിതാ ഘടക പദ്ധതിയുടെ 32.44 ശതമാനമേ ഗ്രാൻറ്-ഇൻ-എയ്ഡ് വന്നിരുന്നുള്ളൂ. വനിതാഘടകപദ്ധതിയുടെ പ്രോജക്ടുകളിൽ നല്ലപങ്കും അയഥാർത്ഥമായ അനുമാനങ്ങളുടെ അടിസ്ഥാനത്തിൽ മറ്റ് സ്രോതസ്സുകളിൽ നിന്ന് വിഭവസമാഹരണം ഉണ്ടാകുമെന്ന് ധരിച്ചാണ് ഉണ്ടാക്കിയതെന്ന വിമർശനം നേരത്തെ സൂചിപ്പിച്ചുവല്ലോ. ഈ സമ്പ്രദായത്തിൽ നിന്നുള്ള ആരോഗ്യകരമായ ഒരു വ്യതിയാനം രണ്ടാംവർഷത്തെ പദ്ധതിയിൽ കാണാം. പ്രഥമവർഷത്തെ പദ്ധതിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഏറ്റവും ഗണ്യമായ ഇടിവുണ്ടായിട്ടുള്ളത് ഗുണഭോക്തൃവിഹിതത്തിലാണ്. ഒന്നാംപദ്ധതിയിൽ 32.69% ആയിരുന്ന ഗുണഭോക്തൃവിഹിതം ഇപ്പോൾ 21.53% ആയി കുറഞ്ഞിരിക്കുന്നു. അതുപോലെതന്നെ ഒന്നാം വർഷത്തിൽ എല്ലാ ധനകാര്യസ്ഥാപനങ്ങളിൽ നിന്നുമായി 21.69% അടങ്കൽ വായ്പയായി ലഭിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. ഇപ്പോഴത് 10.51% ആയി കുറഞ്ഞിരിക്കുന്നു. കൂടുതൽ യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള വിഭവസമാഹരണസമ്പ്രദായമാണ് രണ്ടാംവർഷത്തെ വനിതാപ്രോജക്ടുകൾക്ക് സ്വീകരിച്ചിരിക്കുന്നതെന്ന് കാണാം.

ജില്ലാപഞ്ചായത്തിൻെറ വനിതാപ്രോജക്ടുകളിൽ 73%വും ഗ്രാൻറ്- ഇൻ-എയ്ഡാണ്. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടുകളുടെ അടങ്കലിൻെറ 54 ശതമാനമേ വരൂ ഗ്രാൻറ്-ഇൻ-എയ്ഡ്. 29% ഗുണഭോക്തൃവിഹിതമായി പിരിയ്ക്കാമെന്നാണ് പ്രതീക്ഷ. വ്യക്തിഗതഗുണഭോക്തൃ പ്രോജക്ടുകൾ കീഴ്ത്തട്ട് തദ്ദേശഭരണസ്ഥാപനങ്ങൾക്കേ അനുവദനീയമായിട്ടുള്ളൂ. ഇത്തരം പ്രോജക്ടുകൾക്ക് നൽകാവുന്ന സബ്സിഡിക്ക് കർശനമായ പരിധി രണ്ടാംവർഷം നൽകിയിട്ടുണ്ട്. ആയതിനാൽ ഈ ഉയർന്ന ഗുണഭോക്തൃവിഹിതത്തിൽ തെറ്റു കാണാനാവില്ല. ബ്ലോക്കുപഞ്ചായത്തുകളുടെ വനിതാപ്രോജക്ടുകളുടെ 45%മേ ഗ്രാൻറ്-ഇൻ-എയ്ഡ് വരൂ. ഇതിനുകാരണം രണ്ടാണ്. ബ്ലോക്കുകളിൽ നടക്കുന്ന ഡി.ഡബ്ല്യൂ.സി.ആർ.എ., ഐ.ആർ.ഡി.പി.

തുടങ്ങിയ കേന്ദ്രാവിഷ്കൃതപദ്ധതികളെ വനിതാഘടകപദ്ധതിയുമായി സംയോജിപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ ബ്ലോക്കുതല പ്രോജക്ടുകൾക്ക് കൂടുതൽ ക്രഡിറ്റ് ലിങ്കേജ് ന്യായമായും അവർ പ്രതീക്ഷിക്കുന്നുണ്ട്.

ഒന്നാംവർഷത്തിൽ പൊതുപ്രോജക്ടുകളുടെ അടങ്കലിൻെറ 43.5% ഗ്രാൻറ്-ഇൻ-എയ്ഡായി നൽകിയപ്പോൾ വനിതാപ്രോജക്ടുകൾക്ക് 32.4%മേ നൽകിയിട്ടുള്ളൂ എന്നുള്ള വിമർശനത്തിന് ഇന്ന് സാധുതയില്ല. പട്ടിക 26ൽ കാണാവുന്നതുപോലെ പൊതുപ്രോജക്ടുകൾക്ക് 45.17% ഗ്രാൻറ്-ഇൻ-എയ്ഡ് വകയിരുത്തുമ്പോൾ വനിതാഘടകപദ്ധതിയുടെ അടങ്കലിൻെറ 53.75% ഗ്രാൻറ്-ഇൻ-എയ്ഡിൽ നിന്ന് വകയിരുത്തുന്നുണ്ട്. തനതുഫണ്ടിൽ നല്ല പങ്കും മറ്റ് പ്രോജക്ടുകൾക്കാണ് വകയിരുത്തിയിരിക്കുന്നത്. അതുപോലെതന്നെ കേന്ദ്ര-സംസ്ഥാനാവിഷ്കൃത സ്കീമുകളുടെ ഫണ്ടുകളും. പൊതുപ്രോജക്ടുകളിൽ 12.16% മാത്രം ഗുണഭോക്തൃവിഹിതമുള്ളപ്പോൾ വനിതാഘടകപദ്ധതിയിൽ 21.53% ഗുണഭോക്തൃവിഹിതം വകയിരുത്തിയിരിക്കുന്നത് ശരിയോ എന്ന ചോദ്യം ഉണ്ടായേക്കാം. പ്രത്യക്ഷത്തിൽ ഇതിന് ന്യായീകരണമുണ്ടാകും. പൊതുപ്രോജക്ടുകളെ അപേക്ഷിച്ച് വനിതാ ഘടകപദ്ധതിയിൽ ഉത്പാദനമേഖലയിലെ വ്യക്തിഗതഗുണഭോക്തൃ പ്രോജക്ടുകൾ താരതമ്യേന കൂടുതലായിരിക്കും. നേരത്തേ സൂചിപ്പിച്ചപോലെ ഇത്തരം പ്രോജക്ടുകളിൽ അനിവാര്യമായും ഗുണഭോക്തൃവിഹിതം കൂടിയേ തീരൂ.

ചുരുക്കത്തിൽ വനിതാഘടകപദ്ധതിയുടെ വിഭവസമാഹരണം സംബന്ധിച്ച് ഒന്നാംവർഷം ഉണ്ടായിരുന്ന ദൗർബല്യങ്ങൾ ഒരു പരിധി വരെ ഒഴിവാക്കുന്നതിന് പൊതുവേ കഴിഞ്ഞിട്ടുണ്ട്. ഇനി അടുത്തതായി വനിതാഘടകപദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകളുടെ സ്വഭാവത്തെ പൊതുവായി പരിശോധിച്ചുനോക്കാം. പട്ടിക27ൽ 1998-99 വർഷത്തെ വനിതാഘടകപദ്ധതിയുടെ മേഖലാവിഭജനം നൽകിയിട്ടുണ്ട്. വിസ്തരഭയത്താൽ ഓരോ മേഖലയുടെയും സൂക്ഷ്മഉപമേഖലകളുടെ കണക്കു നൽകാൻ ശ്രമിക്കുന്നില്ല. മാത്രവുമല്ല നഗരസഭകൾ സംബന്ധിച്ച കണക്ക് ലഭ്യമായിട്ടില്ല. രണ്ടാംഭാഗത്തു നൽകിയിരിക്കുന്ന മേഖലാവിഭജനം സംബന്ധിച്ച പട്ടികയിൽ നഗരസഭകൾ കൂടി ഉൾപ്പെടുന്നുണ്ട്. എന്നാൽ ഇത് ഇവിടെ നടത്തുന്ന നിരീക്ഷണങ്ങളെ ഗൗരവമായി ബാധിക്കുകയില്ല. കാരണം വനിതാഘടകപദ്ധതിയുടെ 15 ശതമാനത്തോളമേ നഗരമേഖലയിൽ വരൂ.

## പട്ടിക 27

## തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷികപദ്ധതിയിൽ (1998-99) വനിതാഘടകപദ്ധതിവിഹിതത്തിൻെറ ഉപമേഖലാവിഭജനം

| മേഖല | ആകെ പ്രോജക്ടുകളുടെ എണ്ണം | സംസ്ഥാനപദ്ധതി വിഹിതത്തിൻെറ ശതമാനം |
|---|---|---|
| നെൽകൃഷി | 42 | 0.83 |
| മറ്റ് വിളകൾ | 786 | 4.43 |
| മറ്റ് കാർഷികവികസനപരിപാടികൾ | 99 | 1.54 |
| മൃഗസംരക്ഷണവും ക്ഷീരവികസനവും | 1964 | 20.06 |
| മത്സ്യമേഖല | 150 | 1.21 |
| മണ്ണ്-ജലസംരക്ഷണം | 8 | 0.28 |
| ചെറുകിടവ്യവസായം | 2181 | 23.04 |
| പരമ്പരാഗതവ്യവസായം | 533 | 4.73 |
| വ്യവസായസഹകരണസംഘങ്ങളും മറ്റു വ്യവസായങ്ങളും | 354 | 6.36 |
| **ഉത്പാദനമേഖല ആകെ** | **6151** | **62.93** |
| പരിസ്ഥിതി | 1 | - |
| പ്രാഥമികവിദ്യാഭ്യാസം | 26 | 0.06 |
| ഹൈസ്കൂൾ വിദ്യാഭ്യാസം | 17 | 0.17 |
| സാങ്കേതികവിദ്യാഭ്യാസം | 15 | 0.16 |
| യുവജനക്ഷേമം | 27 | 0.04 |
| കലയും സംസ്കാരവും | 73 | 0.35 |
| പൊതുജനാരോഗ്യം | 230 | 1.59 |
| കുടിവെള്ളം | 22 | 0.30 |
| ശുചിത്വം | 108 | 0.73 |

| | | |
|---|---|---|
| പാർപ്പിടവികസനം | 352 | 8.87 |
| ചേരിവികസനം | 4 | 0.12 |
| ഭവനനിർമ്മാണസഹകരണസംഘം | 3 | 0.04 |
| അങ്കണവാടി | 1058 | 8.37 |
| പോഷകാഹാരം | 339 | 3.69 |
| തൊഴിലും തൊഴിലാളിക്ഷേമവും | 895 | 6.43 |
| സാമൂഹികക്ഷേമം | 663 | 4.68 |
| കൺസ്യൂമർ സഹകരണസംഘം | 17 | 0.24 |
| മറ്റുള്ളവ | 23 | 0.29 |
| **സേവനമേഖല ആകെ** | **3873** | **36.14** |
| വൈദ്യുതിവിതരണം | 5 | 0.01 |
| പാരമ്പര്യേതര ഊർജ്ജം | 3 | 0.01 |
| ഊർജ്ജസംരക്ഷണം | 81 | 0.27 |
| ഗതാഗതം | 3 | 0.06 |
| കെട്ടിടങ്ങൾ | 22 | 0.38 |
| **പശ്ചാത്തലമേഖല ആകെ** | **126** | **0.93** |
| **ആകെ** | **10150** | **100.00** |

1998-99 ലെ വനിതാഘടകപദ്ധതിയിൽ ഉത്പാദനമേഖലയ്ക്കാണ് ഊന്നൽ. 97-98ലെ പദ്ധതിയിൽ 59.2% ആണ് ഉത്പാദനമേഖലയ്ക്ക് നീക്കിവെച്ചതെങ്കിൽ ഇപ്പോഴത് 62.9% ആണ്. എന്നാൽ ഉത്പാദനപ്രോജക്ടുകളുടെ സ്വഭാവത്തിൽ നാടകീയമായ അന്തരം ഒന്നും രണ്ടും വർഷങ്ങൾ തമ്മിലുണ്ട്. ഒന്നാം വർഷം സഹകരണമടക്കം വ്യവസായപ്രോജക്ടുകൾക്ക് ഗ്രാൻറ്-ഇൻ-എയ്ഡിൻെറ 17.56% ആണ് വകയിരുത്തിയിരുന്നത്. എന്നാൽ 98-99ലെ കണക്കുകൾ വ്യവസായമേഖലയിലെ പ്രോജക്ടുകളിൽ നാടകീയമായ ഒരു വർധനവാണ് കാണിക്കുന്നത്. ഗ്രാമപഞ്ചായത്തിൽ 45.9% വും ബ്ലോക്കുപഞ്ചായത്ത് 45.1 ശതമാനവും ജില്ലാപഞ്ചായത്ത് 37.8 ശതമാനവും തുക വ്യവസായപ്രോജക്ടുകൾക്കുവേണ്ടി നീക്കിവെച്ചിരിക്കുന്നു എന്ന് കാണാം. 97-98 വർഷത്തിൽ

വ്യവസായപ്രോജക്ടുകളിൽ സിംഹഭാഗവും തയ്യൽ മിഷ്യൻ വിതരണത്തെ അടിസ്ഥാനമാക്കിയുള്ള ആസ്തിവിതരണം ആയിരുന്നെങ്കിൽ 98-99ൽ തയ്യൽ മിഷ്യനുകളുടെ വിതരണം ഗാർമെൻറ് ഉല്പാദനസംരംഭവുമായി ബന്ധപ്പെടുത്തിയേ കൊടുത്തിട്ടുള്ളൂ. ത്രിതലപഞ്ചായത്തുകൾ മൊത്തം 702 തയ്യൽ/ഗാർമെൻറ് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇവയിലെത്ര എണ്ണം ഫലപ്രദമായി ഭാവിയിൽ പ്രവർത്തിക്കും എന്നത് അനുഭവത്തിൻെറ അടിസ്ഥാനത്തിലേ വിലയിരുത്താനാകൂ. പക്ഷെ, ഒന്നാംവർഷത്തെ അപേക്ഷിച്ച് ഇത്തരം യൂണിറ്റുകളുടെ എണ്ണവും അടങ്കലും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. സ്ത്രീകൾ ഗണ്യമായ തോതിൽ പണിയെടുക്കുന്ന പരമ്പരാഗതവ്യവസായ സഹകരണമേഖലയ്ക്ക് വനിതാഘടകപദ്ധതിയിൽ പ്രധാനപ്പെട്ട സ്ഥാനം ലഭിച്ചിട്ടുണ്ട്. ബ്ലോക്കു-ജില്ലാ പഞ്ചായത്തുകൾ 70 സംരംഭകപരിശീലനപ്രോജക്ടുകൾ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകളുടെ സ്വയംസഹായസംഘങ്ങൾ വഴി മൈക്രോവ്യവസായയൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രവണതയും ദൃശ്യമാണ്. ഗാർമെൻറ്, ഭക്ഷ്യസംസ്കരണം എന്നീ മേഖലകളിലുള്ള അതിരുകവിഞ്ഞ ഊന്നലും വ്യവസായയൂണിറ്റുകൾക്കുള്ള മാർക്കറ്റുറപ്പാക്കുന്നതിലുള്ള അശ്രദ്ധയും ഇന്നും ദൗർബല്യങ്ങളായി തുടരുന്നുണ്ടെങ്കിലും ആശാവഹമായ ചലനങ്ങൾ രണ്ടാംവാർഷികപദ്ധതിയിൽ പ്രകടമാണ്.

രണ്ടാം വാർഷിക പദ്ധതിയിലെ ഒരു സവിശേഷത സ്വയം സഹായ സംഘങ്ങളുടെയും അയൽക്കൂട്ടങ്ങളുടെയും സജീവമായ പ്രവർത്തനം തന്നെയാണ്. സംഘടിക്കുവാനും പ്രതിസന്ധികൾ കൂട്ടായ്മയിൽ നേരിടാനുമുള്ള ഒരു പുതിയ മനോഭാവം ഇതു സ്ത്രീകളിൽ ഉണ്ടാക്കുന്നുണ്ട്. സ്വയം സഹായ സംഘങ്ങൾ നാലും അഞ്ചും മാസങ്ങൾകൊണ്ട് ശരാശരി രണ്ടും മൂന്നും ലക്ഷം വരെ നിക്ഷേപം ഉണ്ടാക്കിയിട്ടുള്ള അനുഭവം ഇന്ന് ഒട്ടേറെ പഞ്ചായത്തുകളിലുണ്ട്. ഇതിൻെറ ഫലമായി മൂന്നാം വാർഷിക പദ്ധതിയിലെ വനിതാപ്രോജക്ടുകളുടെ സംഘാടനവും പ്രവർത്തനങ്ങളും കൂടുതൽ മെച്ചപ്പെടുമെന്നുതന്നെയാണു പ്രതീക്ഷ.

97-98ൽ ഏറ്റവും കൂടുതൽ തുക (28.3%) മൃഗസംരക്ഷണപ്രോജക്ടുകൾക്കായിരുന്നു. എന്നാൽ ഈ മേഖലയിൽ പ്രോജക്ടുകളിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ വനിതാഘടകപദ്ധതിയുടെ 27.3% ഇന്നും ഈ മേഖലയുമായി ബന്ധപ്പെട്ടതാണ്.

എന്നാൽ ബ്ലോക്ക്-ജില്ലാപഞ്ചായത്തുപദ്ധതിയുടെ യഥാക്രമം 3.4 ഉം, 5.4%ഉം മാത്രമേ ഈ മേഖലയിൽ വരുന്നുള്ളൂ. പൊതുകാർഷിക പ്രോജക്ടുകളുടെ എണ്ണത്തിലും കുറവുണ്ടായിട്ടുണ്ട്. കാർഷിക മേഖലയിലെ ഇതുപോലുള്ള പ്രോജക്ടുകൾ വനിതാഘടകപദ്ധതിയിലുൾപ്പെടുത്താനാകുംവിധം അതിൻെറ സംഘാടനത്തിലും വരുമാനനിയന്ത്രണത്തിലും സ്ത്രീയുടെ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ടോ എന്നതിനെക്കുറിച്ച് ഒരു വിലയിരുത്തൽ ഇപ്പോൾ നടത്താനാകില്ല.

സേവനമേഖലയിൽ വനിതാഘടകപദ്ധതിയിലെ ഏറ്റവും പ്രധാനപ്പെട്ട ഉപമേഖല അങ്കണവാടികളാണ്. ജില്ലാപഞ്ചായത്തിൻെറ വനിതാഘടകപദ്ധതിയുടെ 24.1%വും ബ്ലോക്കുപഞ്ചായത്തുകളുടെ 7.2%വും ഗ്രാമപഞ്ചായത്തുകളുടെ 5.4%വും പദ്ധതിസഹായം അങ്കണവാടികളുടെ കെട്ടിടനിർമ്മാണത്തിനായാണ് വകയിരുത്തിയിരിക്കുന്നത്. വാർഡിലെ മഹിളാകേന്ദ്രം എന്ന നിലയിൽ അങ്കണവാടികെട്ടിടങ്ങൾ ഉണ്ടാക്കുന്നത് വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് അനുവദനീയമാണെങ്കിലും ഗ്രാമപഞ്ചായത്തുകൾ പലതും അങ്കണവാടിയുമായി ബന്ധപ്പെട്ട പോഷകാഹാരപരിപാടിക്കും മറ്റുമുള്ള തുകയും വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയതായി കാണാം. ഇവകൂടി ഉൾപ്പെടുമ്പോൾ ഗ്രാമപഞ്ചായത്തുകളുടെ വനിതാഘടകപദ്ധതിയുടെ 10.68% അങ്കണവാടികൾക്കായി തീരുന്നു. ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.

പാർപ്പിടത്തിന് മുൻവർഷത്തെ അപേക്ഷിച്ച് വനിതാഘടകപദ്ധതിയിൽ പ്രാധാന്യം ഉയർന്നിട്ടുണ്ട്. സ്ത്രീകൾ കുടുംബനായികയായിട്ടുള്ള വീടുകൾ മാത്രമേ വനിതാഘടകപദ്ധതിയിലുൾപ്പെടുത്താനാവൂ എന്ന് പ്രത്യേകം നിഷ്കർഷിച്ചിരുന്നെങ്കിലും ഗ്രാമപഞ്ചായത്ത് വനിതാഘടകപദ്ധതിയുടെ 10%ത്തോളം പാർപ്പിടവുമായി ബന്ധപ്പെട്ടുള്ള പ്രോജക്ടുകൾക്കാണ്. ബ്ലോക്കുപഞ്ചായത്തുകളിലിത് 11.6% വരും. പെൺപള്ളിക്കൂടത്തിന് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് പലരും വനിതാപ്രോജക്ടുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സേവനമേഖലയിലെ പല പ്രോജക്ടുകളും പ്രത്യേകിച്ച് ശുചിത്വം, കുടിവെള്ളം തുടങ്ങിയ മേഖലകളിലെ പ്രോജക്ടുകൾ വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തുന്ന തെറ്റായ പ്രവണത ഇപ്പോഴും തുടരുന്നുണ്ട്. ഇതുപോലെതന്നെ അപൂർവമായിട്ടാണെങ്കിൽ പോലും വൈദ്യുതീകരണം, റോഡ്

തുടങ്ങിയ പശ്ചാത്തലസൗകര്യം നിർമ്മിക്കൽ തുടങ്ങിയവ വനിതാഘടകപദ്ധതിയിൽ പ്രത്യക്ഷപ്പെടുന്നുണ്ട്.

രണ്ടാംവാർഷികപദ്ധതിയെക്കുറിച്ച് നാമിതുവരെ നടത്തിയ പരിശോധന ചിലകാര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. വനിതാഘടകപദ്ധതിയുടെ വലുപ്പത്തിലും വിഭവസമാഹരണത്തിലും പ്രോജക്ടുകളുടെ സ്വഭാവത്തിലും വളരെ ഗണ്യമായ പുരോഗതി ഒന്നാംവർഷത്തെ അപേക്ഷിച്ച് രണ്ടാംവർഷം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് കേരളത്തിലെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം ശുഭോദർക്കമാണ്. ബോധപൂർവ്വം ആസൂത്രണപ്രക്രിയയിൽ ഇടപെട്ടാൽ അനുകൂലമായ മാറ്റങ്ങൾ സൃഷ്ടിക്കാനാവുമെന്ന് അനുഭവം തെളിയിച്ചിരിക്കുന്നു. ഇനിയും തിരുത്തപ്പെടേണ്ട ഒട്ടേറെ ബലഹീനതകളും പോരായ്മകളുമുണ്ട്; ആസൂത്രണത്തിൽ മാത്രമല്ല, നിർവഹണത്തിലും. രണ്ടാംവാർഷികപദ്ധതിയുടെ 75 ശതമാനം പണം 1999 മാർച്ച് 31ന് മുമ്പ് ചിലവഴിക്കണ്മെന്നായിരുന്നു നിബന്ധന. എന്നാൽ കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങൾ മൊത്തത്തിലെടുത്താൽ ഏതാണ്ട് 65% പണമേ ചിലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഇപകാരം നടപ്പാക്കാതെ മാറ്റിവെച്ചിരിക്കുന്ന പ്രോജക്ടുകളേതെന്ന് ധൃതഗതിയിൽ ഒരു സർവെ നടത്തിയപ്പോൾ തെളിഞ്ഞത് വനിതാഘടകപദ്ധതിയിൽ ഒരു ഭാഗം ഇനിയും നടപ്പാക്കാനിരിക്കുന്നു എന്നതാണ്. വനിതാപ്രോജക്ടുകളുടെ നിർവഹണം മോണിറ്റർ ചെയ്യുന്നതിനും അവ നടപ്പാക്കും എന്നുറപ്പുവരുത്തുന്നതിനും ആവശ്യമായ സമ്മർദ്ദഗ്രൂപ്പുകൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ആസൂത്രണത്തിൽ കൈവരിയ്ക്കാൻ കഴിഞ്ഞ പുരോഗതി വനിതാഘടകപദ്ധതിയുടെ നിർവഹണത്തിലും എങ്ങനെ കൈവരിയ്ക്കാമെന്നതാണ് മൂന്നാംവർഷപദ്ധതിക്കാലത്തെ പ്രധാന വെല്ലുവിളി.

വനിതാജനപ്രതിനിധികളിലൂന്നിക്കൊണ്ടുള്ള സമീപനം തുടരുന്നതിനോടൊപ്പം തന്നെ കേരളത്തെ മഹിളാസംഘടനകളെ വനിതാഘടകപദ്ധതി തയ്യാറാക്കുന്നതിലും അതിൻെറ ഫലപ്രദമായ നിർവഹണം ഉറപ്പാക്കുന്നതിലും പങ്കാളികളാക്കുന്നതിൽ കൂടുതൽ ശ്രദ്ധ പതിയേണ്ടതുണ്ട്. ഇന്നത്തെ വനിതാ ജനപ്രതിനിധികളിൽ ഭൂരിപക്ഷം പേരും ഏതെങ്കിലുമൊരു മഹിളാ സംഘടനയിൽ അംഗമായിരിക്കുമെന്നത് തീർച്ചയാണ്. ഇവരിൽ ചിലർക്കും അടുത്ത തെരഞ്ഞെടുപ്പിൽ ഒരുപക്ഷേ അധികാരമൊഴിയേണ്ടിവന്നേക്കാം. എന്നാൽ അവരാരും പൊ

~~10317~~ 15725

തുരംഗത്ത് അദൃശ്യരാകില്ലെന്നും സ്ത്രീകളുടെ വികസനത്തിനും അവകാശസമരങ്ങാക്കും നേതൃത്വം കൊടുക്കാൻ പ്രാപ്തരായ പ്രാദേശികനേതാക്കളായി അവർ മാറുമെന്നും മഹിളാസംഘടനകൾ ഉറപ്പുവരുത്തണം. അതിനാവശ്യമായ പരിശീലന പരിപാടികളും മുൻകൈയുകളും ആവിഷ്കരിക്കേണ്ടതുണ്ട്. വികസനപ്രവർത്തനങ്ങളുടെ ഭാഗമായി ഉണ്ടായിരിക്കുന്ന സ്ത്രീകളുടെ കൂട്ടായ്മകൾക്ക് ഫലപ്രദമായി പ്രവർത്തിക്കുന്നതിനാവശ്യമായ പിന്തുണയും നേതൃത്വവും നൽകിക്കൊണ്ട് ഇന്ന് സൃഷ്ടിക്കപ്പെട്ടിരിക്കുന്ന സാധ്യതകൾ പൂർണ്ണമായി സ്ത്രീകൾക്ക് പ്രയോജനപ്പെടുത്തുന്ന പ്രവർത്തനങ്ങൾ അനിവാര്യമാണ്. ജനകീയാസൂത്രണം സ്ത്രീ ശാക്തീകരണത്തിന് പുതിയൊരു പ്രവർത്തനമേഖല തുറന്നിരിക്കുകയാണ്. വനിതാ ഘടക പദ്ധതികളുടെ ദൈനംദിന പ്രവർത്തന അജണ്ടയിൽ ഉൾപ്പെടുത്താൻ മഹിളാസംഘടനകൾ തയ്യാറാകണം.

●

PC Library & Research Center

Printed at Kerala State Audio-Visual and Reprographic Centre
Thiruvananthapuram, Phone: 476550, 474720

ഇ.എം.എസ്. അനുസ്മരണ സെമിനാർ

പെരുന്തൽമണ്ണ

ജൂൺ 12-13

# വികേന്ദ്രീകൃത ആസൂത്രണവും സ്ത്രീകളും- ജനകീയാസൂത്രണത്തെ മുൻനിർത്തി ഒരു പഠനം

Library & Research Center

305.40954
83

ടി.എം. തോമസ് ഐസക്

ടി.എൻ. സീമ

സി.എസ്. സുജാത

Indic Digital Archive Foundation

gpura.org